**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## മുപ്പത്തെട്ടാമത് റിപ്പോർട്ട്

(2019 ജൂലൈ മാസം 2-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 3.2, 4.6, 4.9, 4.10 എന്നീ ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശുപാർശകളും | .. | 46 |
| അനുബന്ധം II : | | |
| ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച ,മറുപടി | .. | 53 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2019-2021)

## ഘടന

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ :</u>

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. അടൂർ പ്രകാശ് *

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

---

* 29-5-2019-ൽ നിയമസഭാംഗത്വം രാജിവച്ചു

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021) യുടെ 38-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 3.2, 4.6, 4.9, 4.10 എന്നീ ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2019 ജൂൺ മാസം 25-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി*

തിരുവനന്തപുരം,
2019 ജൂലൈ 2.

# റിപ്പോർട്ട്

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 **(തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി നിർണ്ണയവും പിരിവും), 4.6 (വെള്ളക്കരത്തിന്മേൽ ഒഴിവാക്കാമായിരുന്ന സർചാർജ്ജും പിഴപ്പലിശയും), 4.9 (സ്വകാര്യ വാട്ടർ കണക്ഷൻ നൽകിയതിലുള്ള ഒഴിവാക്കാമായിരുന്ന ചെലവ്), 4.10 (തടയണ നിർമ്മിച്ചതിലുള്ള നിഷ്ഫലമായ ചെലവ്)** എന്നീ ഓഡിറ്റ് പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

### 3.2.1 ആമുഖം

ഗ്രാമപഞ്ചായത്തുകളിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ഉം 205-ഉം വകുപ്പുകൾ, അവയുടെ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ എന്നിവ പ്രകാരവും നഗര സ്വയംഭരണസ്ഥാപനങ്ങളിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 245 മുതൽ 259 വരെ വകുപ്പുകൾ, അവയുടെ കീഴിലെ ചട്ടങ്ങൾ എന്നിവ പ്രകാരവുമാണ് തൊഴിൽ നികുതി നിർണ്ണയവും, ചുമത്തലും, പിരിവും നടത്തുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രദേശത്ത് സാധാരണയായി ആറ് മാസത്തിൽ കുറയാതെ ബിസിനസ്സ് നടത്തുന്നതോ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരോ, ആയ ഏതൊരു കമ്പനി/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ അവരുടെ ആദായം/അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്താവുന്നതാണ്. ശാരീരിക വൈകല്യമുള്ളവർ, കാഴ്ചയില്ലാത്തവർ, ബീഡിത്തൊഴിലാളികൾ, കശുവണ്ടിത്തൊഴിലാളികൾ, ഓട്, ഇഷ്ടിക, മൺകല നിർമ്മാണ തൊഴിലാളികൾ എന്നിവരേയും, പ്രത്യേക സാമ്പത്തിക മേഖലയിലെ സ്ഥാപനങ്ങളേയും തൊഴിൽ നികുതി നൽകുന്നതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും കണക്കുകൾ സമാഹരിക്കാത്തതുകൊണ്ട് തൊഴിൽ നികുതി ചുമത്തലിന്റേയും പിരിവിന്റേയും സംസ്ഥാനതലചിത്രം ലഭ്യമല്ല.

### 3.2.2 സംഘടനാ രൂപം

സംസ്ഥാനത്തെ നഗരസഭകളേയും (5) മുനിസിപ്പാലിറ്റികളേയും (53) ഗ്രാമ പഞ്ചായത്തുകളേയും (999) തങ്ങളുടെ അധികാരാതിർത്തിയിലുള്ള പ്രദേശങ്ങളിലെ നികുതിദായകരിൽനിന്ന് തൊഴിൽനികുതി ചുമത്തുന്നതിനും പിരിക്കുന്നതിനും

അധികാരപ്പെടുത്തിയിരിക്കുന്നു. ജീവനക്കാരുടെ തൊഴിൽനികുതി നിർണ്ണയിക്കുന്നതിനും ചുമത്തുന്നതിനും പിരിയ്ക്കുന്നതിനും ഉള്ള ഉത്തരവാദിത്തം തൊഴിലുടമ അല്ലെങ്കിൽ ഓഫീസ് മേധാവിയ്ക്കും, മറ്റുള്ളവരുടേത് ഗ്രാമപഞ്ചായത്തുകളുടെ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കും, നഗര സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയ്ക്കും ആണ്. പക്ഷെ പരിശോധിച്ച ഒരു ഗ്രാമപഞ്ചായത്തിലും സ്റ്റാന്റിംഗ് കമ്മിറ്റി ഈ അധികാരം വിനിയോഗിച്ചിട്ടില്ല. പകരം സെക്രട്ടറിയാണ് നികുതി നിർണ്ണയിച്ചത്. നികുതി നിർണ്ണയിക്കുന്നതിനുള്ള അധികാരം സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്ന് സെക്രട്ടറിക്ക് കൈമാറിക്കൊണ്ട് 2006 ഏപ്രിലിൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുകയുണ്ടായി. നികുതി നിർണ്ണയം, പിരിവ്, കണക്കിൽ കൊള്ളിക്കുന്നത്, കുടിശ്ശിക പിരിവ് എന്നീ വിവിധ ഘട്ടങ്ങളുടെ ചിത്രരൂപത്തിലുള്ള ഒരു വിവരണം താഴെ കൊടുക്കുന്നു:

ഓരോ കെട്ടിടത്തിന്റെയും ഭൂമിയുടെയും ഉടമസ്ഥന് അല്ലെങ്കിൽ താമസക്കാരന് നോട്ടീസ് നൽകിക്കൊണ്ട് നികുതിദായകരുടെ വിവരങ്ങൾ ത.സ്വ.ഭ. സ്ഥാപനങ്ങൾ* ശേഖരിക്കുന്നു.

| | |
|---|---|
| ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശമ്പളത്തിലോ വേതനത്തിലോ വ്യക്തികളെ ജോലിക്കുനിയമിച്ച ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും ഒരു രജിസ്റ്റർ സൂക്ഷിക്കുന്നു | ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തികളുടെയും കമ്പനികളുടെയും പട്ടിക സൂക്ഷിക്കുന്നു |
| ഓഫീസ് മേധാവിയോ അല്ലെങ്കിൽ തൊഴിലുടമയോ ജീവനക്കാരെ നികുതി ചുമത്തുന്നു | കമ്പനികളേയും ജീവനക്കാരല്ലാത്ത വ്യക്തികളേയും ത.സ്വ.ഭ. സ്ഥാപനം നികുതി ചുമത്തുന്നു |
| | തങ്ങളുടെ അർദ്ധവാർഷിക വരുമാനം കാണിക്കുന്ന റിട്ടേൺ സമർപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നികുതിദായകർക്ക് ത.സ്വ.ഭ. സ്ഥാപനങ്ങൾ നോട്ടീസ് നൽകുന്നു (സമയം നിഷ്കർഷിച്ചിട്ടില്ല.) |

*ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ഒഴികെയുള്ള ത.സ്വ.ഭ. സ്ഥാപനങ്ങൾ

↓

ജീവനക്കാരെ നികുതി ചുമത്താനും ത.സ്വ.ഭ. സ്ഥാപനത്തിനുചെല്ലേണ്ട നികുതി അടയ്ക്കാനും തൊഴിലുടമകൾക്ക് ത.സ്വ.ഭ. സ്ഥാപനങ്ങൾ നോട്ടീസ് നൽകുന്നു (മേയ് മാസവും നവംബർ മാസവും)

↓

തൊഴിലുടമകൾ നികുതി ചുമത്തുകയും വസൂലാക്കുകയും ചെയ്യുന്നു (ആഗസ്റ്റിലും ഫെബ്രുവരിയിലും)

↓

തൊഴിലുടമകൾ ത.സ്വ.ഭ. സ്ഥാപനങ്ങളിൽ നികുതി അടയ്ക്കുന്നു (സെപ്റ്റംബർ 30-നും മാർച്ച് 31-നും മുമ്പായി)

↓

ത.സ്വ.ഭ. സ്ഥാപനങ്ങൾ നികുതി ചുമത്തുകയും ഡിമാന്റ് നോട്ടീസ് നൽകുകയും അസസ്മെന്റ് ബുക്കിലും ഡിമാന്റ് രജിസ്റ്ററിലും ചുമത്തിയ നികുതിയുടെ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നു (സമയം നിഷ്കർഷിച്ചിട്ടില്ല)

↓

നികുതിദായകർ നേരിട്ട് ത.സ്വ.ഭ. സ്ഥാപനങ്ങളിൽ നികുതി അടയ്ക്കുന്നു (സെപ്റ്റംബർ 30-നും മാർച്ച 31-നും മുമ്പായി)

↓

ത.സ്വ.ഭ. സ്ഥാപനങ്ങൾ ഉടനെ രശീതി നൽകുകയും അവരുടെ കണക്കിൽ നികുതി വരവ് വയ്ക്കുകയും ചെയ്യുന്നു

↓

വർഷാവസാനം കുടിശ്ശിക, നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ത.സ്വ.ഭ. സ്ഥാപനങ്ങൾ രേഖപ്പെടുത്തുന്നു

⇩

| |
|---|
| കടിശ്ശിക നികതി, പ്രതിമാസം രണ്ട് ശതമാനം നിരക്കിൽ പലിശ സഹിതം ഈടാക്കവാൻ മൂന്ന് വർഷത്തിനുള്ളിൽ ത.സ്വ.ഭ. സ്ഥാപനങ്ങൾ നടപടി കൈക്കൊള്ളുന്നു |

⇩

| |
|---|
| മൂന്ന് വർഷത്തിനുശേഷം കടിശ്ശിക കാലഹരണപ്പെടുകയും ഈടാക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു |

തൊഴിൽ നികതി ചുമത്തുന്നതിനും പിരിക്കുന്നതിനുമുള്ള സംവിധാനത്തെ സംബന്ധിച്ച് ഓഡിറ്റ് അവലോകനം നടത്തിയത് താഴെ പ്രതിപാദിച്ചിരിക്കുന്നു:

### 3.2.3 ഓഡിറ്റ് ലക്ഷ്യങ്ങൾ

ഈ പ്രത്യവലോകനത്തിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയായിരുന്നു:

- തൊഴിൽനികതി നിർണ്ണയത്തിനും ചുമത്തലിനും, പിരിവിനും അതിന്റെ കണക്ക് സൂക്ഷിക്കുന്നതിനും കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും നിലവിലുള്ള സംവിധാനത്തിന്റെ കാര്യക്ഷമത വിലയിരുത്തുക.
- നികതി ചുമത്തലിനും പിരിവിനും വരുമാനത്തിന്റെ കണക്ക് സൂക്ഷിക്കുന്നതിനുമുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും, വരുമാനമൊന്നും ഈടാക്കാതെ അവശേഷിച്ചിട്ടില്ല എന്ന ന്യായമായ ഉറപ്പ് നൽകുന്നുണ്ടോ എന്ന് തിട്ടപ്പെടുത്തുക.
- ശരിയാംവണ്ണമുള്ള നികതി നിർണ്ണയത്തിനും പിരിവിനും കണക്കുകൾ സൂക്ഷിക്കുന്നതിനും മനുഷ്യശേഷിയുടെ ആവശ്യകത വിലയിരുത്തുകയും അതനുസരിച്ച് നടപടിയെടുക്കുകയും ചെയ്തിട്ടുണ്ടോയെന്ന് തിട്ടപ്പെടുത്തുക.
- തൊഴിൽനികതി നിർണ്ണയം, ചുമത്തൽ, പിരിവ്, കണക്ക് സൂക്ഷിക്കൽ എന്നിവയിലെ നഷ്ട സാദ്ധ്യതകൾ ലഘൂകരിക്കുന്നതിന് ത.സ്വ.ഭ. സ്ഥാപനങ്ങളിൽ നിലവിലുള്ള ആന്തരിക നിയന്ത്രണ തുടർനിരീക്ഷണ സംവിധാനം പര്യാപ്തമായിരുന്നോ എന്ന് പരിശോധിക്കുക.

### 3.2.4 ഓഡിറ്റ് മാനദണ്ഡങ്ങൾ

ത.സ്വ.ഭ.വ. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി നിർണ്ണയവും പിരിവും ഫലപ്രദമായിരുന്നോ എന്ന് വിലയിരുത്താൻ ഉപയോഗിച്ച ഓഡിറ്റ് മാനദണ്ഡങ്ങൾ താഴെ പറയുന്നവയായിരുന്നു:

- തൊഴിൽനികുതിയുമായി ബന്ധപ്പെട്ട 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെയും വ്യവസ്ഥകൾ.
- തൊഴിൽനികുതിയുമായി ബന്ധപ്പെട്ട 1996-ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും വസൂലാക്കലും അപ്പീലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ.
- 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങൾ.
- 1965-ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ.
- തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും.

### 3.2.5 ഓഡിറ്റ് രീതിയും വ്യാപ്തിയും

തൃശ്ശൂർ ജില്ലയിലെ ഒരു കോർപ്പറേഷൻ[1], ഒരു മുനിസിപ്പാലിറ്റി[2], 19 ഗ്രാമപഞ്ചായത്തുകൾ[3] എന്നിവയിലെ രേഖകളുമായി ബന്ധപ്പെടുത്തി തൊഴിൽനികുതി നിർണ്ണയവും പിരിവും സംബന്ധിച്ച ഒരു പ്രത്യവലോകനം 2006 മേയ് മുതൽ ആഗസ്റ്റ് വരെ നടത്തുകയുണ്ടായി. ബന്ധപ്പെട്ട ത.സ്വ.ഭ. സ്ഥാപനങ്ങളിലെ ഡിമാന്റ് നോട്ടീസുകൾ, പിരിവ് രജിസ്റ്ററുകൾ, രശീതി ബുക്കുകളുടെ കോപ്പികൾ, ഡി.സി.ബി. പത്രികകൾ മുതലായ നികുതി നിർണ്ണയ രേഖകളിൽ നിന്നാണ് തെളിവുകൾ ശേഖരിച്ചത്.

### 3.2.6 ഓഡിറ്റ് കണ്ടെത്തലുകൾ

പ്രധാനപ്പെട്ട ഓഡിറ്റ് കണ്ടെത്തലുകൾ ഇനി പറയുന്ന വിഭാഗങ്ങളിലായി പ്രതിപാദിച്ചിരിക്കുന്നു.

- നികുതി വരുമാനം
- നികുതി നിർണ്ണയം

---

1 തൃശ്ശൂർ

2 കൊടുങ്ങല്ലൂർ

3 അടാട്ട്, അന്നമനട, ചേർപ്പ്, ചൂണ്ടൽ, കാട്ടകറ്റി, കൈപ്പറമ്പ്, കൊടകര, കോലഴി, കൊരട്ടി, മാള, മതിലകം, മേത്തല, മുളങ്കുന്നത്തുകാവ്, മുല്ലശ്ശേരി, നെന്മണിക്കര, പറപ്പൂക്കര, പുതുക്കാട്, വള്ളത്തോൾനഗർ, വടക്കാഞ്ചേരി

- പിരിവ്
- കണക്കസൂക്ഷിക്കൽ
- നിയമങ്ങളിലേയും ചട്ടങ്ങളിലേയും പഴുതുകൾ
- ആന്തരിക നിയന്ത്രണവും തുടർ നിരീക്ഷണവും
- ഉദ്യോഗസ്ഥരുടെ ആവശ്യകത

### 3.2.7 നികുതി വരുമാനം

പരിശോധിച്ച രണ്ട് നഗര സ്വയംഭരണ സ്ഥാപനങ്ങളുടേയും 19 ഗ്രാമപഞ്ചായത്തുകളുടേയും 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിലെ നികുതി പിരിവിന്റെ പ്രവണത താഴെ പട്ടികയിൽ വിവരിക്കും പ്രകാരമായിരുന്നു

(രൂപ കോടിയിൽ)

| | തൊഴിൽ നികുതി | | | മറ്റ് നികുതികൾ | | | ആകെ നികുതികൾ | | |
|---|---|---|---|---|---|---|---|---|---|
| വർഷം | നഗര സ്വയം ഭരണ സ്ഥാപ നങ്ങൾ | ഗ്രാമപ ഞ്ചായ ത്തുകൾ | ആകെ | നഗര സ്വയം ഭരണ സ്ഥാ പന ങ്ങൾ | ഗ്രാമ പഞ്ചാ യത്തു കൾ | ആകെ | നഗരസ്വ യംഭരണ സ്ഥാപന ങ്ങൾ | ഗ്രാമപ ഞ്ചായ ത്തുകൾ | ആകെ |
| 2001-02 | 1.70 | 1.18 | 2.88 | 5.81 | 1.45 | 7.26 | 7.51 | 2.63 | 10.14 |
| 2002-03 | 1.90 | 1.36 | 3.26 | 6.54 | 1.65 | 8.19 | 8.44 | 3.01 | 11.45 |
| 2003-04 | 2.02 | 1.42 | 3.44 | 7.76 | 1.99 | 9.75 | 9.78 | 3.41 | 13.19 |
| 2004-05 | 2.30 | 1.38 | 3.68 | 7.24 | 1.90 | 9.14 | 9.54 | 3.28 | 12.82 |
| 2005-06 | 2.83 | 1.51 | 4.34 | 6.84 | 2.10 | 8.94 | 9.67 | 3.61 | 13.28 |
| ആകെ | 10.75 | 6.85 | 17.60 | 34.19 | 9.09 | 43.28 | 44.94 | 15.94 | 60.88 |
| ഒരു ത.സ്വ.ഭ. സ്ഥാപനത്തിന്റെ വാർഷിക ശരാശരി | 1.08 | 0.07 | 0.17 | 3.42 | 0.09 | 0.41 | 4.50 | 0.17 | 0.58 |

2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി പിരിവ് 1.70 കോടി രൂപയിൽ നിന്ന് 2.83 കോടി രൂപയായും ഗ്രാമപഞ്ചായത്തുകളിൽ 1.18 കോടി രൂപയിൽ നിന്ന് 1.51 കോടി രൂപയായും വർദ്ധിച്ചു. ആകെ നികുതി വരുമാനമായ 60.88 കോടി രൂപയിൽ, തൊഴിൽ നികുതിയായി ലഭിച്ചത് 17.60 കോടി രൂപയായിരുന്നു. ഇത് മൊത്തം നികുതി വരുമാനത്തിന്റെ 28.91 ശതമാനമാണ്. ഗ്രാമപഞ്ചായത്തുകളിലും നഗര സ്വയംഭരണ സ്ഥാപനങ്ങളിലും മൊത്തം നികുതി വരുമാനത്തിന്റെ യഥാക്രമം 42.97-ഉം 23.92-ഉം ശതമാനമായിരുന്നു തൊഴിൽനികുതി. എന്നാൽ ഒരു നഗര സ്വയംഭരണ സ്ഥാപനത്തിന്റെ ഒരു വർഷത്തെ ശരാശരി തൊഴിൽ നികുതി വരുമാനമായ 1.08 കോടി രൂപ ഒരു ഗ്രാമപഞ്ചായത്തിന്റേതിന്റെ 15 ഇരട്ടിയിൽ അധികം ആയിരുന്നു.

### 3.2.8 നികുതി നിർണ്ണയം

പഞ്ചായത്ത് രാജ് നിയമവും മുനിസിപ്പാലിറ്റി നിയമവും നികുതി നിർണ്ണയിക്കുന്നതിനുവേണ്ടി നികുതിദായകരെ രണ്ട് വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു.

i. ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന വ്യക്തികൾ

ii. ജീവനക്കാരല്ലാത്ത വ്യക്തികളും കമ്പനികൾ അല്ലെങ്കിൽ സ്ഥാപനങ്ങളും

### 3.2.9 ജീവനക്കാരെ നികുതി ചുമത്തുന്നത്

#### 3.2.9.1 ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങളടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിക്കാത്തത്

പരിശോധിച്ച 21 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രണ്ട് നഗര സ്വയംഭരണ സ്ഥാപനങ്ങളും[1] ആറ് ഗ്രാമപഞ്ചായത്തുകളും[2] ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുവാൻ ബാദ്ധ്യസ്ഥമായ തങ്ങളുടെ അധികാരാതിർത്തിക്കകത്തെ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരം അടങ്ങുന്ന രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല. ഈ രജിസ്റ്ററിന്റെ അഭാവത്തിൽ, പ്രസ്തുത ഓഫീസുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയെന്ന് ഉറപ്പാക്കാൻ കഴിഞ്ഞില്ല.

---

1 കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയും തൃശ്ശൂർ കോർപ്പറേഷനും

2 കൊടകര, മാള, മതിലകം, മേത്തല, നെൻമണിക്കര, പറപ്പൂക്കര.

**3.2.9.2 നഗര സ്വയംഭരണ സ്ഥാപനങ്ങൾ നോട്ടീസ് നൽകാത്തതുകൊണ്ട് സ്ഥാപനങ്ങളിലെ ജീവനക്കാരെ നികുതി ചുമത്താത്തത്**

പരിശോധിച്ച നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ 26 മുതൽ 43 വരെ സ്ഥാപനങ്ങളിലെ തൊഴിലുടമകൾ അല്ലെങ്കിൽ ഓഫീസ് മേധാവികൾ 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ അവരുടെ ജീവനക്കാരെ നികുതി ചുമത്തിയില്ല. വിശദവിവരങ്ങൾ താഴെ പട്ടികയിൽ:

| ക്രമ നമ്പർ | നഗര സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | തങ്ങളുടെ ജീവനക്കാരെ നികുതി ചുമത്താത്ത സ്ഥാപനങ്ങളുടെ എണ്ണം | | | | |
|---|---|---|---|---|---|---|
| | | 2001-02 | 2002-03 | 2003-04 | 2004-05 | 2005-06 |
| 1 | തൃശ്ശൂർ കോർപ്പറേഷൻ | 36 | 30 | 20 | 33 | 37 |
| 2 | കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | -- | -- | 6 | 6 | 6 |
| | **ആകെ** | **36** | **30** | **26** | **39** | **43** |

രണ്ട് നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ 26 മുതൽ 43 വരെ സ്ഥാപനങ്ങൾ 2001-2006-ൽ തങ്ങളുടെ ജീവനക്കാരെ നികുതി ചുമത്തിയില്ല.

ശമ്പളം അല്ലെങ്കിൽ വരുമാനത്തിന്റെ വിവരങ്ങളടങ്ങിയ പത്രിക സഹിതം ജീവനക്കാരുടെ പേരുവിവരം സമർപ്പിക്കണമെന്നും നികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരെയും നികുതി ചുമത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമകൾക്ക് ഈ നഗര സ്വയംഭരണ സ്ഥാപനങ്ങൾ നോട്ടീസ് നൽകിയില്ല. തത്ഫലമായി ഈ സ്ഥാപനങ്ങളുടെമേൽ നികുതി ചുമത്തിയെങ്കിലും അവയിലെ ജീവനക്കാർ നികുതി ചുമത്തലിൽ നിന്ന് രക്ഷപ്പെട്ടു. നോട്ടീസ് സമയത്തിന് നൽകുന്നതിലുള്ള വീഴ്ചമൂലം മേൽ നിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരം 2002-03-ന് മുമ്പുള്ള തൊഴിൽ നികുതി ചുമത്താതിരിക്കുന്നതിലും, അത് കാലഹരണപ്പെടുന്നതിലും, അതിനാൽ ഈടാക്കാതിരിക്കുന്നതിലും കലാശിച്ചു.

### 3.2.9.3 നോട്ടീസ് നൽകിയിട്ടും ഓഫീസ് മേധാവികൾ/ തൊഴിലുടമകൾ തൊഴിൽ നികുതി ചുമത്താത്തത്

അഞ്ച് മുതൽ 439 വരെ തൊഴിലുടമകൾ 2001-2002 മുതൽ 2005-2006 വരെ നികുതി നിർണ്ണയിക്കുകയും ഈടാക്കുകയും ചെയ്തിട്ടില്ല.

ഏതൊരു ഓഫീസ് മേധാവിയും തൊഴിലുടമയും തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ തന്റെ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരെയും നികുതി ചുമത്തണമെന്നും അവരിൽ നിന്ന് നികുതി ഈടാക്കണമെന്നും അത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കണമെന്നും പഞ്ചായത്ത് രാജ് നിയമവും അതുപോലെ തന്നെ മുനിസിപ്പാലിറ്റി നിയമവും അനുശാസിക്കുന്നു. തങ്ങളുടെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തണമെന്നും അവരിൽ നിന്ന് നികുതി ഈടാക്കണമെന്നും ആവശ്യപ്പെട്ട് ഓഫീസ് മേധാവികൾക്ക്/തൊഴിലുടമകൾക്ക് ആറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നോട്ടീസുകൾ, നൽകിയെങ്കിലും 5 മുതൽ 439 വരെ ഓഫീസ് മേധാവികൾ/തൊഴിലുടമകൾ 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ, താഴെ വിവരിക്കും പ്രകാരം തങ്ങളുടെ ജീവനക്കാരെ നികുതി ചുമത്തുകയോ അവരിൽ നിന്ന് നികുതി ഈടാക്കുകയോ ചെയ്തില്ല.

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | തങ്ങളുടെ ജീവനക്കാരെ നികുതി ചുമത്താത്ത ഓഫീസ് മേധാവികളുടെ/തൊഴിലുടമകളുടെ എണ്ണം | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 2001-02 | | 2002-03 | | 2003-04 | | 2004-05 | | 2005-06 | |
| | | ഒന്നാം പകുതി | രണ്ടാം പകുതി | ഒന്നാം പകുതി | രണ്ടാം പകുതി | ഒന്നാം പകുതി | രണ്ടാം പകുതി | ഒന്നാം പകുതി | രണ്ടാം പകുതി | ഒന്നാം പകുതി | രണ്ടാം പകുതി |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | തൃശ്ശൂർ കോർപ്പറേഷൻ | 257 | 395 | 262 | 331 | 290 | 344 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| 2 | കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | 42 | 41 | 21 | 43 | 15 | 16 | 13 | 17 | ലഭ്യമല്ല | ലഭ്യമല്ല |
| 3 | നെൻമണിക്കര ഗ്രാമപഞ്ചായത്ത് | 1 | 2 | 2 | 2 | 1 | 1 | - | 2 | - | 3 |
| 4 | പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | - | - | 2 | 2 | 4 | 4 | - | - | 3 | 3 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|
| 5 | അന്നമനട ഗ്രാമപഞ്ചായത്ത് | - | 1 | - | - | 1 | 1 | 1 | 3 | 2 | 3 |
| 6 | ചേർപ്പ് ഗ്രാമപഞ്ചായത്ത് | - | - | - | - | - | - | - | 32 | - | - |
| | ആകെ | 300 | 439 | 287 | 378 | 311 | 366 | 14 | 54 | 5 | 9 |

തങ്ങളുടെ ജീവനക്കാരെ നികുതി ചുമത്താത്ത സ്ഥാപനങ്ങളുടെ കൂട്ടത്തിൽ തൃശ്ശൂർ കോർപ്പറേഷനിലെയും കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലേയും സർക്കാർ ഓഫീസുകളും ബാങ്കുകളും ഉൾപ്പെട്ടിരുന്നു. നോട്ടീസ് നൽകിയശേഷം അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ തൊഴിലുടമകൾ പാലിക്കുന്നുണ്ടോ എന്ന് തുടർ നിരീക്ഷണം നടത്തുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായ വീഴ്ചയുടെ ഫലമായി തൊഴിലുടമകൾ നികുതി ഈടാക്കിയില്ല. ചട്ടങ്ങളിൽ പറയുംപ്രകാരം ബന്ധപ്പെട്ട തൊഴിലുടമകളിൽനിന്ന് കുടിശ്ശിക നികുതി ഈടാക്കാനുള്ള ശിക്ഷാനടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊണ്ടില്ല. ഇതിന്റെ ഫലമായി 2002-03-നുമുമ്പുള്ള കുടിശ്ശിക കാലഹരണപ്പെട്ടുവാനും ഈടാക്കാൻ സാധിക്കാതിരിക്കുന്നതിനും ഇടയായി.

### 3.2.9.4 നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ സർക്കാർ ഓഫീസുകളും ബാങ്കുകളും മറ്റ് കമ്പനികളും ജീവനക്കാരെ നികുതി ചുമത്താത്തത്

തങ്ങളുടെ ജീവനക്കാരെ നികുതി ചുമത്താത്ത തൃശ്ശൂർ കോർപ്പറേഷനിലേയും കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലേയും സ്ഥാപനങ്ങളുടെ വിശദമായ പരിശോധനയിൽ 9 മുതൽ 25 വരെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളും ഓഫീസുകളും 56 മുതൽ 103 വരെ സംസ്ഥാന സർക്കാർ സ്ഥാപനങ്ങളും ഓഫീസുകളും താഴെ വിവരിക്കും പ്രകാരം തങ്ങളുടെ ജീവനക്കാരെ 2001-02 മുതൽ 2003-04 വരെയുള്ള കാലയളവിൽ നികുതി ചുമത്തിയില്ലെന്ന് കണ്ടു:

| ക്രമ നമ്പർ | ഓഫീസിന്റെ ഇനം | ജീവനക്കാരെ നികുതി ചുമത്താത്ത സ്ഥാപനങ്ങളുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|
| | | 2001-02 | | 2002-03 | | 2003-04 | | ആകെ |
| | | ഒന്നാം പകുതി | രണ്ടാം പകുതി | ഒന്നാം പകുതി | രണ്ടാം പകുതി | ഒന്നാം പകുതി | രണ്ടാം പകുതി | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | കേന്ദ്ര സർക്കാർ ഓഫീസുകളും സ്ഥാപനങ്ങളും | 17 | 25 | 9 | 11 | 10 | 14 | 86 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| 2 | സംസ്ഥാന സർക്കാർ ഓഫീസുകളും സ്ഥാപനങ്ങളും | 60 | 97 | 56 | 103 | 68 | 78 | 462 |
| 3 | ബാങ്കുകളും ഇൻഷ്വറൻസ് സ്ഥാപനങ്ങളും സഹകരണ സംഘങ്ങളും | 57 | 103 | 31 | 41 | 34 | 39 | 305 |
| 4 | മറ്റ് സ്ഥാപനങ്ങൾ | 165 | 211 | 187 | 219 | 193 | 229 | 1204 |
| | **ആകെ** | **299** | **436** | **283** | **374** | **305** | **360** | **2057** |

സർക്കാർ ഓഫീസുകൾ, ബാങ്കുകൾ, ഇൻഷ്വറൻസ് കമ്പനികൾ തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങളിലെ ജീവനക്കാർ നികുതി ചുമത്തലിൽനിന്ന് രക്ഷപ്പെട്ടത് ഓഫീസ് മേധാവികൾ/തൊഴിലുടമകൾ നടത്തുന്ന നികുതി ചുമത്തൽ തുടർ നിരീക്ഷണം നടത്തുന്നതിൽ നഗര സ്വയംഭരണ സ്ഥാപനങ്ങൾ കാണിച്ച അലംഭാവം എത്രത്തോളമായിരുന്നുവെന്ന് സൂചിപ്പിക്കുന്നു. നിയമങ്ങളും ചട്ടങ്ങളും ലംഘിച്ചതിന് ഓഫീസ് മേധാവികൾക്കും തൊഴിലുടമകൾക്കും എതിരെ നടപടികളൊന്നും കൈക്കൊണ്ടില്ല.

### 3.2.10 കമ്പനികളെയും ഉദ്യോഗസ്ഥരല്ലാത്ത വ്യക്തികളെയും നികുതി ചുമത്താത്തത്

### 3.2.10.1 നികുതി ചുമത്തപ്പെടേണ്ട വ്യക്തികളുടെയും കമ്പനികളുടെയും വിവരങ്ങൾ സൂക്ഷിക്കാത്തത്

തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം കാണിക്കുന്ന റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫാറം 4-ൽ കമ്പനിക്ക് അല്ലെങ്കിൽ വ്യക്തിക്ക് ഗ്രാമപഞ്ചായത്തുകൾ നോട്ടീസ് നൽകണമെന്ന് 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 എ അനുശാസിക്കുന്നു. നോട്ടീസ് നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ കൈവശം അങ്ങനെയുള്ള കമ്പനികളുടെ/വ്യക്തികളുടെ വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. പരിശോധിച്ച ഗ്രാമപഞ്ചായത്തുകളൊന്നുംതന്നെ തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥമായ കമ്പനികളുടെ/വ്യക്തികളുടെ പട്ടിക സൂക്ഷിച്ചിരുന്നില്ല. തൊഴിൽ നികുതി കൊടുക്കുവാൻ ബാദ്ധ്യസ്ഥമായ കമ്പനികളെപ്പറ്റിയുള്ള വിവരങ്ങളുടെ അഭാവത്തിൽ അവയ്ക്ക് നോട്ടീസ് നൽകുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് സാധിച്ചില്ല.

## 3.2.10.2 കമ്പനികളേയും വ്യാപാരികളേയും നികുതി ചുമത്താത്തത്

പരിശോധിച്ച ഗ്രാമപഞ്ചായത്തുകളൊന്നും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥമായ കമ്പനികളുടെ/ വ്യക്തികളുടെ പട്ടിക സൂക്ഷിച്ചിരുന്നില്ല.

തങ്ങളുടെ ജീവനക്കാരെ നികുതി ചുമത്തിയവരോ അല്ലെങ്കിൽ നഗര സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് കൈവശമുള്ളവരോ ആയ കമ്പനികളെ/വ്യാപാരികളെ/വ്യക്തികളെ 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ പരിശോധിക്കപ്പെട്ട രണ്ട് നഗര സ്വയംഭരണ സ്ഥാപനങ്ങൾ താഴെ വിവരിക്കും പ്രകാരം നികുതി ചുമത്തിയില്ല:

| ക്രമ നമ്പർ | നഗരസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | നികുതി ചുമത്തലിൽ നിന്ന് രക്ഷപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 2001-02 | | 2002-03 | | 2003-04 | | 2004-05 | | 2005-06 | |
| | | ഒന്നാം പകുതി | രണ്ടാം പകുതി | ഒന്നാം പകുതി | രണ്ടാം പകുതി | ഒന്നാം പകുതി | രണ്ടാം പകുതി | ഒന്നാം പകുതി | രണ്ടാം പകുതി | ഒന്നാം പകുതി | രണ്ടാം പകുതി |
| 1 | തൃശ്ശൂർ കോർപ്പറേഷൻ | 64 | 64 | 31 | 31 | 59 | 59 | 58 | 58 | 67 | 67 |
| 2 | കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | - | - | - | - | 5 | 5 | 5 | 5 | 6 | 6 |
| | **ആകെ** | **64** | **64** | **31** | **31** | **64** | **64** | **63** | **63** | **73** | **73** |

നഗര സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിച്ചിരുന്ന നികുതി ചുമത്തപ്പെടാൻ ബാദ്ധ്യസ്ഥമായ കമ്പനികളുടെ/വ്യാപാരികളുടെ/വ്യക്തികളുടെ പട്ടിക അപൂർണ്ണമായിരുന്നുവെന്നും തത്ഫലമായി അവർക്ക് നോട്ടീസ് നൽകാൻ കഴിയാതെവന്നുവെന്നും ഇത് സൂചിപ്പിക്കുന്നു. തന്മൂലം അവർക്കെതിരെ ഡിമാന്റ് ഉന്നയിക്കുവാൻ കഴിയാതെ വരികയും 2002-03-ന് മുൻപ് പിരിച്ചെടുക്കാനുള്ള നികുതികൾ കാലഹരണപ്പെടുകയും ഈടാക്കുവാൻ പറ്റാതെവരികയും ചെയ്തു.

### 3.2.10.3 പഞ്ചായത്തുകളിലെ വ്യാപാരികളെ നികുതി ചുമത്തിയില്ല

പരിശോധിച്ച 19 ഗ്രാമപഞ്ചായത്തുകളിൽ നാലെണ്ണം[1] മാത്രമേ വ്യാപാരികളുടെയും സ്ഥാപനങ്ങളുടെയും പട്ടിക സൂക്ഷിച്ചിരുന്നുള്ളു. ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ലൈസൻസുകൾ നേടാനോ പുതുക്കാനോ തങ്ങളെ സമീപിച്ചവരെ മാത്രമേ നികുതി ചുമത്തുകയും ഈടാക്കുകയും ചെയ്യുള്ളു. വ്യാപാരികളുടെ പട്ടിക ലഭ്യമല്ലാത്തതുകൊണ്ട് നികുതി ചുമത്തപ്പെടാതെ രക്ഷപ്പെട്ട വ്യാപാരികളുടെ/സ്ഥാപനങ്ങളുടെ എണ്ണം ഓഡിറ്റിൽ തിട്ടപ്പെടുത്തുവാൻ ആയില്ല.

### 3.2.10.4 അപകടകരവും അസഹ്യവുമായ വ്യാപാരം (ഡി & ഒ) നടത്തുന്ന ലൈസൻസുടമകളുടെ വിവരങ്ങൾ ലഭ്യമായിട്ടും നികുതി ചുമത്തലിൽ നിന്ന് അവർ രക്ഷപ്പെട്ടു

രണ്ട്[2] ഗ്രാമപഞ്ചായത്തുകളിലെ 126 ഡി & ഒ ലൈസൻസുടമകളെ തൊഴിൽനികുതി ചുമത്തുകയുണ്ടായില്ല. നികുതി ചുമത്തുന്നതിൽ ഗ്രാമപഞ്ചായത്തുകൾക്കുണ്ടായ വീഴ്ച 0.67 ലക്ഷം രൂപയുടെ വരുമാന നഷ്ടത്തിനിടയാക്കി. പ്രസ്തുത നികുതിദായകരെ സംബന്ധിച്ച വിവരങ്ങളും അവരുടെ വരുമാനവും ഗ്രാമപഞ്ചായത്തുകളിൽ ലഭ്യമായിരുന്നിട്ടും അവരെ നികുതി ചുമത്താത്തതിന് നീതീകരണമില്ല. അതിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് തീരുമാനിക്കുന്നതിന് ഇതിനെക്കുറിച്ച് അന്വേഷിക്കേണ്ടതുണ്ട്.

### 3.2.10.5 കമ്പനികളെയും സ്ഥാപനങ്ങളെയും നികുതി ചുമത്താത്തത്

പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ബിസിനസ്സ് നടത്തിയ കമ്പനികളെല്ലാം തൊഴിൽനികുതി നൽകാൻ ബാദ്ധ്യസ്ഥമാണ്. പരിശോധിച്ച 19 ഗ്രാമപഞ്ചായത്തുകളിൽ നാലെണ്ണം 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ കമ്പനികളുടെമേൽ തൊഴിൽനികുതി ചുമത്തുന്നതിൽ താഴെ കാണിക്കും പ്രകാരം വീഴ്ച വരുത്തി:

---

1 അടാട്ട്, ചൂണ്ടൽ, മുളംകുന്നത്തുകാവ്, നെൻമണിക്കര

2 കൊടകര, മേത്തല

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | നികുതി ചുമത്തപ്പെടാത്ത കമ്പനികളുടെ എണ്ണം | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 2001-02 | | 2002-03 | | 2003-04 | | 2004-05 | | 2005-06 | |
| | | ഒന്നാം പകുതി | രണ്ടാം പകുതി | ഒന്നാം പകുതി | രണ്ടാം പകുതി | ഒന്നാം പകുതി | രണ്ടാം പകുതി | ഒന്നാം പകുതി | രണ്ടാം പകുതി | ഒന്നാം പകുതി | രണ്ടാം പകുതി |
| 1 | കൊടകര | 3 | 3 | 4 | 4 | 4 | 4 | 12 | 12 | 11 | 11 |
| 2 | മാള | 8 | 8 | 8 | 8 | 7 | 7 | 10 | 10 | 10 | 10 |
| 3 | മതിലകം | 2 | 2 | 2 | 2 | 2 | 2 | 2 | 3 | 4 | 4 |
| 4 | മേത്തല | 9 | 9 | 9 | 9 | 9 | 9 | 9 | 9 | 10 | 10 |
| | **ആകെ** | **22** | **22** | **23** | **23** | **22** | **22** | **33** | **34** | **35** | **35** |

കമ്പനികളുടെ മേൽ നികുതി ചുമത്താത്തതുമൂലമുണ്ടായ വരുമാന നഷ്ടം ഒരു അർദ്ധവർഷത്തെ ശരാശരി നികുതി 685[1] രൂപ എന്ന നിരക്കിൽ 1.86 ലക്ഷം രൂപയാണെന്ന് കണക്കാക്കുന്നു.

### 3.2.10.6 കൃഷിക്കാരെ നികുതി ചുമത്താത്തത്

കൃഷിയിൽ നിന്നും ആദായം ലഭിക്കുന്നവരും തൊഴിൽനികുതി ചുമത്തപ്പെടാൻ ബാദ്ധ്യതപ്പെട്ടവരുമായ വ്യക്തികളുടെ പട്ടിക ഗ്രാമപഞ്ചായത്തുകൾ സൂക്ഷിക്കേണ്ടതുണ്ടായിരുന്നെങ്കിലും പരിശോധിച്ച ഒരു ഗ്രാമപഞ്ചായത്തും അത് സൂക്ഷിച്ചിട്ടില്ല. ഈ പട്ടികയുടെ അഭാവത്തിൽ നികുതി ചുമത്തപ്പെടാതെ രക്ഷപ്പെട്ടവരുടെ എണ്ണവും തത്ഫലമായുണ്ടായ നികുതി പിരിവിലെ കുറവും ഓഡിറ്റിൽ തിട്ടപ്പെടുത്താനായില്ല.

### 3.2.10.7 കരാറുകാരെ നികുതി ചുമത്താത്തത്

ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ തദ്ദേശസ്വയംഭരണ സ്ഥാപനപ്രദേശത്ത് പ്രവൃത്തി നടത്തുന്നതോ അല്ലെങ്കിൽ ആ പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ താമസിക്കുകയും അതേസമയം പ്രദേശത്തിന് വെളിയിൽ പ്രവൃത്തി നടത്തുകയും ചെയ്യുന്നതോ ആയ കരാറുകാർ നികുതി ചുമത്തപ്പെടാൻ ബാദ്ധ്യസ്ഥരാണ്. പരിശോധിച്ച ഒരു തദ്ദേശസ്വയംഭരണ സ്ഥാപനവും തങ്ങൾക്കുവേണ്ടി പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരെപ്പോലും നികുതി ചുമത്തിയില്ല. പ്രത്യവലോകനം നടത്തിയ കാലയളവിൽ നികുതി ചുമത്തലിൽനിന്ന് രക്ഷപ്പെട്ട കരാറുകാരുടെ എണ്ണം താഴെ വിവരിച്ചിരിക്കുന്നതുപോലെ 60 മുതൽ 192 വരെയായിരുന്നു.

1 കുറഞ്ഞ നിരക്കായ 120 രൂപയുടെയും കൂടിയ നിരക്കായ 1,250 രൂപയുടെയും ശരാശരി

| വർഷം | അർദ്ധ വർഷം | നികുതി ചുമത്തലിൽ നിന്ന് രക്ഷപ്പെട്ട കരാറുകാരുടെ എണ്ണം | | |
|---|---|---|---|---|
| | | പഞ്ചായത്തുകൾ | നഗരസ്വയംഭരണ സ്ഥാപനങ്ങൾ | ആകെ |
| 1 | 2 | 3 | 4 | 5 |
| 2001-02 | I | 26 | 34 | 60 |
| | II | 28 | 37 | 65 |
| 2002-03 | I | 31 | 47 | 78 |
| | II | 51 | 42 | 93 |
| 2003-04 | I | 51 | 55 | 106 |
| | II | 117 | 56 | 173 |
| 2004-05 | I | 47 | 57 | 104 |
| | II | 122 | 70 | 192 |
| 2005-06 | I | 87 | 84 | 171 |
| | II | 110 | 74 | 184 |
| ആകെ | | 670 | 556 | 1226 |

ഒരു അർദ്ധവർഷത്തിൽ 685 രൂപ എന്ന നിരക്കിൽ കണക്കാക്കിയാൽ ഈ കരാറുകാരിൽ നിന്നും ഈടാക്കേണ്ടിയിരുന്ന തൊഴിൽനികുതി 8.40 ലക്ഷം രൂപയായിരുന്നു.

### 3.2.10.8 വാഹന ഉടമകളെ നികുതി ചുമത്താത്തത്

വാടക വാഹനങ്ങൾ/സ്റ്റേജ് കാരിയറുകൾ/ചരക്കുവണ്ടികൾ ഓടിക്കുന്നതിനുള്ള അനുമതി കൈവശമുള്ളവർ തൊഴിൽനികുതി നൽകുവാൻ ബാദ്ധ്യസ്ഥരാണ്. ഇത്തരത്തിലുള്ള വളരെ കുറച്ച് കമ്പനികളുടെമേൽ നികുതി ചുമത്തിയ തൃശ്ശൂർ കോർപ്പറേഷനൊഴിച്ചുള്ള പരിശോധിച്ച ഒരൊറ്റ തദ്ദേശസ്വയംഭരണ സ്ഥാപനവും ഈ വിഭാഗത്തിൽപ്പെട്ട വ്യക്തികളേയും കമ്പനികളേയും നികുതി ചുമത്തിയില്ല. ഇത്തരത്തിലുള്ള നികുതിദായകരുടെ വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പക്കൽ ലഭ്യമല്ലാതിരുന്നതു കൊണ്ട് നികുതി ചുമത്തലിൽനിന്ന് രക്ഷപ്പെട്ടവരുടെ എണ്ണവും ഈടാക്കാതെ പോയ നികുതിയും ഓഡിറ്റിൽ തിട്ടപ്പെടുത്താനായില്ല.

### 3.2.10.9 നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനത്തിന് നികുതി ചുമത്താത്തത്

കെട്ടിടങ്ങളിൽ നിന്നുള്ള വാടക, നിക്ഷേപത്തിന്മേലുള്ള പലിശ തുടങ്ങിയവ ലഭിക്കുന്നവരുടെ പട്ടിക ഒരു ഗ്രാമപഞ്ചായത്തും സൂക്ഷിച്ചിട്ടില്ല. തത്ഫലമായി അങ്ങനെയുള്ളവരെ തൊഴിൽ നികുതി ചുമത്തിയില്ല. നിക്ഷേപത്തിൽ നിന്ന് വരുമാനം നേടുന്നവരുടെ സമ്പൂർണ്ണമായ പട്ടിക സൂക്ഷിക്കാത്തത് നികുതി ചുമത്താത്തതിലും പിരിക്കാത്തതിലും കലാശിച്ചു. അങ്ങിനെയുള്ളവരുടെ വിവരങ്ങൾ ലഭ്യമല്ലാതിരുന്നതുകൊണ്ട് നികുതി ചുമത്തപ്പെടാതെ രക്ഷപ്പെട്ടവരുടെ എണ്ണം ഓഡിറ്റിൽ തിട്ടപ്പെടുത്തുവാൻ കഴിഞ്ഞില്ല.

## 3.2.11 നികുതി പിരിവ്

### 3.2.11.1 നികുതി പിരിക്കുന്ന രീതി

ജീവനക്കാരിൽ നിന്ന് തങ്ങളുടെ ശമ്പളത്തിൽ നിന്നോ വേതനത്തിൽ നിന്നോ കുറവ് ചെയ്തുകൊണ്ട് അവരുടെ തൊഴിലുടമകളാണ് തൊഴിൽനികുതി പിരിക്കുന്നത്. എന്നാൽ സ്വയം ശമ്പളം വാങ്ങുന്നവരും സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളും കമ്പനികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നേരിട്ട് നികുതി അടയ്ക്കുന്നു. നികുതി ലഭിക്കുന്നുറപ്പ് തൊഴിലുടമ അല്ലെങ്കിൽ നികുതിദായകന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രശീതികൾ നൽകുകയും നിർദ്ദേശിക്കപ്പെട്ട കണക്ക് പുസ്തകങ്ങളിൽ നികുതി വരവുവയ്ക്കുകയും ചെയ്യുന്നു. പ്രത്യവലോകന കാലയളവിൽ തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുത്ത തൊഴിൽ നികുതി 17.60 കോടി രൂപയായിരുന്നു.

(ഖണ്ഡിക 3.2.7-ന്റെ കീഴിലെ പട്ടിക കാണുക)

### 3.2.11.2 പിരിച്ചെടുക്കാനുള്ള കുടിശ്ശിക

2004-05-ലെയും 2005-06-ലെയും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തൃശ്ശൂർ കോർപ്പറേഷൻ സൂക്ഷിക്കാത്തതുകൊണ്ട് താഴെ കാണിച്ചിരിക്കുന്നതുപോലെ 2004 മാർച്ച് 31 വരെ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശികയുടെ വിവരങ്ങൾ മാത്രമേ ലഭ്യമായിരുന്നുള്ളൂ.

(രൂപ ലക്ഷത്തിൽ)

| വർഷം | പിരിച്ചെടുക്കാനുള്ള കുടിശ്ശിക | |
|---|---|---|
| | നികുതിദായകരുടെ എണ്ണം | തുക |
| 1998-99 വരെ | ലഭ്യമല്ല | 20.97 |
| 1999-2000 | ലഭ്യമല്ല | ലഭ്യമല്ല |
| 2000-01 | 2720 | 7.32 |
| 2001-02 | 3081 | 8.55 |
| 2002-03 | 3856 | 11.47 |
| 2003-04 | 3974 | 11.67 |
| **ആകെ** | **13631** | **59.98** |

2004 മാർച്ച് 31-ന് 13631 നികുതിദായകരിൽ നിന്ന് 59.98 ലക്ഷം രൂപയുടെ തൊഴിൽ നികുതി പിരിച്ചെടുക്കാതെ ബാക്കി നില്പുണ്ടായിരുന്നു. ഇതിൽ 2002-03 വരെയുള്ള 48.31 ലക്ഷം രൂപയുടെ കുടിശ്ശിക എന്ന് കിട്ടാനുള്ളതായി തീർന്നോ അന്നുമുതൽ മൂന്നുവർഷത്തിനകം യാതൊരു നടപടിയും കൈക്കൊള്ളാത്തതുകൊണ്ട് കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 539-ാം വകുപ്പുപ്രകാരം ഈടാക്കാൻ കഴിയാതെപോയി. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാതിരുന്നതുകാരണം 2004-05-ലേയും 2005-06-ലേയും കുടിശ്ശിക തുകയും അതിൽ നിന്ന് ഈടാക്കിയ തുകയും ഓഡിറ്റിൽ തിട്ടപ്പെടുത്താനായില്ല.

### 3.2.11.3 നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി നിരക്കുകൾ പുതുക്കുന്നതിലുണ്ടായ കാലതാമസം

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 (1) പ്രകാരം ഈടാക്കാവുന്ന തൊഴിൽ നികുതിയുടെ അർദ്ധ വാർഷിക നിരക്ക് 2,401 രൂപയ്ക്ക് മുകളിലുള്ള അർദ്ധവാർഷിക വരുമാനത്തിന് 10 രൂപ മുതൽ 1,250 രൂപ വരെയായിരുന്നു. ഈ നിരക്കുകൾ സർക്കാർ 1997 ഏപ്രിൽ ഒന്നുമുതൽ പരിഷ്കരിക്കുകയുണ്ടായി. 12,000 രൂപയ്ക്കും അതിനു മുകളിലുള്ള അർദ്ധ വാർഷിക വരുമാനത്തിനും പരിഷ്കരിച്ച നിരക്ക് 120 മുതൽ 1,250 രൂപ വരെയായിരുന്നു. ഈ നിരക്കുകൾ നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിൽ വരുത്തിയത് 2005 മേയ് 25 മുതൽ മാത്രമായിരുന്നു. നഗര സ്വയംഭരണ സ്ഥാപനങ്ങൾ അതുവരെ ഈടാക്കി വന്നിരുന്ന നികുതിയുടെ നിരക്ക് 3,600 രൂപയിൽ കവിഞ്ഞ വരുമാനത്തിന് 9 രൂപ മുതൽ 1,250 രൂപ വരെയായിരുന്നു. കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ഉണ്ടാക്കുന്നതിൽ സംഭവിച്ച നീതീകരിക്കാനാവാത്ത കാലതാമസത്തിന്റെ ഫലമായി നഗരപ്രദേശങ്ങളിൽ തൊഴിൽ നികുതി ചുമത്തിയത് കുറഞ്ഞുപോയി.

### 3.2.12 കണക്കുസൂക്ഷിക്കൽ

### 3.2.12.1 കണക്കുപുസ്തകങ്ങൾ

തൊഴിൽനികുതി ചുമത്തൽ, ഡിമാന്റ്, പിരിവ് എന്നിവ കണക്കിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി താഴെപ്പറയുന്ന കണക്കുപുസ്തകങ്ങൾ ഓരോ ഗ്രാമപഞ്ചായത്തിന്റെയും സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

| ക്രമ നമ്പർ | കണക്ക പുസ്തകത്തിൻെറ പേര് | ഉദ്ദേശ്യം | അടിസ്ഥാനം |
|---|---|---|---|
| 1 | അസസ്മെന്റ് ബുക്ക് | ഓരോ നികുതിദായകൻെറയും നികുതി ചുമത്തലിൻെറ വിവരങ്ങൾ | 1996-ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 5 |
| 2 | ഡിമാന്റ് രജിസ്റ്റർ | ഡിമാന്റും, പിരിവും, തിരിച്ച നൽകുന്നതും, എഴുതിത്തള്ളുന്നതും, ബാക്കിയും സംബന്ധിച്ച വിവരങ്ങൾ | 1965-ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ഫാറം VIII |
| 3 | പിരിവ് രജിസ്റ്റർ | കുടിശ്ശികയുൾപ്പെടെ നികുതി അടച്ചതിന്റെ വിവരങ്ങൾ | കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ഫാറം XXXII |
| 4 | ക്യാഷ് ബുക്ക് | നികുതിയും കുടിശ്ശികയും അടച്ചതിന്റെ വിവരങ്ങൾ | മേൽചട്ടങ്ങളിലെ ഫാറം XXIX |
| 5 | വരവ് രജിസ്റ്റർ | കുടിശ്ശികയുൾപ്പെടെ നികുതി അടച്ചതിന്റെ വിവരങ്ങൾ | മേൽ ചട്ടങ്ങളിലെ ഫാറം XXVII |
| 6 | കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ | ഡിമാന്റ് രജിസ്റ്ററിൽ ഓരോ വർഷാവസാനവും ബാക്കി നിൽപ്പുള്ള കുടിശ്ശികയുടെ വിവരങ്ങൾ | മേൽ ചട്ടങ്ങളിലെ ഫാറം XII |

അസസ്മെന്റ് ബുക്ക്, ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ഗ്രാമപഞ്ചായത്തുകൾ സൂക്ഷിച്ചത് താഴെ വിവരിക്കും പ്രകാരം തൃപ്തികരമല്ലായിരുന്നു.

### 3.2.12.2 അസസ്മെന്റ് ബുക്കുകൾ സൂക്ഷിക്കാത്തത്

1996-ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലെ 5-ാം ചട്ട പ്രകാരം പ്രത്യേകം നിർദ്ദേശിക്കപ്പെട്ട മാതൃകയിൽ നികുതി

ചുമത്താവുന്ന വ്യക്തികളുടെയും വസ്തുക്കളുടെയും പേരുകളും വിവരങ്ങളും അടങ്ങിയ അസസ്മെന്റ് ബുക്കുകൾ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. 19 ഗ്രാമപഞ്ചായത്തുകൾ പരിശോധിച്ചതിൽ ഒരെണ്ണം[1] മാത്രമേ 2001-02 മുതൽ 2005-06 വരെയുള്ള നികുതി ചുമത്തലുകളുടെ വിവരങ്ങൾ സൂചിപ്പിക്കുന്ന അസസ്മെന്റ് ബുക്കുകൾ സൂക്ഷിച്ചിരുന്നുള്ളൂ.

### 3.2.12.3 നിർദ്ദേശിച്ച മാതൃകയിൽ ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കാത്തത്

1965-ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന ഫാറം VIII-ൽ നികുതിദായകരുടെ പേരുകൾ, അർദ്ധവാർഷിക വരുമാനം, ഈടാക്കേണ്ട നികുതി, ഈടാക്കിയ നികുതി, തിരിച്ചുകൊടുത്തതും എഴുതിത്തള്ളിയതും ബാക്കി വന്നതുമായ നികുതി എന്നിവ സൂചിപ്പിക്കുന്ന ഡിമാന്റ് രജിസ്റ്റർ ഗ്രാമപഞ്ചായത്തുകൾ സൂക്ഷിക്കണമായിരുന്നു. ഫോറം VIII-ൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിനുപകരം 16 ഗ്രാമപഞ്ചായത്തുകൾ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 18-ൽ നിർദ്ദേശിച്ചിരിക്കുന്ന ഫോറം V-ലുള്ള ഒരു രജിസ്റ്റർ മാത്രമാണ് 2001-02 മുതൽ 2005-06 വരെ സൂക്ഷിച്ചിരുന്നത്. ജീവനക്കാരിൽ നിന്ന് നികുതി ആവശ്യപ്പെടുന്നതിന്റേയും ഈടാക്കുന്നതിന്റേയും പുരോഗതി നിരീക്ഷിക്കുന്നതിന് മാത്രമുള്ള ഒരു രജിസ്റ്ററായതു കൊണ്ട് ഇത് ഡിമാന്റ് രജിസ്റ്ററിന്റെ ഉദ്ദേശ്യം നിറവേറ്റിയില്ല.

### 3.2.12.4 പിരിച്ച തുകകൾ ഡിമാന്റ് ആയി രേഖപ്പെടുത്തുന്നത്

ഖണ്ഡിക 3.2.12.2-ൽ പരാമർശിച്ചിരിക്കുന്നതുപോലെ നികുതി ചുമത്തലിനെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അസസ്മെന്റ് ബുക്ക് സൂക്ഷിക്കാത്തതിന്റെ ഫലമായി 19-ൽ 10[2] ഗ്രാമപഞ്ചായത്തുകളും ചുമത്തിയ നികുതി തുക ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. അതിനുപകരമായി, യഥാർത്ഥത്തിൽ പിരിച്ചെടുത്ത നികുതി തുക ഫാറം 5-ൽ ഉള്ള രജിസ്റ്ററിൽ പിരിവായി രേഖപ്പെടുത്തിയപ്പോൾ ആ തുകതന്നെ ഡിമാന്റായും കാണിച്ച് ഡിമാന്റും പിരിവും തുകകൾ ഒന്നായതുകൊണ്ട് വർഷാവസാനം ഈ രജിസ്റ്റർ പ്രകാരം ഒരു കുടിശ്ശികയും ഇല്ലായിരുന്നു. ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിന്റെ ഉദ്ദേശ്യം ഇത് പരാജയപ്പെടുത്തി.

### 3.2.12.5 ഡിസിബി പത്രിക സമയത്തിന് തയ്യാറാക്കാത്തത്

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഡിസിബി പത്രിക സഹിതം വാർഷിക ധനകാര്യ പത്രിക അടുത്ത വർഷം ജൂലൈ 31-നകം തയ്യാറാക്കി സമർപ്പിക്കണമെന്നുണ്ടെങ്കിലും 2007 ജനുവരിവരെ 1223-ൽ 81 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

---

1 മുളംകുന്നത്തുകാവ്

2 അന്നമനട, ചേർപ്പ്, ചൂണ്ടൽ, കാട്ടകറ്റി, കൈപ്പറമ്പ്, കോലഴി, കൊരട്ടി, മുളംകുന്നത്തുകാവ്, നെൻമണിക്കര, പുത്തൂർക്കാട്.

മാത്രമേ 2005-06-ലെ വാർഷിക ധനകാര്യ പത്രികയും ഡിസിബി പത്രികയും ജനവരി 2007 വരെ സമർപ്പിച്ചിട്ടുള്ളൂ. പരിശോധിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളൊന്നും തന്നെ ഡിസിബി പത്രികകൾ തയ്യാറാക്കാത്തതുകാരണം ഓരോ വർഷത്തേയും നികുതി കുടിശ്ശിക തിട്ടപ്പെടുത്താവുന്നതല്ല. മുൻ ഖണ്ഡികയിൽ പരാമർശിച്ചതുപോലെ പിരിച്ചെടുത്ത നികുതി തുകതന്നെ ഡിമാൻറ് രജിസ്റ്ററിൽ ഡിമാന്റായി കാണിച്ചതുകൊണ്ട് ഡിസിബി പത്രിക തയ്യാറാക്കിയിരുന്നെങ്കിൽപ്പോലും കുടിശ്ശികയെ സംബന്ധിച്ച കൃത്യമായ വിവരം അത് നൽകുമായിരുന്നില്ല.

### 3.2.12.6 കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തത്

1965-ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 12(1) പ്രകാരം എല്ലാ ഡിമാന്റ് രജിസ്റ്ററുകളിലുംകൂടി വർഷാവസാനം ബാക്കി നില്പുള്ള തുക ഫാറം XII ലുള്ള ബന്ധപ്പെട്ട കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിലേയ്ക്ക് മാറ്റേണ്ടതാണ് ഖണ്ഡിക 3.2.12.3-ൽ പരാമർശിച്ചിരിക്കുന്നതുപോലെ ഫാറം VIII-ൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതു കാരണം ഓരോ വർഷാവസാനവും ഉള്ള നികുതി കുടിശ്ശിക എത്രയാണെന്നറിയില്ലായിരുന്നു. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതുമൂലം പത്ത് ത.സ്വ.ഭ. സ്ഥാപനങ്ങളിൽ കുടിശ്ശിക പിരിവ് നിരീക്ഷിക്കുവാൻ കഴിഞ്ഞില്ല. അതിനുപരിയായി, ഗ്രാമപഞ്ചായത്തുകൾക്ക് കുടിശ്ശിക നികുതി പിരിഞ്ഞുകിട്ടിയപ്പോൾ ആ തുക നടപ്പ് ഡിമാന്റ് രജിസ്റ്ററിൽ സപ്ലിമെന്ററി ഡിമാന്റായി കാണിക്കേണ്ടിവന്നു. ഇത് ആന്തരിക നിയന്ത്രണ വ്യവസ്ഥയെത്തന്നെ തകിടം മറിച്ചു. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതുമൂലം കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒരു നടപടിയും കൈക്കൊള്ളുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് സാധിച്ചില്ല. ഇത് കുടിശ്ശിക നികുതി കാലഹരണപ്പെടുന്നതിലും പിരിച്ചെടുക്കാതിരുന്നതിലും കലാശിച്ചു.

### 3.2.13 നിയമങ്ങളിലേയും ചട്ടങ്ങളിലേയും പഴുതുകൾ

### 3.2.13.1 പഞ്ചായത്തിലേയും നഗരപ്രദേശങ്ങളിലേയും കമ്പനികളുടെ/സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെ നികുതിനിർണ്ണയ രീതികളിലെ അസമാനതകൾ

ഗ്രാമപ്രദേശങ്ങളിൽ ബിസിനസ്സ് നടത്തുന്ന കമ്പനികളുടേയോ സ്വയം തൊഴിലെടുക്കുന്ന വ്യക്തികളുടേയോ തൊഴിൽ നികുതി നിർണ്ണയിക്കുന്നത് 1996 കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ അനുസരിച്ചാണ്. എന്നാൽ 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം 11 വിഭാഗം കമ്പനികളെ/ സ്വയംതൊഴിലെടുക്കുന്നവരെ മാത്രമേ നഗരപ്രദേശങ്ങളിൽ നികുതി ചുമത്തുന്നുള്ളൂ. ഈ വിഭാഗങ്ങളിൽപ്പെടാത്ത ആശുപത്രികൾ, ട്യൂട്ടോറിയൽ കോളേജുകൾ, ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്നതിലും കുറഞ്ഞ എണ്ണം വാഹനങ്ങൾ ഉള്ള വാഹന ഉടമകൾ മുതലായ നികുതിദായകർ തങ്ങളുടെ വരുമാനം നികുതിവിധേയമായ പരിധിക്കുള്ളിലാണെങ്കിൽക്കൂടി നഗര പ്രദേശങ്ങളിൽ നികുതി ചുമത്തപ്പെടാൻ ബാദ്ധ്യസ്ഥരല്ല.

**3.2.13.2 ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും നികുതി നിർണ്ണയത്തിനുള്ള ചട്ടങ്ങളിലെ വിഭിന്നമായ വ്യവസ്ഥകൾ**

ഗ്രാമപ്രദേശങ്ങളിലേയും നഗരപ്രദേശങ്ങളിലേയും തൊഴിൽനികുതി നിർണ്ണയത്തിനും ചുമത്തലിനും പിരിവിനും കേരള പഞ്ചായത്ത് നിയമത്തിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രീതികൾ ഒന്നുതന്നെയാണ്. പക്ഷെ നഗര പ്രദേശങ്ങളിൽ തൊഴിൽ നികുതി ചുമത്തുന്നത് സംബന്ധിച്ച 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ നിരവധി വ്യവസ്ഥകൾ 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ വ്യവസ്ഥകളിൽനിന്നും വ്യത്യസ്തമാണ്. ഈ രണ്ട് വിഭാഗം ചട്ടങ്ങളിലുള്ള പ്രധാനപ്പെട്ട വിഭിന്ന വ്യവസ്ഥകൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു:

| ക്രമ നമ്പർ | കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ 1996 | കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ 2005 |
|---|---|---|
| 1 | ചട്ടം 3(1)-ൽ നിഷ്കർഷിച്ചിരിക്കുന്ന കൂടിയ തുകയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്താണ് നികുതി നിരക്കുകൾ നിർണ്ണയിക്കേണ്ടത് | ചട്ടങ്ങളനുസരിച്ച് സർക്കാർ നിശ്ചയിച്ച നിരക്കിൽ നികുതി ഈടാക്കണം |
| 2 | നികുതി ചുമത്തുന്നതിനുള്ള വരുമാനം നിർണ്ണയിക്കുന്നതിന് ബിസിനസ്സ് നടത്തുന്ന കമ്പനികളുടെയും വ്യക്തികളുടെയും വിറ്റുവരവിന്റെ നിശ്ചിത ശതമാനം | നികുതി ചുമത്തുന്നതിനുള്ള വരുമാനം നിർണ്ണയിക്കുന്നതിന് ഒരു രീതിയും നിർദ്ദേശിച്ചിട്ടില്ല |
| 3 | നികുതി ചുമത്താവുന്ന കമ്പനികളും വ്യക്തികളും നിർവ്വചിക്കപ്പെട്ടിട്ടില്ല | നികുതി ചുമത്താവുന്ന കമ്പനികളെയും വ്യക്തികളെയും 11 വിഭാഗങ്ങളായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു |
| 4 | ഈടാക്കാത്ത തൊഴിൽ നികുതി തൊഴിലുടമയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നു | അതുപോലെ വ്യവസ്ഥ ഇല്ല |

മേൽ ചട്ടങ്ങൾക്ക് രൂപം കൊടുത്തപ്പോൾ ഐക്യരൂപം പാലിക്കാതിരുന്നത് ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും നികുതി നിർണ്ണയത്തിൽ അസമാനതകൾ സൃഷ്ടിക്കുന്നതിനിടയാക്കി.

### 3.2.13.3 തൊഴിൽ നികുതി നിരക്കുകൾ നിശ്ചയിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗര സ്വയംഭരണ സ്ഥാപനങ്ങൾക്കും അധികാരങ്ങളിൽ അസമാനത

പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ 3-ാം ചട്ടം അതിൽ പറഞ്ഞിരിക്കുന്ന ഏറ്റവും കൂടിയ നിരക്കുകൾക്കുവിധേയമായി നികുതി നിരക്ക് നിശ്ചയിക്കുവാൻ ഗ്രാമപഞ്ചായത്തുകളെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിനുവേണ്ടി നികുതിദായകരെ അവരുടെ അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ എട്ട് വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. പക്ഷെ നഗര സ്വയംഭരണ സ്ഥാപനങ്ങൾക്ക് നികുതി നിരക്കുകൾ നിശ്ചയിക്കാനുള്ള അധികാരം കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ നൽകിയിട്ടില്ല. പകരം, നികുതി നിരക്കുകൾ ചട്ടങ്ങളിൽ തന്നെ നിശ്ചയിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകൾക്ക് നികുതി നിരക്കുകൾ നിശ്ചയിക്കാനുള്ള അധികാരമുണ്ടെങ്കിലും അവ ഈ അധികാരം വിനിയോഗിക്കാതെ ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന കൂടിയ നിരക്കുകളിൽ നികുതി ഈടാക്കുകയാണ് ചെയ്തത്. ഗ്രാമപഞ്ചായത്തുകൾ അവയ്ക്ക് നൽകിയിട്ടുള്ള അധികാരം വിനിയോഗിക്കാത്തതും നികുതി നിരക്കുകൾ നിശ്ചയിക്കാനുള്ള അധികാരം നഗര സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാത്തതും അധികാര വികേന്ദ്രീകരണ തത്വങ്ങൾക്ക് എതിരാണ്.

### 3.2.14 ബന്ധപ്പെട്ട മറ്റ് സംഗതികൾ

കൊച്ചിയിലെ ഇൻഫോപാർക്കിലും പ്രത്യേക സാമ്പത്തിക മേഖലയിലും പ്രവർത്തിക്കുന്ന കമ്പനികളെ തൊഴിൽ നികുതി നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഇങ്ങനെയുള്ള കമ്പനികൾ തങ്ങളുടെ ജീവനക്കാരുടെമേൽ തൊഴിൽ നികുതി ചുമത്തിയില്ല എന്ന് ശ്രദ്ധയിൽപ്പെട്ടു. അതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

### 3.2.14.1 ഇൻഫോപാർക്കിലെ വിവരസാങ്കേതിക സ്ഥാപനങ്ങൾ ജീവനക്കാരെ നികുതി ചുമത്താത്തത്

വിവര സാങ്കേതിക സ്ഥാപനങ്ങൾക്കും വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായ സേവനം നൽകുന്ന കമ്പനികൾക്കും അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനുവേണ്ടി തൃക്കാക്കര ഗ്രാമപഞ്ചായത്തിൽ സംസ്ഥാന സർക്കാർ സ്ഥാപിച്ച (2004 ഒക്ടോബർ) ഒരു സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കാണ് കൊച്ചിയിലെ ഇൻഫോ പാർക്ക്. 3039 സോഫ്റ്റ്‌വെയർ എൻജിനീയർമാരും മറ്റുദ്യോഗസ്ഥരും ജോലി നോക്കുന്ന ടാറ്റ കൺസൾട്ടൻസി സർവ്വീസസ്, വിപ്രോ ടെക്നോളജീസ്, ഐ ബി എസ് സോഫ്റ്റ്‌വെയർ സർവ്വീസസ് മുതലായ 29 വിവരസാങ്കേതിക സ്ഥാപനങ്ങളുടെ യൂണിറ്റുകൾ 2004-05-ലും 2005-06-ലും ഇൻഫോപാർക്കിൽ തുറന്നു. ഇൻഫോപാർക്ക് അധികാരികളിൽ നിന്ന് അവിടെ

പ്രവർത്തിക്കുന്ന കമ്പനികളുടെ വിവരം ഗ്രാമപഞ്ചായത്ത് ശേഖരിക്കാത്തതുകൊണ്ടും അവിടുത്തെ ജീവനക്കാരെ നികുതി ചുമത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകാത്തതുകൊണ്ടും ചില വിവര സാങ്കേതിക സ്ഥാപനങ്ങൾ അവരുടെ ജീവനക്കാരുടെ പക്കൽനിന്ന് തൊഴിൽ നികുതി ചുമത്തുന്നതിനും പിരിക്കുന്നതിനും താഴെ വിവരിക്കും പ്രകാരം വീഴ്ചവരുത്തി:

| ക്രമ നമ്പർ | വിവരണം | 2004-2005 | | 2005-06 | |
|---|---|---|---|---|---|
| | | ഒന്നാം പകുതി | രണ്ടാം പകുതി | ഒന്നാം പകുതി | രണ്ടാം പകുതി |
| 1 | നികുതി ചുമത്താൻ വീഴ്ചവരുത്തിയ കമ്പനികളുടെ എണ്ണം | 6 | 16 | 13 | 13 |
| 2 | നികുതി ചുമത്തപ്പെടാത്ത ജീവനക്കാരുടെ എണ്ണം | 96 | 2134 | 902 | 902 |

വീഴ്ചവരുത്തിയവരുടെ മേൽ പഞ്ചായത്ത് രാജ് നിയമമനുസരിച്ച് നടപടികൾ കൈക്കൊള്ളാത്തതിന് ഒരു നീതീകരണവുമില്ല. ഒരു ജീവനക്കാരന് ഒരു അർദ്ധ വർഷത്തിൽ ശരാശരി 685 രൂപ ക്രമത്തിൽ കണക്കാക്കിയാൽ ഇത് 27.63 ലക്ഷം രൂപയുടെ വരുമാന നഷ്ടത്തിന് ഇടയാക്കി.

### 3.2.14.2 കൊച്ചിയിലെ പ്രത്യേക സാമ്പത്തിക മേഖലയിലുള്ള കമ്പനികളിലെ ജീവനക്കാരെ നികുതി ചുമത്താത്തത്

യന്ത്രസാമഗ്രികളും അസംസ്കൃത വസ്തുക്കളും ഇറക്കുമതി ചെയ്ത് കയറ്റുമതിക്കുവേണ്ടി മാത്രമായി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ 1986-ൽ തൃക്കാക്കര ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച ഒരു വ്യവസായ പാർക്ക് ആണ് കൊച്ചിയിലെ പ്രത്യേക സാമ്പത്തിക മേഖല. 2001-02-ൽ 45 യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നത് 2005-06-ൽ 85 വരെയായി ഉയർന്നു. 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ അമ്പത് ശതമാനത്തിലധികം യൂണിറ്റുകൾ താഴെ വിവരിക്കും പ്രകാരം തങ്ങളുടെ ജീവനക്കാരെ നികുതി ചുമത്തിയില്ല.

| വർഷം | യൂണിറ്റുകളുടെ എണ്ണം | | തങ്ങളുടെ ജീവനക്കാരെ നികുതി ചുമത്തിയ യൂണിറ്റുകളുടെ എണ്ണം | | തങ്ങളുടെ ജീവനക്കാരെ നികുതി ചുമത്താത്ത യൂണിറ്റുകളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ഒന്നാം പകുതി | രണ്ടാം പകുതി | ഒന്നാം പകുതി | രണ്ടാം പകുതി | ഒന്നാം പകുതി | രണ്ടാം പകുതി |
| 2001-02 | 45 | 45 | 22 | 21 | 23 | 24 |
| 2002-03 | 50 | 50 | 20 | 20 | 30 | 30 |
| 2003-04 | 55 | 55 | 26 | 21 | 29 | 34 |
| 2004-05 | 74 | 74 | 33 | 18 | 41 | 56 |
| 2005-06 | 85 | 85 | 21 | 23 | 64 | 62 |

ഈ യൂണിറ്റുകളിൽ ജോലി ചെയ്യുന്ന വ്യക്തികളുടെ എണ്ണത്തെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാതിരുന്നതുകൊണ്ട്, ജീവനക്കാരെ തൊഴിലുടമകൾ നികുതി ചുമത്താത്തതുമൂലമുള്ള കൃത്യമായ വരുമാന നഷ്ടം ഓഡിറ്റിൽ തിട്ടപ്പെടുത്താനായില്ല. കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം നടപടി കൈക്കൊള്ളുവാൻ പഞ്ചായത്ത് വരുത്തിയ വീഴ്ച നികുതി ചുമത്താത്തതിൽ കലാശിച്ചു.

### 3.2.15 ആന്തരിക നിയന്ത്രണവും തുടർ നിരീക്ഷണവും

#### 3.2.15.1 ആന്തരിക നിയന്ത്രണം നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ പാലിക്കാത്തത്

നികുതി ചുമത്തപ്പെടാൻ സാദ്ധ്യതയുള്ളവരിൽ നിന്ന് ശരിയാംവണ്ണം കൃത്യസമയത്ത് തൊഴിൽ നികുതി നിർണ്ണയം, ചുമത്തൽ, പിരിവ് എന്നിവ നടത്തുന്നതിനുള്ള ആന്തരിക നിയന്ത്രണത്തിനും തുടർ നിരീക്ഷണത്തിനും ഉള്ള വ്യവസ്ഥകൾ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലും കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലും അടങ്ങിയിരിക്കുന്നു. എല്ലാ നികുതിദായകരുടെയും അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് നോട്ടീസ് നൽകൽ, ഡിമാന്റ് നോട്ടീസുകൾ അയയ്ക്കൽ, ഡിമാന്റ് രജിസ്റ്ററും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും സൂക്ഷിക്കൽ മുതലായവയാണ് നികുതിദായകർ നികുതി ചുമത്തുന്നതിൽനിന്ന് രക്ഷപ്പെടുന്നതിനും കുടിശ്ശിക നികുതി കാലഹരണപ്പെടുന്നതിനുമുള്ള ആപത് സാദ്ധ്യത കുറയ്ക്കുന്നതിനുള്ള ആന്തരിക നിയന്ത്രണ ഉപാധികൾ മുൻ ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ, ചട്ടങ്ങളിൽ

നിഷ്കർഷിച്ചിരിക്കുന്ന ആന്തരിക നിയന്ത്രണ വ്യവസ്ഥകൾ ത.സ്വ.ഭ. സ്ഥാപനങ്ങൾ ശരിയായി പാലിച്ചില്ല. തത്ഫലമായി നികുതി ചുമത്താൻ സാദ്ധ്യമായ എല്ലാവരെയും നികുതി ചുമത്താതിരിക്കുന്നതിനും നികുതി ചുമത്തുന്നത് കുറയുന്നതിനും കുടിശ്ശിക നികുതി കാലഹരണപ്പെടുന്നതിനും ഇടയാക്കി.

### 3.2.15.2 തെറ്റായ റിട്ടേണുകൾ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 എഫ് (2) വകുപ്പപ്രകാരം ഓരോ ഓഫീസ് മേധാവിയും/തൊഴിലുടമയും തന്റെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ചുമത്തി പിരിച്ചെടുക്കേണ്ടതും ആ തുക പേര്, തസ്തിക, അർദ്ധവാർഷിക വരുമാനം, പിരിച്ചെടുത്ത നികുതി എന്നിവയടങ്ങുന്ന ജീവനക്കാരുടെ ഒരു പട്ടിക സഹിതം ഗ്രാമപഞ്ചായത്തിൽ അടയ്ക്കേണ്ടതും ആണ്. നികുതി പിരിച്ചത് ശരിയാണോ അല്ലയോ എന്ന് നിരീക്ഷിക്കുന്നതിന് ഗ്രാമപഞ്ചായത്തിനെ പ്രാപ്തമാക്കുന്നതിനുവേണ്ടിയാണ് ഈ വിവരങ്ങൾ നൽകണമെന്ന് നിഷ്കർഷിച്ചിരിക്കുന്നത്. 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ മൂന്ന്[1] ഗ്രാമപഞ്ചായത്തുകളിലെ 60 ഓഫീസ് മേധാവികൾ/തൊഴിലുടമകൾ സമർപ്പിച്ച സ്റ്റേറ്റ്മെന്റുകൾ താഴെ വിവരിക്കുന്നതുപ്രകാരം ന്യൂനതകളുള്ളതായിരുന്നു:

i) നികുതി നിർണ്ണയത്തിന് ബോണസ്സും ഉത്സവബത്തയും കണക്കിലെടുത്തില്ല.

ii) ഓരോ ജീവനക്കാരനും ലഭിച്ച ഓരോ വിഭാഗത്തിലുമുള്ള ശമ്പളവും അലവൻസുകളും എത്രയാണെന്ന് കൊടുത്തിട്ടില്ല.

iii) ഓരോ ജീവനക്കാരന്റെയും വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

റിട്ടേണുകളിൽ ന്യൂനതയുണ്ടായിരുന്നതിനാൽ തൊഴിലുടമകൾ നടത്തിയ നികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് കഴിഞ്ഞില്ല.

### 3.2.15.3 നികുതി പിരിക്കുന്നതിനുള്ള ഉദ്യോഗസ്ഥരുടെ അപര്യാപ്തത

ചുമതലകൾ കൈമാറ്റം ചെയ്യപ്പെട്ടതിനെ തുടർന്ന് ത.സ്വ.ഭ. സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ജോലിഭാരം പലമടങ്ങ് വർദ്ധിച്ചു. അധികാര കൈമാറ്റത്തിന് മുമ്പുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ സേവനം കൈമാറിയ ചുമതലകൾ നിർവ്വഹിക്കുന്നതിനുകൂടി വിനിയോഗിക്കേണ്ടിയിരുന്നതുകൊണ്ട് പരമ്പരാഗതമായ ചുമതലകളും നികുതി പിരിവും നിർവ്വഹിക്കുന്നതിന് നിലവിലുള്ള ജീവനക്കാരുടെ എണ്ണം തികയാതെ വന്നു. നികുതിദായകരുടെയും കുടിശ്ശികകളുൾപ്പെടെയുള്ള നികുതി പിരിവിന്റെയും ജീവൽ പ്രധാനമായ വിവരങ്ങൾ സൂക്ഷിക്കാതിരുന്നതിനുള്ള കാരണവും മറ്റൊന്നല്ല.

---

1 കൊടകര, മാള, മതിലകം

### 3.2.16 നിഗമനം

- നികുതി ചുമത്തുന്നതിൽ ത.സ്വ.ഭ. സ്ഥാപനങ്ങളുടെ ഭാഗത്തുണ്ടായ വീഴ്ചകൾ വരുമാനനഷ്ടത്തിനിടയാക്കി.
- തൊഴിൽ നികുതിയുടെ ഡിമാന്റ്, പിരിവ്, കുടിശ്ശിക എന്നിവ സംബന്ധിച്ച ത.സ്വ.ഭ. സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിപ്പ് തൃപ്തികരമായിരുന്നില്ല.
- കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിരിക്കുന്നതിന് വിരുദ്ധമായി ജീവനക്കാരിൽനിന്നും ഈടാക്കാനുള്ള നികുതി കുടിശ്ശിക തൊഴിലുടമയിൽനിന്നും ഈടാക്കേണ്ട കുടിശ്ശികയായി കണക്കാക്കുമെന്ന വ്യവസ്ഥ കേരള മുനിസിപ്പാലിറ്റി നിയമത്തിലും ചട്ടങ്ങളിലും ഉൾപ്പെടുത്താത്തത് നികുതി ഈടാക്കാത്തതിൽ കലാശിച്ചു.
- നികുതി കുടിശ്ശിക കൃത്യസമയത്ത് പിരിച്ചെടുക്കുന്നതിനും അത് കാലഹരണ പ്പെടാതിരിക്കുന്നതിനും ഫലപ്രദമായ സംവിധാനം ഉണ്ടായിരുന്നില്ല.

### 3.2.17 ശിപാർശകൾ

- എല്ലാ നികുതിദായകരെയും തൊഴിൽനികുതി ശൃംഖലയ്ക്കകത്ത് കൊണ്ടുവരുന്നതിനുവേണ്ടി ത.സ്വ.ഭ. സ്ഥാപനങ്ങൾ ഇന്നേ തീയതി വരെയുള്ള ഒരു ഡാറ്റാ ബേസ് സൂക്ഷിക്കണമെന്ന് സർക്കാർ ഉറപ്പുവരുത്തണം.
- ഓരോ അർദ്ധവർഷവും നികുതി അടയ്ക്കേണ്ട തീയതികൾ അറിയിച്ചുകൊണ്ട് സർക്കാർ വേണ്ടത്ര പ്രചരണം നൽകണം.
- തൊഴിൽ നികുതിയെ സംബന്ധിച്ച കണക്കുകൾ ത.സ്വ.ഭ. സ്ഥാപനങ്ങൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

### 3.2.18 സർക്കാരിന്റെ പ്രതികരണം

ത.സ്വ.ഭ. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി 2007 മാർച്ച് 13-ന് നടത്തിയ ചർച്ചയിൽ നിഗമനങ്ങളിലും ശിപാർശകളിലും പൊതുവെ അദ്ദേഹം യോജിപ്പ് പ്രകടിപ്പിച്ചു

(സി ആന്റ് എജി-യുടെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് പരാമർശം സംബന്ധിച്ച് 30-6-2017-ലെ യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് സമിതി തെളിവെടുപ്പ് നടത്തി.

1. അക്കൗണ്ടന്റ് ജനറലിന്റെ 2006 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് പരാമർശങ്ങളിന്മേൽ പതിനൊന്ന് വർഷമായിട്ടും നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിൽ ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽനിന്നും ഗുരുതരമായ കാലതാമസം ഉണ്ടായെന്നും അത് സമിതിയുടെ കാര്യക്ഷമതയെ കാര്യമായി ബാധിക്കുമെന്നും അത് സമൂഹത്തോടുള്ള അനീതിയും നിയമസഭാ സമിതിയോടുള്ള അനാദരവും ആണെന്നും സമിതി അഭിപ്രായപ്പെട്ടു.

2. തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തൊഴിൽ നികുതിനിർണ്ണയവും പിരിവും എന്ന വിഷയം സംബന്ധിച്ച് ഓഡിറ്റ് പരിശോധിച്ച 21 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രണ്ട് നഗരസ്വയംഭരണ സ്ഥാപനങ്ങളും ആറ് ഗ്രാമപഞ്ചായത്തുകളും ജീവനക്കാരിൽനിന്ന് തൊഴിൽ നികുതി ഈടാക്കുവാൻ ബാധ്യസ്ഥമായ തങ്ങളുടെ അധികാരാതിർത്തിക്കകത്തെ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരം അടങ്ങുന്ന രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ലെന്നും ഈ രജിസ്റ്ററിന്റെ അഭാവത്തിൽ പ്രസ്തുത ഓഫീസുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയെന്ന് ഉറപ്പാക്കാൻ കഴിഞ്ഞില്ലെന്നും സമിതി നിരീക്ഷിക്കുകയും ആറ് പഞ്ചായത്തുകൾ പരിശോധിച്ചതിൽ നിന്നാണ് രജിസ്റ്ററുകൾ സൂക്ഷിക്കാത്ത വിവരം ഓഡിറ്റ് കണ്ടെത്തിയതെന്നും മറ്റ് സ്ഥലങ്ങളിലെ സ്ഥിതി എങ്ങനെയാണെന്നും എന്തെങ്കിലും പുരോഗതിയുണ്ടോയെന്നും സമിതി ആരാഞ്ഞപ്പോൾ തൊഴിൽ നികുതി ഇപ്പോൾ കാര്യക്ഷമമായി പിരിക്കുന്നുണ്ടെന്നും കഴിഞ്ഞ വർഷം 100 ശതമാനം പിരിച്ചിട്ടുണ്ടെന്നും ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ് അറിയിച്ചു.

3. വിവിധ ഗ്രാമപഞ്ചായത്തുകളിൽ എത്ര രൂപയാണ് തൊഴിൽ നികുതി ഇനത്തിൽ പിരിച്ചതെന്ന് സമിതി ആരാഞ്ഞതിന് കൊടകര ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 76,42,800 രൂപയും 2005-06-ൽ 23,48,400 രൂപയും അതിനുശേഷമുള്ള കാലയളവിൽ 28,41,500 രൂപയും തൊഴിൽ നികുതിയായി പിരിച്ചുവെന്നും മാള ഗ്രാമപഞ്ചായത്തിൽ 2016-17-ൽ 39,86,010 രൂപയും 2015-16 വർഷം 37 ലക്ഷത്തോളം രൂപയും പിരിച്ചിട്ടുണ്ടെന്നും മതിലകം ഗ്രാമപഞ്ചായത്തിൽ 2015-16-ൽ 12,24,690 രൂപയും 2016-17-ൽ 13,85,050 രൂപയും പിരിച്ചിട്ടുണ്ടെന്നും രണ്ട് വർഷവും 100 ശതമാനം പിരിച്ചിട്ടുണ്ടെന്നും തൊഴിൽ നികുതിയിനത്തിൽ പിരിഞ്ഞുകിട്ടുന്നതിൽ കൂടുതൽ തുകയും സ്ഥാപനങ്ങളിലുള്ള എംപ്ലോയീസിന്റേതാണെന്നും നെൻമണിക്കര ഗ്രാമപഞ്ചായത്തിൽ 2013-14-ൽ 10,99,800 രൂപ, 2014-15-ൽ 12,31,800 രൂപ, 2015-16-ൽ 12,73,930 രൂപ, 2016-17-ൽ 12,75,500 രൂപ എന്നിങ്ങനെയും പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ 2016-17-ൽ 11,05,010 രൂപ, 2015-16-ൽ 10,39,140 രൂപ, 2014-15-ൽ 9,70,970 രൂപ, ഓഡിറ്റ് കാലയളവിൽ 2001-02-ൽ 1,44,150 രൂപ, 2005-06-ൽ 2,59,650 രൂപ എന്നിങ്ങനെയുമാണ് തൊഴിൽ നികുതി പിരിച്ചതെന്ന് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർ സമിതിയിൽ അറിയിച്ചു. എന്നാൽ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി വിശദാംശങ്ങൾ ഹാജരാക്കിയിരുന്നില്ല.

4. നികുതി പിരിവ് സംബന്ധിച്ച് നല്ല പ്രോഗ്രസ്സാണെന്ന് സർക്കാർ റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിലും സമിതിയെ ബോധ്യപ്പെടുത്താനാവശ്യമായ വിശദാംശങ്ങൾ കൊണ്ടുവരണമെന്നും അല്ലാത്തപക്ഷം ഇക്കാര്യം ശരിയാണെന്ന് പറയാൻ കഴിയില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകളെല്ലാം സൂക്ഷിക്കുന്നുണ്ടോയെന്ന് സമിതി ആരായുകയും ആറ് തരം രജിസ്റ്റർ സൂക്ഷിക്കണമെന്നാണ് നിയമമെന്ന് സമിതി ചൂണ്ടിക്കാട്ടുകയും ചെയ്തു. ഇപ്പോൾ കമ്പ്യൂട്ടറൈസ്ഡ് സിസ്റ്റം ആയതുകൊണ്ട് ഡാറ്റാ എൻട്രി ചെയ്ത് പ്രിന്റെടുത്ത് രേഖകൾ ഫയലായി സൂക്ഷിക്കുന്നുണ്ടെന്നും പറപ്പൂക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും അത്തരത്തിലുള്ള സിസ്റ്റം ഇംപ്ലിമെന്റ് ചെയ്തിട്ടുണ്ടെന്ന് നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടറും സമിതിയെ അറിയിച്ചു

6. എഫക്ടീവായി കാര്യങ്ങൾ ചെയ്യുന്നുണ്ടെന്ന് പറഞ്ഞതിൽ സമിതി സംതൃപ്തി പ്രകടിപ്പിക്കുകയും എന്നാൽ ഇതുസംബന്ധിച്ച നിർദ്ദേശം ഡയറക്ടർ എപ്പോഴാണ് കൊടുത്തതെന്ന് ആരായുകയും ചെയ്തു 2017 മേയ് മാസം 16-ാം തീയതിയാണെന്ന് ജോയിന്റ് ഡയറക്ടർ അറിയിച്ചു. സമിതിയുടെ തെളിവെടുപ്പ് യോഗത്തിന്റെ കത്ത് പോയതിനുശേഷം 6-6-2017-നാണ് ഇത് സംബന്ധിച്ച് നഗരകാര്യ വകുപ്പ് നിർദ്ദേശം നൽകിയിരിക്കുന്നതെന്നും സമിതി നിരീക്ഷിച്ചു

7. നികുതി പിരിവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാര്യക്ഷമമായും സമയോചിത വുമായിട്ടുമുള്ള നടപടികൾ കൈക്കൊള്ളുന്നതിനും ഓഡിറ്റ് പരാമർശങ്ങളിൽ യഥാസമയം ന്യൂനതാപരിഹാര നടപടികൾ സ്വീകരിക്കുന്നതിലും കാണിക്കുന്ന വീഴ്ചയിലും സമിതിയുടെ തെളിവെടുപ്പ് യോഗം സംബന്ധിച്ച അറിയിപ്പ് കിട്ടിയതിന് ശേഷം മാത്രം നികുതിപിരിവ് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയതിലും സമിതി അതൃപ്തി പ്രകടിപ്പിക്കുകയും ഇത് വളരെ ഗൗരവതരമായ കാര്യമായതിനാൽ ഈ വീഴ്ചയ്ക്ക് ഉത്തരവാദിയാരെന്ന് ആരായുകയും ചെയ്തു.

8. ഓഡിറ്റ് പരാമർശങ്ങളിന്മേൽ 11 വർഷമായിട്ടും മറുപടി ലഭ്യമാക്കാതിരുന്നത് കാര്യക്ഷമമല്ലാത്ത പ്രവർത്തനം കൊണ്ടാണെന്നും കാലാകാലങ്ങളിൽ നിർദ്ദേശം നൽകി യിരുന്നെങ്കിൽ മറുപടികൾ അപ്ഡേറ്റ് ചെയ്ത് ലഭിക്കാൻ കാലതാമസം ഉണ്ടാകുമായിരുന്നില്ലെന്നും സമിതി നിരീക്ഷിക്കുകയും സമിതി മുൻപാകെ കൃത്യമായ മറുപടി നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

9. പല പ്രാവശ്യം കത്തെഴുതിയും ഫോൺ ചെയ്തുമാണ് റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതെന്നും പല നഗരസഭകളും അപൂർണ്ണവും കൃത്യതയില്ലാത്തതുമായ റിപ്പോർട്ടുകളാണ് തരുന്നതെന്നും അത്തരം റിപ്പോർട്ടുകൾ അയച്ചുകൊടുക്കാൻ ബുദ്ധിമുട്ടാണെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചതിന് അവ്യക്തവും തെറ്റായതുമായ മറുപടി ലഭിക്കുമ്പോൾ അവ ക്രോസ് ചെക്ക് ചെയ്യാനും ചോദ്യം ചെയ്യാനുമുള്ള സാധ്യതയും ഉത്തരവാദിത്തവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടി.

10. മൂന്ന് വർഷം കഴിഞ്ഞാൽ പ്രൊഫഷണൽ ടാക്സ് പിരിയ്ക്കാൻ കഴിയില്ലെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കിട്ടേണ്ട വരുമാനം ലഭ്യമാക്കുന്ന കാര്യത്തിൽ കാണിക്കുന്ന അലംഭാവം വികസന പ്രവർത്തനങ്ങളെ ബാധിക്കുമെന്നും സമിതി ചൂണ്ടിക്കാട്ടി. ഫീൽഡിൽ പോയി പിരിക്കുന്ന സമ്പ്രദായം നിലവിലുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് കച്ചവടക്കാരുമായി ബന്ധപ്പെട്ട നികുതി ഫീൽഡിൽ പോയി

പിരിക്കുന്നുണ്ടെന്ന് നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. ജനങ്ങൾക്ക് പൗരബോധം വർദ്ധിച്ചതുകൊണ്ട് ആളുകൾ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും ചെന്ന് നികുതി കൊടുക്കുകയാണ് ചെയ്യുന്നതെന്നും ഉദ്യോഗസ്ഥർക്ക് ഫീൽഡിൽ പോയി നികുതി പിരിക്കേണ്ടിവരുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

11. പുതിയ സ്ഥാപനങ്ങൾ വരുമ്പോൾ പ്രൊഫഷണൽ ടാക്സ് ചുമത്തുന്നതിനുള്ള മാനദണ്ഡം എന്താണ് എന്ന് സമിതി ആരാഞ്ഞതിന് പുതിയ സ്ഥാപനം വരുമ്പോൾ അവിടെ കച്ചവട ലൈസൻസ് കൊടുക്കുന്നതിന് മുൻപായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പരിശോധനയുണ്ടാകുമെന്നും അതിന്റെ സ്ലാബ് ആറ് മാസത്തേയ്ക്ക് കുറഞ്ഞത് 120 രൂപയും പരമാവധി 1,250 രൂപയാണെന്നും സർക്കാർ ഉദ്യോഗസ്ഥരുൾപ്പെടെ എല്ലാവർക്കും ബാധകമായ കാര്യമാണ് ഇതെന്നും സ്ഥല പരിശോധന നടത്തി പുതിയ സ്ഥാപനങ്ങളും പുതിയ വരുമാനസ്രോതസ്സുകളുമുള്ള ആളുകളെയും കണ്ടെത്തിക്കഴിഞ്ഞാൽ അത് ഉൾപ്പെടുത്തി നികുതിക്ക് വിധേയമാക്കാനുള്ള അധികാരം നിയമത്തിൽ പറയുന്നുണ്ടെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി. 14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെർഫോമെൻസ് ഗ്രാന്റ് അനുവദിക്കുന്നുണ്ടെന്നും എല്ലാ വർഷവും അവർക്ക് അത് ലഭിക്കുന്നുണ്ടെന്നും ധനകാര്യ സെക്രട്ടറി കൂട്ടിച്ചേർത്തു.

12. നഗര സ്വയംഭരണ സ്ഥാപനങ്ങൾ നോട്ടീസ് നൽകാത്തതുകൊണ്ട് സ്ഥാപനങ്ങളിലെ ജീവനക്കാരെ നികുതി ചുമത്താത്തത് സംബന്ധിച്ച പരാമർശം പരിഗണിക്കുകയും ചട്ടപ്രകാരം തൊഴിൽ നികുതി പിരിക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി എന്നീ നഗര സ്വയംഭരണ സ്ഥാപനങ്ങൾ തൊഴിലുടമകൾക്ക് നോട്ടീസ് നൽകിയില്ലെന്നും തത്ഫലമായി തൊഴിൽ സ്ഥാപനങ്ങളുടെ മേൽ നികുതി ചുമത്തിയെങ്കിലും അവയിലെ ജീവനക്കാർ നികുതി ചുമത്തലിൽ നിന്ന് രക്ഷപ്പെട്ടുവെന്നും അങ്ങനെ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം 2002-03-ന് മുമ്പുള്ള തൊഴിൽ നികുതി ചുമത്താതിരിക്കുന്നതിലും അത് കാലഹരണപ്പെടുന്നതിലും അതിനാൽ ഈടാക്കാതിരിക്കുന്നതിലും കലാശിച്ചുവെന്നും സമിതി നിരീക്ഷിച്ചു. സ്ഥാപനങ്ങളുടെ ലിസ്റ്റ് എങ്ങനെയാണ് ലഭിച്ചതെന്ന് ചെയർമാൻ ആരാഞ്ഞപ്പോൾ ഓഡിറ്റ് പരാമർശത്തിനുശേഷം ഈ വിഷയത്തിൽ കാര്യമായ ഇടപെടലുണ്ടാവുകയും ഫീൽഡ് വിസിറ്റ് നടത്തി പരിശോധന നടത്തി വിട്ടുപോയ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്റ്ററിൽ ചേർത്ത് നികുതി ചുമത്തുകയാണ് ചെയ്യുന്നതെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു.

13. നോട്ടീസ് നൽകുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത വിഷയം സംബന്ധിച്ച് ഡാറ്റ കളക്ട് ചെയ്തുവരികയാണെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി മറുപടി പറഞ്ഞു.

14. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നോട്ടീസ് കൊടുക്കുന്നതിന് പ്രായോഗികമായി എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഇപ്പോൾ ഡബിൾ എൻട്രി സിസ്റ്റമായതിനാൽ എല്ലാവരേയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ട്രേഡേഴ്സ് ലൈസൻസ് പുതുക്കുന്നതിനായി വരുമ്പോൾ അവരെ ലിസ്റ്റിൽ ഉൾപ്പെടുത്തി നികുതി ചുമത്തുന്നുണ്ടെന്നും രജിസ്ട്രേഷൻ ആവശ്യമായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ

തന്നെ അവരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നുണ്ടെന്നും ഇക്കാര്യത്തിൽ ഇപ്പോൾ ഒരു വീഴ്ചയും തൃശ്ശൂർ കോർപ്പറേഷന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ലെന്നും നികുതി നൽകാത്ത തൊഴിലാളികളെ കണ്ടെത്തി അടുത്ത ലിസ്റ്റിൽ ഉൾപ്പെടുത്തി നികുതി പിരിക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്നും സെക്രട്ടറി അറിയിച്ചു

15. ഇതിനോടൊപ്പം പരസ്യ ബോർഡുകളിൽ നിന്നുള്ള നികുതി പിരിക്കുന്നതിന് ഗൗരവമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന് സമിതി അഭിപ്രായപ്പെടുകയും ആയത് സംബന്ധിച്ച വിശദാംശങ്ങൾ ആരായുകയും ചെയ്തു. കോർപ്പറേഷൻ നേരിട്ടാണ് നികുതി പിരിക്കുന്നതെന്നും ആയതിന് സ്ലാബ് നിശ്ചയിച്ചിട്ടുണ്ടെന്നും നികുതി പിരിക്കുന്നതിന് തൃശ്ശൂരിൽ ഔട്ട് സോഴ്സ് ചെയ്തിരിക്കുകയാണെന്നും ടെണ്ടർ കൊടുത്തിരിക്കുകയാണെന്നും ടെണ്ടർ കൊടുക്കുമ്പോൾ തുക മുഴുവൻ ലഭിക്കുന്നുവെന്നും കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു

16. നോട്ടീസ് നൽകിയിട്ടും ഓഫീസ് മേധാവികൾ/തൊഴിലുടമകൾ തൊഴിൽ നികുതി ചുമത്താത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശം സമിതി പരിഗണിക്കുകയും പ്രസ്തുത ഓഫീസ് മേധാവികൾ/തൊഴിലുടമകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് സമിതി ആരായുകയും ചെയ്തതിന് അവർക്കെതിരെ പിഴ ചുമത്തുകയോ പ്രോസിക്യൂട്ട് ചെയ്യുകയോ ചെയ്യാവുന്നതാണെന്ന് ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു തൊഴിൽ നികുതി പിരിക്കുന്നത് തടസ്സപ്പെടുത്തുന്ന പ്രവണത തൊഴിൽ ദാതാക്കളുടെ ഭാഗത്തുനിന്നുണ്ടാകാറുണ്ടെന്നും ഇപ്പോൾ ആ സാഹചര്യം മാറിയിട്ടുണ്ടെന്നും ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആറ് പഞ്ചായത്തുകളും പരിശോധിക്കപ്പെട്ടിട്ടുണ്ടെന്നും, പെർഫോമൻസ് ഓഡിറ്റ് ടീം മാസം തോറും ഓരോ പഞ്ചായത്തിലും ഒരു തവണയെങ്കിലും പരിശോധന നടത്തുന്നുണ്ടെന്നും മുൻകാലങ്ങളിൽ ശരിയായ രൂപത്തിൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്ന പതിവ് ഉണ്ടായിരുന്നില്ലെന്നും ഇപ്പോൾ തനത് ഫണ്ട് മൊബിലൈസ് ചെയ്യാൻ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ താല്പര്യം കാണിക്കുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു

17. ഇത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിനും നികുതി പിരിവിൽ വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ കാര്യക്ഷമമായി കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തമായ മറുപടി ലഭ്യമാക്കാത്തതിൽ അതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു.

18. തൃശ്ശൂർ കോർപ്പറേഷനിലെയും കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെയും കേന്ദ്ര/സംസ്ഥാന സർക്കാർ സ്ഥാപനങ്ങളും ഓഫീസുകളും തങ്ങളുടെ ജീവനക്കാരെ 2001-02 മുതൽ 2003-04 വരെയുള്ള കാലയളവിൽ നികുതി ചുമത്തിയില്ലെന്ന ഓഡിറ്റ് പരാമർശം സമിതി പരിഗണിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സംസ്ഥാന/കേന്ദ്ര സർക്കാർ ഓഫീസുകളുടെ എണ്ണം കൃത്യമാണെന്നും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നുള്ള നികുതി പോലും പിരിയ്ക്കാൻ കഴിയുന്നില്ലെന്നുള്ളത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നികുതി പിരിവ് സംബന്ധിച്ച് യാതൊരു ബാധ്യതയുമില്ലെന്നാണ് സൂചിപ്പിക്കുന്നതെന്നും സംസ്ഥാന സർക്കാർ നൽകുന്ന പണം ചെലവഴിക്കുന്നതിനുള്ള നടപടികൾ മാത്രമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നതെന്നും മുൻകാലങ്ങളിലെപ്പോലെ പ്ലാൻ ഫണ്ടിൽനിന്ന് ശമ്പളം കൊടുക്കാൻ പാടില്ലെന്നും നികുതി പിരിച്ചെടുത്ത് ശമ്പളം നൽകണമെന്നുമായാൽ കൃത്യമായി നികുതി പിരിച്ചെടുക്കാൻ കഴിയുമെന്ന് സമിതി അഭിപ്രായപ്പെട്ടു

19. കമ്പനികളെയും ഉദ്യോഗസ്ഥരല്ലാത്ത വ്യക്തികളെയും നികുതി ചുമത്താത്തത്, നികുതി ചുമത്തപ്പെടേണ്ട വ്യക്തികളുടെയും കമ്പനികളുടെയും വിവരങ്ങൾ സൂക്ഷിക്കാത്തത് എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശം സമിതി പരിഗണിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ യഥാസമയം നടപടി കൈക്കൊണ്ടിട്ടുണ്ടോയെന്നും അതിനുള്ള നിർദ്ദേശം നൽകിയതെന്നാണെന്നും ആരാഞ്ഞ സമിതി ഇത് സംബന്ധിച്ച് നൽകിയ നിർദ്ദേശത്തിന്റെ പകർപ്പും, നഗര സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് കൈവശമുള്ള കമ്പനികളെ/വ്യാപാരികളെ/വ്യക്തികളെ 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ പരിശോധിക്കപ്പെട്ട തൃശ്ശൂർ കോർപ്പറേഷൻ, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി എന്നീ രണ്ട് നഗര സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കേണ്ട നികുതികൾ പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു.

20. പഞ്ചായത്തുകളിലെ വ്യാപാരികളെ നികുതി ചുമത്തിയില്ലെന്ന പരാമർശം പരിഗണിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയതെന്നാണെന്നും ആയതിന്റെ പകർപ്പ് സമിതിക്ക് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു.

21. തൃശ്ശൂർ ജില്ലയിലെ മേത്തല, കൊടകര എന്നീ പഞ്ചായത്തുകളിൽ ഡി&ഒ ലൈസൻസ് ഉണ്ടായിരുന്നവരിൽ നിന്ന് നികുതി ഈടാക്കാതിരുന്നതിന് കാരണമെന്താണെന്നും അതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും, 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള കൊടകര, മാള, മതിലകം, മേത്തല എന്നീ നാല് പഞ്ചായത്തുകളിൽ ബിസിനസ് നടത്തിയ കമ്പനികളുടെ മേൽ തൊഴിൽ നികുതി ചുമത്താതിരുന്നതെന്തുകൊണ്ടാണെന്നും സമിതി ആരാഞ്ഞു.

22. കൃഷിക്കാരെ നികുതി ചുമത്താത്തത് സംബന്ധിച്ച പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

23. ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്ത് പ്രവൃത്തി നടത്തുന്നതോ അല്ലെങ്കിൽ താമസിക്കുകയും അതേസമയം ടി സ്ഥാപനത്തിന് വെളിയിൽ പ്രവൃത്തി നടത്തുകയും ചെയ്യുന്നതോ ആയ കരാറുകാർ നികുതി ചുമത്തപ്പെടാൻ ബാദ്ധ്യസ്ഥരായിരിക്കെ ടി ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവർക്കുവേണ്ടി പ്രവർത്തിയെടുത്ത കരാറുകാർ ഉൾപ്പെടെയുള്ളവരിൽനിന്ന് തൊഴിൽ നികുതി ചുമത്താതിരുന്നത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു.

24. വാഹന ഉടമകളെ നികുതി ചുമത്താത്തത് സംബന്ധിച്ച സർക്കാർ മറുപടി പരിശോധിക്കുകയും വാഹന ഉടമകളിൽ നിന്ന് തൊഴിൽ നികുതി പിരിച്ചെടുക്കേണ്ട ചുമതല ആർക്കാണ്; അതുസംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കേണ്ട ഉത്തരവാദിത്തം ആർക്കാണ്; നികുതി പിരിച്ച നൽകുന്നതിന് പ്രൈവറ്റ് ബസ് ഓണേഴ്സ് അസോസിയേഷന് കത്ത് നൽകാനുള്ള കാരണമെന്ത്; നികുതിയിനത്തിൽ പിരിഞ്ഞുകിട്ടിയ തുക എത്ര മുതലായ വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ആരാഞ്ഞു.

25. നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനത്തിന് നികുതി ചുമത്താത്തത് സംബന്ധിച്ച് കാര്യക്ഷമമായ നടപടികൾ കൈക്കൊള്ളുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് യഥാസമയം നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നാണ് നൽകിയതെന്നും ആയതിന്റെ പകർപ്പ് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

26. നികുതി പിരിവിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം നടപടിയൊന്നും കൈക്കൊണ്ടിട്ടില്ലെന്ന് തൃശ്ശൂർ നഗരസഭാ സെക്രട്ടറിയും ഇതുസംബന്ധിച്ച് എന്തുനടപടി കൈക്കൊണ്ടുവെന്ന് അറിയില്ലെന്ന് നിയന്ത്രണാധികാര സ്ഥാപനത്തെ പ്രതിനിധീകരിച്ച നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടറും സമിതിയെ ബോധിപ്പിച്ചു.

27. മൂന്ന് വർഷം കഴിഞ്ഞാൽ തൊഴിൽ നികുതി പിരിച്ചെടുക്കാൻ കഴിയാത്തതുകൊണ്ട് ഇനി നടപടി സ്വീകരിക്കാൻ കഴിയാത്തതിനാൽ ടി ഇനത്തിൽ പിരിച്ചെടുക്കേണ്ടിയിരുന്ന തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കാൻ കഴിയുമെന്ന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. ഇത്തരത്തിൽ വീഴ്ച സംഭവിച്ചതായി മനസ്സിലായിട്ടും കൊടുങ്ങല്ലൂർ, തൃശ്ശൂർ നഗരസഭകൾക്ക് ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെക്കുറിച്ച് അന്വേഷിക്കാൻ കഴിഞ്ഞിട്ടില്ലേയെന്ന് സമിതി ആരായുകയും 59.98 ലക്ഷം രൂപ തൃശ്ശൂർ നഗരസഭ നികുതിയിനത്തിൽ പിരിച്ചെടുക്കാനുള്ളതാണെന്നും നിയമപ്രകാരം ഇനിയത് പിരിക്കാൻ കഴിയില്ലെന്നും വീഴ്ച സംഭവിച്ചതിനെക്കുറിച്ച് പരിശോധിക്കുകയും ഇനിയും അത്തരം വീഴ്ച ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുകയും ചെയ്തു.

28. നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി നിരക്കുകൾ പുതുക്കുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച കാര്യങ്ങൾ മുൻപത്തെ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ പാസ്സാക്കിയിട്ടുണ്ടെന്നും നികുതി പരിഷ്കരിക്കുന്നതിന് ഭരണഘടനയിൽ ഭേദഗതി വരുത്തേണ്ടതിനാൽ അതുസംബന്ധിച്ച് ഉടൻതന്നെ കേന്ദ്രഗവൺമെന്റിന് കത്തയയ്ക്കുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയും ഭരണഘടനയിൽ 1,250 രൂപയെന്ന പരിധി പറയുന്നുണ്ടെന്നും അത് ഭേദഗതി ചെയ്യാൻ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥൻ അറിയിച്ചു. എന്നാൽ അത്

1997 ഏപ്രിൽ 1 മുതൽ പരിഷ്കരിച്ച നിരക്കായതിനാൽ അത് പഴയകാര്യമാണെന്ന് സമിതി നിരീക്ഷിക്കുകയും 1997 ഏപ്രിൽ 1-ന് നിലവിൽ വന്ന കാര്യം നഗരസഭ നടപ്പിലാക്കിയത് 2005 ലാണെന്നും 1997 മുതൽ 2005 വരെയുള്ള തുക പിരിച്ചിട്ടില്ലെന്നും മനസ്സിലാക്കുകയും ഈ വിഷയം സംബന്ധിച്ച് വ്യക്തത ആവശ്യപ്പെടുകയും ചെയ്തു.

29. ഓഡിറ്റ് പരാമർശങ്ങൾ 3.2.12 മുതൽ 3.2.12.6 വരെയുള്ളവ പരിഗണിച്ച സമിതി രജിസ്റ്ററുകൾ സൂക്ഷിക്കുന്ന കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് ഗവൺമെന്റ് അറിയിച്ചിരിക്കുന്നതെന്നും അക്കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ട താണെന്നും നിർദ്ദേശിച്ചു.

30. പഞ്ചായത്തിലും നഗരപ്രദേശങ്ങളിലും ജോലി ചെയ്യുന്നവർ ഒരേ ശമ്പളമാണ് വാങ്ങുന്നതെങ്കിലും പഞ്ചായത്തിൽ ജോലി ചെയ്യുന്നവർക്ക് കൂടുതൽ നികുതി ചുമത്തുന്നത് എന്തുകൊണ്ടാണെന്നും എങ്ങനെയാണ് ഇപ്രകാരം നികുതി ഘടനയിൽ വ്യത്യാസം വരുന്നതെന്നും ചെയർമാൻ ആരാഞ്ഞു. ഇതുസംബന്ധിച്ച്, പഞ്ചായത്ത് ചട്ടം ഭേദഗതി ചെയ്തുവെങ്കിലും നഗരസഭ നാളിതുവരെ ചട്ടം ഭേദഗതി ചെയ്തിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി ഇതുസംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് പ്രൊപ്പോസൽ നൽകണമെന്ന് നിർദ്ദേശിക്കുകയും ഇത് സംബന്ധിച്ച് അടിയന്തരമായ നടപടിക്രമങ്ങൾ ആവശ്യമാണെന്നും പ്രസ്തുത വേർതിരിവ് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കേണ്ട താണെന്നും നിർദ്ദേശിച്ചു.

31. ഖണ്ഡിക 3.2.13.2, 3.2.13.3 സംബന്ധിച്ച് ലഭ്യമാക്കിയ മറുപടി പരിഗണിക്കുകയും പ്രസ്തുത ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

32. ഖണ്ഡിക 3.2.14 മുതൽ 3.2.14.2 വരെയുള്ളവ സമിതി പരിഗണിക്കുകയും ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള 2006-ൽ നടന്ന അനാസ്ഥയെ സംബന്ധിച്ചും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തുനടപടി സ്വീകരിച്ചുവെന്നും ആരായുകയും ചെയ്തു.

33. തൃക്കാക്കര മുനിസിപ്പാലിറ്റി പഞ്ചായത്ത് ആയിരുന്ന 2004-05 കാലഘട്ടത്തിൽ ആണ് ഇൻഫോപാർക്ക് അവിടെ പ്രവർത്തനം തുടങ്ങിയതെന്നും 2004-05-ൽ പ്രൊഫഷണൽ ടാക്സിൽ നിന്ന് ഒഴിവാക്കിയതായി പഞ്ചായത്ത് ഡയറക്ടർ ഒരു ഉത്തരവ് കൊടുത്തിരുന്നുവെന്നും പിന്നീട് അതിൽ മാറ്റങ്ങൾ വരുത്തുകയുണ്ടായെന്നും പിന്നീട് പഞ്ചായത്തിന് നോട്ടീസ് കൊടുത്ത് ലിസ്റ്റ് കളക്ട് ചെയ്ത് അർഹതപ്പെട്ട മുഴുവൻപേരിൽ നിന്നും നികുതി ചുമത്തിയെന്നും പ്രസ്തുത വിവരം 10-6-2010-ൽ പഞ്ചായത്ത് ഡയറക്ടർക്ക് പഞ്ചായത്ത് സെക്രട്ടറി അയച്ചുകൊടുത്തിരുന്നുവെന്നും ഡയറക്ടർ യഥാസമയം ഇത് ക്രോഡീകരിച്ച് സർക്കാർ/ സി & എ.ജി.-ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലായിരിക്കാമെന്ന് തൃക്കാക്കര മുൻസിപ്പാലിറ്റി സൂപ്രണ്ട്

അറിയിച്ചു. ഓഡിറ്റ് പരിശോധനാ സമയത്ത് അക്കാര്യങ്ങൾ ഓഡിറ്റിനെ ബോധ്യപ്പെടുത്താൻ മുനിസിപ്പാലിറ്റിക്ക് കഴിഞ്ഞില്ലായെന്ന് നിരീക്ഷിച്ച സമിതി ഓഡിറ്റ് വേളയിൽ എന്തുകൊണ്ടാണ് ബന്ധപ്പെട്ട രേഖകൾ കൊടുക്കാതിരുന്നതെന്ന് ആരായുകയും തൃക്കാക്കരയിലെ തൊഴിൽ മേഖലയിൽ തൊഴിൽ നികുതി ഈടാക്കണമെന്നത് പ്രത്യേകിച്ച് പറയേണ്ട കാര്യമില്ലായെന്നും 27.63 ലക്ഷം രൂപ നഷ്ടപ്പെട്ടിരിക്കുന്നുവെന്നത് ഗുരുതരമായ വീഴ്ചയാണെന്നും അത് 2010-ൽ ചൂണ്ടിക്കാണിച്ചിരുന്ന എന്നതിൽ ഒരു ന്യായീകരണവുമില്ലെന്നും നികുതി പിരിക്കുന്നതിൽ ജീവനക്കാരിൽ നിന്ന് വലിയ വീഴ്ചയാണ് സംഭവിച്ചിട്ടുള്ളതെന്നും അത് ഗൗരവമായി എടുക്കേണ്ടകാര്യമാണെന്നും അഭിപ്രായപ്പെട്ടു.

34. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആന്തരിക നിയന്ത്രണ വ്യവസ്ഥകൾ പാലിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും, തൊഴിലുടമകൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ ന്യൂനതയുണ്ടോയെന്ന് പരിശോധിക്കുന്നതിനും നികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആരായുവാൻ സമിതി തീരുമാനിച്ചു.

35. നികുതി പിരിക്കുന്നതിനുള്ള ഉദ്യോഗസ്ഥരുടെ അപര്യാപ്തത സംബന്ധിച്ച ഓഡിറ്റ് പരാമർശം സമിതി പരിഗണിക്കുകയും ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് സമിതി ആരായുകയും ചെയ്തു. പഞ്ചായത്തുകളുടെ വർക്ക് ലോഡ് വളരെയധികം കൂടിയിട്ടുണ്ടെന്നും അതനുസരിച്ച് ജീവനക്കാരുടെ എണ്ണം കുറവാണെന്നും ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടില്ലാത്ത പഞ്ചായത്തുകളിൽ ജീവനക്കാരുടെ അപര്യാപ്തത വളരെയധികം ബാധിച്ചിട്ടുണ്ടെന്നും നികുതി പിരിവ് കാര്യക്ഷമമായി നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു. സ്റ്റാഫിന്റെ അപര്യാപ്തത ഉണ്ടെങ്കിലും നികുതി പിരിവ് കാര്യക്ഷമമായി നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നതിൽ സമിതി തൃപ്തി പ്രകടിപ്പിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**36. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിൽ നഗരകാര്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങി ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നീതീകരിക്കാനാവാത്ത കാലതാമസം ഉണ്ടായതായി സമിതി നിരീക്ഷിക്കുന്നു. ബന്ധപ്പെട്ട വകുപ്പുകളുടെ ഇത്തരം നടപടികൾ സമൂഹത്തോടുള്ള അനീതിയും നിയമസഭാ സമിതിയോടുള്ള അനാദരവും ആണെന്നും അഭിപ്രായപ്പെടുന്നു. അതത് വർഷത്തെ ഓഡിറ്റ് പരാമർശങ്ങളിന്മേൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് ന്യൂനതാ പരിഹാര നടപടിപത്രികകൾ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

37. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിന്റെ ഇരുപത് മുതൽ നാല്പത് ശതമാനം വരെ സംഭാവന ചെയ്യുന്ന തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നും ഗൗരവതരമായ വീഴ്ച ഉണ്ടായതായി സമിതി വിലയിരുത്തുന്നു. തൊഴിൽ നികുതി കുടിശ്ശികയായി മൂന്ന് വർഷങ്ങൾക്കുശേഷം ആയത് കാലഹരണപ്പെടുമെന്ന് കൃത്യമായി അറിയാവുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കുടിശ്ശിക നികുതി സമയബന്ധിതമായി പിരിച്ചെടുക്കുന്നതിൽ കാണിച്ച വീഴ്ച ഒരു കാരണവശാലും ന്യായീകരിക്കത്തക്കതല്ലെന്ന് അഭിപ്രായപ്പെട്ട സമിതി ഉദ്യോഗസ്ഥർക്ക് കുറേക്കൂടി കാര്യക്ഷമത ആവശ്യമാണെന്നും നിരീക്ഷിക്കുന്നു. നികുതി പിരിവ് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പ് മേധാവി തലത്തിൽ റിവ്യൂ മീറ്റിംഗ് കൂടുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ അധികാര പരിധിയ്ക്കകത്ത് പ്രവർത്തിക്കുന്ന ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരം അടങ്ങുന്ന രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായ വ്യക്തികളെയും കമ്പനികളെയും പറ്റിയുള്ള വിവരങ്ങളുടെ അഭാവത്തിൽ അവർക്ക് നോട്ടീസ് നൽകുന്നതിനോ, നികുതി പിരിക്കുന്നതിനോ കഴിഞ്ഞിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. അതോടൊപ്പം തൊഴിൽ നികുതി സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചട്ടപ്രകാരം സൂക്ഷിക്കേണ്ട കണക്ക് പുസ്തകങ്ങൾ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സൂക്ഷിക്കാത്തതിനാൽ നികുതി പിരിവിന്റെയും കുടിശ്ശികയുടെയും കണക്ക് തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ചട്ടപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നുണ്ടെന്നും ആയത് അപ്ഡേറ്റ് ചെയ്യുന്നുണ്ടെന്നും കമ്പ്യൂട്ടറൈസ്ഡ് സിസ്റ്റം ആയവ ഡാറ്റാ എൻട്രി ചെയ്ത് പ്രിന്റെടുത്ത് രേഖകൾ ഫയലായി സൂക്ഷിക്കുന്നുണ്ടെന്നും ബന്ധപ്പെട്ടവർ കർശനമായി ഉറപ്പുവരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരായ എല്ലാവരെയും തൊഴിൽ നികുതി ശൃംഖലയ്ക്കകത്ത് കൊണ്ടുവരുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു ഡാറ്റാബേസ് തയ്യാറാക്കണമെന്നും ആയത് തദ്ദേശസ്വയംഭരണ വകുപ്പ് മോണിറ്റർ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

39. മുനിസിപ്പാലിറ്റികളുടെ നികുതി-നികുതിയേതര വരുമാനങ്ങളുടെ പിരിവിനെ സംബന്ധിച്ച് മേഖലാ തലത്തിലും സംസ്ഥാന തലത്തിലും മാസാമാസം അവലോകനം നടത്തി പോരായ്മകൾ പരിഹരിക്കുന്നതിനും വസ്തു നികുതി ഉൾപ്പെടെയുള്ള നഗരസഭകളുടെ സ്വന്തമായ വരുമാനങ്ങൾ ഈടാക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും നഗരകാര്യ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

40. എല്ലാ പഞ്ചായത്തുകളിലും പെർഫോർമെൻസ് ഓഡിറ്റ് പരിശോധന കാര്യക്ഷമമായി നടത്തണമെന്നും നോട്ടീസ് നൽകിയിട്ടും തൊഴിൽ നികുതി അടയ്ക്കാത്തവർക്കെതിരെ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. അതോടൊപ്പം നികുതി പിരിവിൽ വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

41. 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് കൈവശമുള്ള കമ്പനികളെ/വ്യാപാരികളെ/വ്യക്തികളെ തൃശ്ശൂർ കോർപ്പറേഷൻ, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി എന്നീ രണ്ട് നഗര സ്വയംഭരണ സ്ഥാപനങ്ങൾ നികുതി ചുമത്താത്തതിനാൽ ടി നഗരസഭകൾക്ക് ഭീമമായ നഷ്ടം സംഭവിച്ചതായി സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ സമയബന്ധിതമായി പിരിച്ചെടുക്കേണ്ട നികുതികൾ പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

42. തൃശ്ശൂർ ജില്ലയിലെ മേത്തല, കൊടകര എന്നീ പഞ്ചായത്തുകളിൽ ഡി & ഒ ലൈസൻസ് ഉണ്ടായിരുന്ന, 126 നികുതിദായകരുടെ വിവരങ്ങളും അവരുടെ വരുമാനം സംബന്ധിച്ച വിശദാംശങ്ങളും പഞ്ചായത്തുകളിൽ ലഭ്യമായിരുന്നിട്ടും അവരിൽ നിന്നും നികുതി പിരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഈ വിഷയത്തെ സംബന്ധിച്ച് അന്വേഷിക്കണമെന്നും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള കൊടകര, മാള, മതിലകം, മേത്തല എന്നീ നാല് പഞ്ചായത്തുകളിൽ ബിസിനസ് നടത്തിയ കമ്പനികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവർക്കുവേണ്ടി പ്രവൃത്തിയെടുത്ത കരാറുകാർ ഉൾപ്പെടെയുള്ളവരിൽ നിന്നും തൊഴിൽ നികുതി ചുമത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

43. തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ വാഹന ഉടമകൾ, സ്റ്റേജ് കാരിയറുകൾ/ചരക്കുവണ്ടികൾ ഓടിക്കുന്നതിനുള്ള അനുമതി കൈവശമുള്ളവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി പിരിച്ചെടുക്കേണ്ട ചുമതല ആർക്കാണ്; അത് സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കേണ്ട ഉത്തരവാദിത്തം ആർക്കാണ്; നികുതി പിരിച്ചുനൽകുന്നതിന് പ്രൈവറ്റ് ബസ് ഓണേഴ്സ് അസോസിയേഷന് കത്ത് നൽകാനുള്ള കാരണമെന്ത്; നികുതിയിനത്തിൽ പിരിഞ്ഞുകിട്ടിയ തുക എത്ര മുതലായ വിവരങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

44. കെട്ടിടങ്ങളിൽ നിന്നുള്ള വാടക, മുൻകൂർ നിക്ഷേപത്തിന്മേലുള്ള പലിശ ഇടങ്ങിയവ ലഭിക്കുന്നവരുടെ പട്ടിക സൂക്ഷിക്കാത്തതിനാൽ നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനത്തിന് നികുതി ചുമത്താൻ കഴിഞ്ഞില്ലെന്നും ആയതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് കാര്യക്ഷമമായ നടപടികൾ കൈക്കൊള്ളുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് യഥാസമയം നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നാണ് നൽകിയതെന്നും ആയതിന്റെ പകർപ്പ് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

45. തൃശ്ശൂർ നഗരസഭയിൽ 2004 മാർച്ച് 31 വരെ 59.98 ലക്ഷം രൂപ തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശികയുണ്ടെന്നും ഇടർന്നുള്ള രണ്ട് വർഷങ്ങളിലെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ടി തുക നിയമപ്രകാരം ഇനി പിരിക്കാൻ കഴിയില്ലെന്നും സമിതി വിലയിരുത്തുന്നു. ഇത്തരത്തിൽ ഉണ്ടായ വീഴ്ചയെക്കുറിച്ച് ഗൗരവതരമായി പരിശോധിക്കണമെന്നും ഇനിയും അത്തരം വീഴ്ച ആവർത്തിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.

46. പഞ്ചായത്തിലെയും നഗരപ്രദേശങ്ങളിലെയും കമ്പനികളുടെ/സ്വയംതൊഴിൽ ചെയ്യുന്ന വ്യക്തികളുടെ നികുതി നിർണ്ണയ രീതികൾ സംബന്ധിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളും 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച വേർതിരിവ് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

47. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആന്തരിക നിയന്ത്രണ വ്യവസ്ഥകൾ പാലിക്കുന്നതിനും തൊഴിലുടമകൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ ന്യൂനതയുണ്ടോയെന്ന് പരിശോധിക്കുന്നതിനും നികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കുന്നതിനും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### 4.6 വെള്ളക്കരത്തിന്മേൽ ഒഴിവാക്കാമായിരുന്ന സർചാർജ്ജും പിഴപ്പലിശയും

| |
|---|
| നിശ്ചിത സമയത്ത് വെള്ളക്കരം അടയ്ക്കുന്നതിലും കേടായ വാട്ടർമീറ്റർ മാറ്റിവയ്ക്കുന്നതിലും വയനാട് ജില്ലാപഞ്ചായത്ത് വരുത്തിയ വീഴ്ച 83.78 ലക്ഷം രൂപയുടെ ഒഴിവാക്കാമായിരുന്ന സർചാർജ്ജും പിഴപ്പലിശയും ഒടുക്കുന്നതിനിടയാക്കി. |

1994-ലെ പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് 1995 ഒക്ടോബർ രണ്ട് മുതൽ പ്രാബല്യത്തോടെ മാനന്തവാടിയിലുള്ള ജില്ലാ ആശുപത്രി വയനാട് ജില്ലാപഞ്ചായത്തിന് സംസ്ഥാന ആരോഗ്യ വകുപ്പ് കൈമാറി. വെള്ളക്കരവും വൈദ്യുതി ചാർജ്ജും അടയ്ക്കുന്നതുൾപ്പെടെ ആശുപത്രിയുടെ സംരക്ഷണവും പരിപാലനവും അങ്ങനെ

1995 ഒക്ടോബർ മുതൽ ജില്ലാപഞ്ചായത്തിന്റെ ചുമതലയായി. വെള്ളക്കരം കുടിശ്ശിക വരുത്തിയതിനും കേടായ വാട്ടർമീറ്റർ മാറ്റി സ്ഥാപിക്കാത്തതിനും അനുബന്ധം X-ൽ വിശദമാക്കിയിരിക്കുന്നതുപോലെ കേരള ജല അതോറിറ്റി 83.78 ലക്ഷം രൂപ[1] പിഴ ചുമത്തി. ജില്ലാ പഞ്ചായത്ത് അടയ്ക്കേണ്ട വെള്ളക്കരത്തിൽ 4.01 ലക്ഷം രൂപ ആശുപത്രി ജില്ലാപഞ്ചായത്തിന് കൈമാറുന്നതിനുമുമ്പുള്ള കാലയളവിലേതായിരുന്നു.

വാട്ടർമീറ്റർ മാറ്റി സ്ഥാപിക്കാത്തതിന് 1998 ഡിസംബറിലേയും 1999 ജനുവരിയിലെയും വെള്ളക്കരത്തിന്റെ 50 ശതമാനം നിരക്കിലും അതിനുശേഷം 100 ശതമാനം നിരക്കിലും കണക്കാക്കിയ സർചാർജ്ജ് 28.18 ലക്ഷം രൂപയായിരുന്നു. സർചാർജ്ജ് അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയതിന് രണ്ട് ശതമാനം നിരക്കിൽ 29.13 ലക്ഷം രൂപ പിഴയും ഈടാക്കി. അങ്ങനെ 4,147 രൂപ വിലയുള്ള വാട്ടർമീറ്റർ മാറ്റി സ്ഥാപിക്കാത്തത് 57.31 ലക്ഷം രൂപയുടെ ഒഴിവാക്കാമായിരുന്ന സർചാർജ്ജും അതിന്മേലുള്ള പിഴയും (28.18 ലക്ഷം രൂപ + 29.13 ലക്ഷം രൂപ) ഒടുക്കുന്നതിൽ കലാശിച്ചു.

1993 ഒക്ടോബർ മുതൽ 2006 മേയ് വരെയുള്ള കാലയളവിൽ ഡിമാന്റ് ചെയ്ത 1.24 കോടി രൂപയിൽ 4.46 ലക്ഷം രൂപ ബാക്കി നിർത്തിക്കൊണ്ട് 1.19 കോടി രൂപ 2006 മേയ് മാസം വരെ ജില്ലാപഞ്ചായത്ത് അടച്ചിട്ടുണ്ട്. വാട്ടർമീറ്റർ സമയത്തിന് മാറ്റി സ്ഥാപിച്ചിരുന്നെങ്കിൽ സർചാർജ്ജും അതിന്മേലുള്ള പിഴയും ഒഴിവാക്കാമായിരുന്നു. 2006 മേയ് മാസത്തിൽ വാട്ടർമീറ്റർ മാറ്റി സ്ഥാപിച്ചെങ്കിലും ജല അതോറിറ്റി സർചാർജ്ജ് ചുമത്തുന്നത് തുടർന്നുകൊണ്ടിരുന്നു. 2006 ആഗസ്റ്റിൽ ഇക്കാര്യം ജല അതോറിറ്റിയുടെ ശ്രദ്ധയിൽ (2006 ആഗസ്റ്റ്)പ്പെടുത്തിയെങ്കിലും 2006 സെപ്റ്റംബർ വരെ അവർ നടപടിയൊന്നും എടുത്തില്ല.

വെള്ളക്കരം സമയത്തിനുനൽകുന്നതിലും കേടായ വാട്ടർമീറ്റർ മാറ്റി സ്ഥാപിക്കുന്നതിലുമുള്ള വീഴ്ച 83.78 ലക്ഷം രൂപയുടെ ഒഴിവാക്കാമായിരുന്ന പിഴപ്പലിശയും സർചാർജ്ജും ഒടുക്കുന്നതിലേയ്ക്ക് നയിച്ചു.

ഇക്കാര്യം 2006 ആഗസ്റ്റിൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തു. മറുപടി ലഭിച്ചിട്ടില്ല.

---

1 കേടായ ജലമാപിനി മാറ്റി സ്ഥാപിക്കാത്തതിനുള്ള സർചാർജ് = 28.18 ലക്ഷം രൂപ
വെള്ളക്കരം 1999 മുതൽ 2006 മേയ് വരെ
സർചാർജ് വീഴ്ച വരുത്തിയതിന് പിഴ ആകെ = 55.60 ലക്ഷം രൂപ
= 83.78 ലക്ഷം രൂപ

## അനുബന്ധം X

### വെള്ളക്കരത്തിന്മേൽ ഒഴിവാക്കാമായിരുന്ന സർചാർജ്ജും പിഴപ്പലിശയും

### (പരാമർശം: ഖണ്ഡിക 4.6)

(തുക രൂപയിൽ)

| കാലയളവ് | | | വെള്ളക്കരം | | | പിഴത്തുകകൾ | | | | ആകെ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| മുതൽ | വരെ | മാസങ്ങൾ | നിരക്ക് | തുക | സർചാർജ്ജ് | പിഴ | | | ആകെ പിഴത്തുക | | |
| | | | | | | വൈകിയടച്ച വെള്ളക്കരം | വൈകിയടച്ച സർചാർജ്ജ് | ആകെ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1993 ഒക്ടോബർ | 1995 സെപ്റ്റംബർ | 24 | 16680 | 400320 | -- | 230 | -- | 230 | 230 | 400550 | ആശുപത്രി വകുപ്പിന്റെ കീഴിലായിരുന്നു |
| 1995 ഒക്ടോബർ | 1996 മേയ് | 08 | 16680 | 133440 | -- | 80 | -- | 80 | 80 | 133520 | |
| 1996 ജൂൺ | 1998 മേയ് | 24 | 20850 | 500400 | -- | 240 | -- | 240 | 240 | 500640 | ആശുപത്രി ജില്ലാ പഞ്ചായത്തിന്റെ കീഴിലായിരുന്നു |
| 1998 ജൂൺ | 1998 നവംബർ | 06 | 20850 | 125100 | -- | 78003 | -- | 78003 | 78003 | 203103 | |
| 1998 ഡിസംബർ | 1999 ജനുവരി | 02 | 20850 | 41700 | 20850 | 31543 | 209 | 31752 | 52602 | 94302 | |
| 1999 ഫെബ്രുവരി | 1999 മാർച്ച് | 02 | 20850 | 41700 | 41700 | 34502 | 1268 | 35770 | 77470 | 119170 | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|
| 1999 ഏപ്രിൽ | 2006 മേയ് | 86 | 32037 | 2755182 | 2755182 | 2501932 | 2912214 | 5414146 | 8169328 | 10924510 | |
| ആകെ | | 152 | | 3997842 | 2817732 | 2646530 | 2913691 | 5560221 | 8377953 | 12375795 | |

**(സി. ആന്റ് എ.ജി.യുടെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.6)**

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നല്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

48. ജില്ലാ ആശുപത്രി ജില്ലാ പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനമാണെങ്കിലും ആശുപത്രിയുടെ ദൈനംദിന നിർവ്വഹണം നടത്തുന്നത് ജില്ലാ ആശുപത്രി സൂപ്രണ്ടും ജില്ലാ മെഡിക്കൽ ഓഫീസറുമാണെന്നും 1995-ലാണ് ജില്ലാ ആശുപത്രി ജില്ലാ പഞ്ചായത്തിന് സംസ്ഥാന ആരോഗ്യ വകുപ്പ് കൈമാറിയതെന്നും വാട്ടർ മീറ്റർ കേട് വന്നതായി ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ അത് മാറ്റി സ്ഥാപിച്ചിരുന്നുവെന്നും ജില്ലാ ആശുപത്രി ജില്ലാ പഞ്ചായത്തിന് കൈമാറുമ്പോൾ തന്നെ വാട്ടർ മീറ്റർ കേടായിരുന്നുവെന്നും ഇക്കാര്യത്തിൽ ജില്ലാപഞ്ചായത്തിന് വീഴ്ച വന്നിട്ടുണ്ടെന്നും തെളിവെടുപ്പ് യോഗത്തിൽ ഹാജരായ വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

49. 4,147 രൂപ വിലയുള്ള വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കാത്തതിനാൽ 83.78 ലക്ഷം രൂപയുടെ അധിക ചെലവുണ്ടായിയെന്ന് സമിതി നിരീക്ഷിച്ചു.

50. മീറ്റർ റീഡിംഗ് കൃത്യമായി എടുക്കാതെ വെള്ളക്കരം നിശ്ചയിക്കുക, കേടായ വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കുന്നതിലുണ്ടായ അശ്രദ്ധ, വർഷങ്ങളോളം പ്രശ്നത്തിന് പരിഹാരം കാണാതിരിക്കുക തുടങ്ങിയ വീഴ്ചകളാണ് ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്നതെന്നും ജില്ലാ ആശുപത്രി ജില്ലാ പഞ്ചായത്തിന് കൈമാറുമ്പോൾ തന്നെ പ്രസ്തുത പ്രശ്നം ഉണ്ടായിരുന്നുവെന്നും അതിനുശേഷവും അത് പരിഹരിക്കാൻ അഞ്ച് വർഷത്തോളം കാലതാമസം ഉണ്ടായിയെന്നും വാട്ടർ അതോറിറ്റിക്കും ആരോഗ്യ വകുപ്പിനും തദ്ദേശസ്വയംഭരണ വകുപ്പിനും അക്കാര്യത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു.

### നിഗമനങ്ങളും ശിപാർശകളും

**51. വയനാട് ജില്ലാ ആശുപത്രിയിലെ കേടായ വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കുന്നതിലും വെള്ളക്കരം യഥാസമയം അടയ്ക്കുന്നതിലും ഉണ്ടായ വീഴ്ചമൂലം 83.78 ലക്ഷം രൂപ പിഴപ്പലിശയും സർചാർജ്ജും ഇനത്തിൽ അടയ്ക്കേണ്ടി വന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. വാട്ടർ അതോറിറ്റിക്കും ആരോഗ്യ വകുപ്പിനും തദ്ദേശസ്വയംഭരണ വകുപ്പിനും ഈ കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയ സമിതി പിഴപ്പലിശയോ സർചാർജ്ജോ ഒഴിവാക്കുന്നതിന് ജില്ലാ പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി യാതൊരു ചർച്ചയും നടത്തിയിട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയായി സമിതി കണക്കാക്കുന്നു. കേവലം 4,147 രൂപ വിലയുള്ള വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കാത്തതിനാൽ ഭീമമായ തുക പിഴപ്പലിശയും സർചാർജ്ജും ഇനത്തിൽ അടയ്ക്കേണ്ടിവന്നതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

### 4.9 സ്വകാര്യ വാട്ടർ കണക്ഷൻ നൽകിയതിലുള്ള ഒഴിവാക്കാമായിരുന്ന ചെലവ്

| |
|---|
| സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് സ്വജൽധാര പദ്ധതിയിൽ 35453 ഗുണഭോക്താക്കൾക്ക് സ്വകാര്യ വാട്ടർ കണക്ഷനുകൾ നൽകുന്നതിനുവേണ്ടി രണ്ട് ജില്ലാപഞ്ചായത്തുകൾ 1.62 കോടി രൂപ ചെലവഴിച്ചു. |

ജല വിതരണ ശുചീകരണ മേഖലകളിൽ പരിഷ്കരണങ്ങൾ ലക്ഷ്യമിട്ട് ഭാരത സർക്കാരിന്റെ ധനസഹായത്തോടെ 2000 ഡിസംബറിലും 2001 ജനുവരിയിലും യഥാക്രമം കാസർകോട്, കൊല്ലം ജില്ലകളിൽ മേഖലാപരിഷ്കരണ പൈലറ്റ് പദ്ധതിക്ക് തുടക്കം കുറിച്ചു. സുസ്ഥിര സംവിധാനങ്ങളും ഉറവിടങ്ങളും വികസിപ്പിക്കുകയും ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിലെ ജലഗുണ നിലവാരത്തിന്റെ തുടർനിരീക്ഷണം, മേൽനോട്ടം, സമൂഹപങ്കാളിത്തം എന്നിവ സ്ഥാപനവൽക്കരിക്കുകയുംവഴി ഗ്രാമീണ ജനസമൂഹത്തിന് ജലവിതരണ ശുചീകരണ പ്രക്രിയകളിൽ സുസ്ഥിരമായ ബന്ധം ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2004 ഏപ്രിൽ ഒന്ന് മുതൽ സ്വജൽധാര 2 എന്ന് പുനർനാമകരണം ചെയ്യപ്പെട്ട ഈ പദ്ധതി 2006 മാർച്ച് 31-ന് അവസാനിച്ചു. രണ്ട് ജില്ലകളിൽ 771 ശുദ്ധജലവിതരണ പദ്ധതികൾ ഏറ്റെടുത്ത സ്ഥാനത്ത് 35453 വീടുകളുടേയും 111 വിദ്യാലയങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ട് 749 എണ്ണം പൂർത്തീകരിക്കുകയുണ്ടായി. ഇതിനുവേണ്ടി ചെലവഴിച്ച തുക 54.79 കോടി രൂപയും അതിൽ 49.87 കോടി രൂപ കേന്ദ്രസർക്കാർ വിഹിതവും ബാക്കി ഗുണഭോക്തൃ വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം, ബാങ്ക് അക്കൗണ്ടിൽ നിന്നും ലഭിച്ച പലിശ എന്നിവയും ആയിരുന്നു.

ജില്ലാ പഞ്ചായത്തുകളാണ് ഈ പദ്ധതിയുടെ നിർവ്വഹണം ഏകോപിപ്പിച്ചത്. പദ്ധതി നടത്തിപ്പിന്റെ മൊത്തത്തിലുള്ള മേൽനോട്ടത്തിനുവേണ്ടിയും ഇതുമായി ബന്ധപ്പെട്ട വിവിധ സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നതിനും ഓരോ ജില്ലയിലും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഒരു പ്രോജക്ട് സപ്പോർട്ട് യൂണിറ്റ് രൂപീകരിച്ചിരുന്നു.

സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച (2000 ഡിസംബറിലും 2001 ജനുവരിയിലും) മാർഗ്ഗനിർദ്ദേശങ്ങളുടെ അനുബന്ധം I-ലെ ബി1 വകുപ്പുപ്രകാരം 70 ശതമാനം വീടുകളും പദ്ധതിയിൽ നിന്നുള്ള ധനസഹായമില്ലാതെ തന്നെ സ്വകാര്യ വാട്ടർ കണക്ഷൻ തെരഞ്ഞെടുക്കുമെന്ന് പ്രതീക്ഷിക്കുന്നതായും ബാക്കി വീടുകൾക്ക് പൊതുടാപ്പുകളുടെ സേവനം പ്രയോജനപ്പെടുത്താമെന്നും വിവക്ഷിച്ചിരുന്നു. ഇതിനുവിരുദ്ധമായി കൊല്ലവും കാസർകോടും ജില്ലകളിൽ യഥാക്രമം 15161-ഉം 20292-ഉം ഗുണഭോക്താക്കൾക്ക് സൗജന്യമായി സ്വകാര്യ കണക്ഷൻ നൽകിയെന്നുമാത്രമല്ല പൊതുടാപ്പുകളൊന്നും തന്നെ സ്ഥാപിച്ചുമില്ല. ഇതുമൂലമുണ്ടായ ഒഴിവാക്കാമായിരുന്ന ചെലവ് 1.62 കോടി രൂപയാണ് **(അനുബന്ധം XI).**

**(അനുബന്ധം XI)**

**സ്വകാര്യ വാട്ടർ കണക്ഷൻ നൽകിയതിലുള്ള ചെലവ് കാണിക്കുന്ന പത്രിക**

**(പരാമർശം: ഖണ്ഡിക 4.9)**

| ക്രമ നമ്പർ | ഇനം | കൊല്ലം | | | കാസർഗോഡ് | | |
|---|---|---|---|---|---|---|---|
| | | അളവ് | നിരക്ക് (രൂപ) | തുക (രൂപ) | അളവ് | നിരക്ക് (രൂപ) | തുക (രൂപ) |
| 1 | പൈപ്പിടുന്നതിന് കുഴികളെടുക്കുന്നതിനായി സാധാരണ മണ്ണും കട്ടുപ്പുള്ള മണ്ണും മാറ്റുന്നതിനുള്ള മൺവേല | 2.25 ഘനമീറ്റർ | 10.48/ ഘനമീറ്റർ | 23.58 | ....... | ...... | ....... |
| 2. | പൈപ്പിടുന്നതിന് കുഴികളെടുക്കുന്നതിനായി എല്ലാത്തരം മണ്ണും മാറ്റുന്നതിനുള്ള മൺവേല | ....... | ...... | ....... | 2.25 ഘനമീറ്റർ | 30.50/ ഘനമീറ്റർ | 68.63 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3. | 2 മി.മീ. പിവിസി പൈപ്പുകളുടെ വില | 15 മീ. | 8.65/മീ. | 129.75 | 15 മീ. | 8.65/മീ. | 129.75 |
| 4. | പൈപ്പിടുന്നത് | 15 മീ. | 5.97/മീ. | 89.55 | 15 മീ. | 5.97/മീ. | 89.55 |
| 5. | 20 മി.മീ. എസ്ഡിബി ടാപ്പ് | 1 | 187 വീതം | 187.00 | 1 | 187 വീതം | 187.00 |
| | ആകെ തുക | | | 429.88 | | | 474.93 |
| 6. | നൽകിയ സ്വകാര്യ കണക്ഷനുകളുടെ എണ്ണം | 15161 | 429.88 | 6517411 | 20292 | 474.93 | 96,37280 |

മൊത്തം ചെലവ് = 65,17,411 രൂപ + 96,37,280 രൂപ =1,61,54,691 രൂപ = 1.62 കോടി രൂപ

ഇക്കാര്യം ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചപ്പോൾ കൊല്ലം, കാസർകോട് ജില്ലാ പഞ്ചായത്തുകൾ എല്ലാ ഗുണഭോക്തൃ ഭവനങ്ങൾക്കും സ്വകാര്യ കണക്ഷൻ നൽകിയതായി സമ്മതിച്ചു (2006 ജൂൺ). പൊതുടാപ്പുകൾ സ്ഥാപിച്ചാൽ ഗുണഭോക്താക്കളല്ലാത്തവർ പദ്ധതിയിൻ കീഴിലുള്ള സൗകര്യങ്ങൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ സാദ്ധ്യമല്ലാത്തതുകൊണ്ടാണ് ഇങ്ങനെ ചെയ്തത് എന്നായിരുന്നു മറുപടി. പ്രോജക്ട് തുക ഉപയോഗിച്ച് സ്വകാര്യ വാട്ടർ കണക്ഷൻ നൽകുന്നത് അനധികൃതമായതുകൊണ്ട് ഈ മറുപടി നിലനില്ക്കത്തക്കതല്ല. ഇക്കാര്യം സർക്കാരിലേക്ക് 2007 ജനുവരിയിൽ റിപ്പോർട്ട് ചെയ്തു. അതിനുള്ള മറുപടി ലഭിച്ചിട്ടില്ല (2007 മാർച്ച്).

(സി ആന്റ് എ.ജി.യുടെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.9)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നല്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

52. പ്രസ്തുത ഓഡിറ്റ് പരാമർശം പരിഗണിച്ച സമിതി ഉപഭോക്താവിന്റെ പങ്കാളിത്തത്തോടെ നടപ്പാക്കി ഉപഭോക്താക്കൾ തന്നെ മെയിന്റയിൻ ചെയ്യുന്ന പദ്ധതിയാണ് 'സ്വജൽധാര'യെന്നും പദ്ധതിയിലെ അംഗങ്ങൾ തന്നെ അതിന്റെ മെയിന്റനൻസ് എക്സ്പെൻസും മറ്റും വഹിക്കുന്നതിനാൽ പദ്ധതിയിൽ അംഗങ്ങളല്ലാത്തവർക്ക് അതിന്റെ പ്രയോജനം ലഭ്യമാക്കാൻ കഴിയില്ലെന്നും പൊതുടാപ്പുകൾ സ്ഥാപിച്ചാൽ പദ്ധതിയുടെ സാമ്പത്തിക ബാദ്ധ്യതയിൽ പങ്കാളികളാകാതെ തന്നെ പദ്ധതിയുടെ സൗകര്യങ്ങൾ അംഗങ്ങളല്ലാത്തവർക്ക് പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നും നിരീക്ഷിച്ചു.

53. ചില സ്ഥലങ്ങളിൽ പ്രസ്തുത സ്കീം പരാജയപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി കൂടുതൽ ഗുണഭോക്താക്കളെ പങ്കാളികളാക്കിയതിന്റെ ഫലമായി പദ്ധതി പരാജയപ്പെട്ടിട്ടുണ്ടെന്നും ഓഡിറ്റ് പരാമർശം നിയമപരമായി ശരിയാണെങ്കിലും മനഃപൂർവ്വമായ വീഴ്ച രണ്ട് ജില്ലാ പഞ്ചായത്തുകളുടെ ഭാഗത്തുനിന്നുമുണ്ടായി എന്ന് പറയാൻ കഴിയില്ലെന്നും സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി പ്രോജക്ട് നിർവ്വഹണത്തിനായി രൂപീകരിച്ച അപെക്സ് കമ്മിറ്റി, ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റിയറിംഗ് കമ്മിറ്റി എന്നിവയുടെ അറിവോടെയാണ് കേരളത്തിൽ സെക്ടർ റിഫോംസ്, സ്വജൽധാര പദ്ധതി നിർവ്വഹണം നടത്തിയതെന്നും പദ്ധതി നിർവ്വഹണ കാലയളവിൽ അവലോകനത്തിനായി എത്തിയ കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് വസ്തുതകൾ ബോധ്യപ്പെട്ടുകയും ചെയ്തുവെന്നും ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കൂടുതൽ ജാഗ്രത ആവശ്യമാണെന്നും സമിതി നിരീക്ഷിക്കുകയും ചെയ്തു.

57. ഈ സാഹചര്യത്തിൻ മേൽ ഓഡിറ്റ് പരാമർശത്തിന് സർക്കാർ സമർപ്പിച്ച മറുപടി സമിതി അംഗീകരിച്ചു.

### 4.10 തടയണ നിർമ്മിച്ചതിലുള്ള നിഷ്ഫലമായ ചെലവ്

ലിഫ്റ്റ് ഇറിഗേഷനുള്ള സൗകര്യം ഉൾപ്പെടുത്താതെ നാട്ടുകാണിപ്പുഴയുടെ കുറുകെ തടയണ നിർമ്മിക്കാനുള്ള ഒരു പദ്ധതിയുടെ വികലമായ രൂപീകരണം വയനാട് ജില്ലാ പഞ്ചായത്തിൽ 39.13 ലക്ഷം രൂപയുടെ നിഷ്ഫലമായ ചെലവിലേയ്ക്ക് നയിച്ചു.

പുഴയോരത്തുള്ള 187 ഹെക്ടർ കൃഷിഭൂമിയുടെ ജലസേചനത്തിനു വേണ്ടി 42.50 ലക്ഷം രൂപ മതിപ്പുചെലവിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ ചീക്കല്ലൂരിൽ നാട്ടുകാണിപ്പുഴയുടെ കുറുകെ തടയണ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി 2001-02-ൽ വയനാട് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുകയുണ്ടായി. 39.13 ലക്ഷം രൂപ ചെലവിൽ ഗുണഭോക്തൃ സമിതി തടയണയുടെ നിർമ്മാണം 2003 ആഗസ്റ്റിൽ പൂർത്തിയാക്കി. ജലസേചനം നടത്തേണ്ട ഭൂമി ഉയർന്ന തട്ടിലായിരുന്നതുകൊണ്ട് മോട്ടോറും പമ്പുസെറ്റും ഉപയോഗിച്ച് ജലം മുകൾത്തട്ടിലെ ഭൂമിയിലെത്തിക്കേണ്ടത് ഈ പദ്ധതിയുടെ ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമായിരുന്നു. പമ്പുസെറ്റ് സ്ഥാപിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റിൽ വകയിരുത്താതിരുന്നത് കാരണം നിർമ്മാണം പൂർത്തിയായി മൂന്ന് വർഷം കഴിഞ്ഞിട്ടും ജലസേചനത്തിനുവേണ്ടി ഈ തടയണ ഉപയോഗപ്പെടുത്തുവാൻ ജില്ലാ പഞ്ചായത്തിന് കഴിഞ്ഞില്ല. പദ്ധതി കൊണ്ടുദ്ദേശിച്ച ഗുണഫലങ്ങൾ ലഭിക്കാത്തതുകൊണ്ട് 39.13 ലക്ഷം രൂപയുടെ ചെലവ് വ്യർഥമായിത്തീർന്നു. ലിഫ്റ്റ് ഇറിഗേഷനുള്ള സൗകര്യം ഉൾപ്പെടുത്താതെയുള്ള തടയണ നിർമ്മാണം സൂചിപ്പിക്കുന്നത് ആസൂത്രണത്തിലുള്ള

പിഴവാണ്. ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം നിർമ്മിച്ചിട്ടില്ലെന്ന് (2006 ഒക്ടോബർ) ജില്ലാ പഞ്ചായത്ത് അറിയിച്ചു. ഇക്കാര്യം 2006 ആഗസ്റ്റിൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ട് മറുപടി ലഭിച്ചിട്ടില്ല (2007 മാർച്ച്).

(സി ആന്റ് എ.ജി.യുടെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.10)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നല്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

54. ലിഫ്റ്റ് ഇറിഗേഷനുള്ള സൗകര്യം ഉൾപ്പെടുത്താതെയുള്ള തടയണ നിർമ്മാണം ദീർഘവീക്ഷണമില്ലാത്ത നടപടിയാണെന്ന് നിരീക്ഷിച്ച സമിതി അതിനെ പാഴ്ചെലവായി കണക്കാക്കാൻ പാടില്ല എന്ന സർക്കാർ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി.

55. നിയമസഭാ കമ്മിറ്റിക്ക് നിരുത്തരവാദപരമായി മറുപടി നൽകുന്നത് ശരിയായ കീഴ്വഴക്കമല്ലെന്നും സമിതിക്ക് അപ്രകാരമുള്ള മറുപടി ലഭ്യമാക്കിയ ഉദ്യോഗസ്ഥനോട് വിശദീകരണം ആരായുന്നതിനും ആയത് ഒരു മാസത്തിനകം സമിതിക്ക് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു.

**നിഗമനങ്ങൾ/ശിപാർശകൾ**

**56. സമിതി ആവശ്യപ്പെട്ട വിശദീകരണം നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഓഡിറ്റ് പരാമർശത്തിന്മേൽ നിരുത്തരവാദപരമായ മറുപടി ലഭ്യമാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും ഒരു മാസത്തിനുള്ളിൽ വിശദീകരണം ലഭ്യമാക്കണമെന്നുള്ള സമിതി നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ടി വിശദീകരണം അടിയന്തരമായി ലഭ്യമാക്കണമെന്ന് വീണ്ടും നിർദ്ദേശിക്കുകയും ചെയ്യുന്നു.**

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2019 ജൂലൈ 2.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട വകുപ്പ് | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | തദ്ദേശസ്വയംഭരണ വകുപ്പ്<br><br>നഗരകാര്യ വകുപ്പ് | 36. | ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിൽ നഗരകാര്യവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങി ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നീതികരിക്കാനാവാത്ത കാലതാമസം ഉണ്ടായതായി സമിതി നിരീക്ഷിക്കുന്നു. ബന്ധപ്പെട്ട വകുപ്പുകളുടെ ഇത്തരം നടപടികൾ സമൂഹത്തോടുള്ള അനീതിയും നിയമസഭാ സമിതിയോടുള്ള അനാദരവും ആണെന്നും അഭിപ്രായപ്പെടുന്നു. അതത് വർഷത്തെ ഓഡിറ്റ് പരാമർശ ങ്ങളിന്മേൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് ന്യൂനതാപരിഹാര നടപടിപത്രികകൾ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | തദ്ദേശസ്വയംഭരണ വകുപ്പ് | 37. | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിന്റെ ഇരുപത് മുതൽ നാല്പത് ശതമാനം വരെ സംഭാവന ചെയ്യുന്ന തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നും ഗൗരവതരമായ വീഴ്ച ഉണ്ടായതായി സമിതി വിലയിരുത്തുന്നു. തൊഴിൽ നികുതി കുടിശ്ശികയായി മൂന്ന് വർഷങ്ങൾക്കുശേഷം ആയത് കാലഹരണപ്പെടുമെന്ന് കൃത്യമായി അറിയാവുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കുടിശ്ശിക നികുതി സമയബന്ധിതമായി പിരിച്ചെടു ക്കുന്നതിൽ കാണിച്ച വീഴ്ച ഒരു കാരണവശാലും |

| | | | |
|---|---|---|---|
| | | | ന്യായീകരിക്കത്തക്കതല്ലെന്ന് അഭിപ്രായപ്പെട്ട സമിതി ഉദ്യോഗസ്ഥർക്ക് കുറേക്കൂടി കാര്യക്ഷമത ആവശ്യമാണെന്നും നിരീക്ഷിക്കുന്നു. നികുതി പിരിവ് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പുമേധാവി തലത്തിൽ റിവ്യൂ മീറ്റിംഗ് കൂടുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | തദ്ദേശസ്വയംഭരണ വകുപ്പ് | 38 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ അധികാര പരിധിയ്ക്കകത്ത് പ്രവർത്തിക്കുന്ന ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരം അടങ്ങുന്ന രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായ വ്യക്തികളെയും കമ്പനികളെയും പറ്റിയുള്ള വിവരങ്ങളുടെ അഭാവത്തിൽ അവർക്ക് നോട്ടീസ് നൽകുന്നതിനോ, നികുതി പിരിക്കുന്നതിനോ കഴിഞ്ഞില്ലെന്ന് സമിതി മനസ്സിലാക്കുന്നു. അതോടൊപ്പം തൊഴിൽ നികുതി സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചട്ടപ്രകാരം സൂക്ഷിക്കേണ്ട കണക്ക് പുസ്തകങ്ങൾ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സൂക്ഷിക്കാത്തതിനാൽ നികുതി പിരിവിന്റെയും കുടിശ്ശികയുടെയും കണക്ക് തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ചട്ടപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നുണ്ടെന്നും ആയത് അപ്ഡേറ്റ് ചെയ്യുന്നുണ്ടെന്നും കമ്പ്യൂട്ടറൈസ്ഡ് സിസ്റ്റം ആയവ ഡാറ്റാ എൻട്രി ചെയ്ത് പ്രിന്റെടുത്ത് രേഖകൾ ഫയലായി സൂക്ഷിക്കുന്നുണ്ടെന്നും ബന്ധപ്പെട്ടവർ കർശനമായി ഉറപ്പുവരുത്തണമെന്ന് സമിതി |

| | | | |
|---|---|---|---|
| | | | നിർദ്ദേശിക്കുന്നു. അതോടൊപ്പം തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരായ എല്ലാവരെയും തൊഴിൽ നികുതി ശൃംഖലയ്ക്കകത്ത് കൊണ്ട് വരുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു ഡാറ്റാബേസ് തയ്യാറാക്കണമെന്നും ആയത് തദ്ദേശസ്വയംഭരണ വകുപ്പ് മോണിറ്റർ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 4 | തദ്ദേശസ്വയംഭരണ വകുപ്പ്<br><br>നഗരകാര്യ വകുപ്പ് | 39 | മുനിസിപ്പാലിറ്റികളുടെ നികുതി-നികുതിയേതര വരുമാനങ്ങളുടെ പിരിവിനെ സംബന്ധിച്ച് മേഖലാ തലത്തിലും സംസ്ഥാന തലത്തിലും മാസാമാസം അവലോകനം നടത്തി പോരായ്മകൾ പരിഹരിക്കുന്നതിനും വസ്തു നികുതി ഉൾപ്പെടെയുള്ള നഗരസഭകളുടെ സ്വന്തമായ വരുമാനങ്ങൾ ഈടാക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും നഗരകാര്യ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 5. | തദ്ദേശസ്വയംഭരണ വകുപ്പ് | 40 | എല്ലാ പഞ്ചായത്തുകളിലും പെർഫോർമെൻസ് ഓഡിറ്റ് പരിശോധന കാര്യക്ഷമമായി നടത്തണമെന്നും നോട്ടീസ് നൽകിയിട്ടും തൊഴിൽ നികുതി അടയ്ക്കാത്തവർക്കെതിരെ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. അതോടൊപ്പം നികുതി പിരിവിൽ വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 6 | തദ്ദേശസ്വയംഭരണ വകുപ്പ് | 41 | 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് കൈവശമുള്ള കമ്പനികളെ/ വ്യാപാരികളെ/വ്യക്തികളെ തൃശ്ശൂർ കോർപ്പറേഷൻ, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി എന്നീ രണ്ട് നഗര |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനങ്ങൾ നികുതി ചുമത്താത്തതിനാൽ ടി നഗരസഭകൾക്ക് ഭീമമായ നഷ്ടം സംഭവിച്ചതായി സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ സമയബന്ധിതമായി പിരിച്ചെടുക്കേണ്ട നികുതികൾ പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 7 | തദ്ദേശസ്വയംഭരണ വകുപ്പ് | 42 | തൃശ്ശൂർ ജില്ലയിലെ മേത്തല, കൊടകര എന്നീ പഞ്ചായത്തുകളിൽ ഡി & ഒ ലൈസൻസ് ഉണ്ടായിരുന്ന, 126 നികുതിദായകരുടെ വിവരങ്ങളും അവരുടെ വരുമാനം സംബന്ധിച്ച വിശദാംശങ്ങളും പഞ്ചായത്തുകളിൽ ലഭ്യമായിരുന്നിട്ടും അവരിൽ നിന്നും നികുതി പിരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഈ വിഷയത്തെ സംബന്ധിച്ച് അന്വേഷിക്കണമെന്നും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള കൊടകര, മാള, മതിലകം, മേത്തല എന്നീ നാല് പഞ്ചായത്തുകളിൽ ബിസിനസ് നടത്തിയ കമ്പനികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവർക്കു വേണ്ടി പ്രവൃത്തിയെടുത്ത കരാറുകാർ ഉൾപ്പെടെയുള്ളവരിൽ നിന്നും തൊഴിൽ നികുതി ചുമത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 8 | തദ്ദേശസ്വയംഭരണ വകുപ്പ് | 43 | തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ വാഹന ഉടമകൾ, സ്റ്റേജ് കാരിയറുകൾ/ ചരക്കുവണ്ടികൾ ഓടിക്കുന്നതിനുള്ള അനുമതി കൈവശമുള്ളവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി പിരിച്ചെടുക്കേണ്ട ചുമതല ആർക്കാണ്; |

| | | | |
|---|---|---|---|
| | | | അത് സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കേണ്ട ഉത്തരവാദിത്തം ആർക്കാണ്, നികുതി പിരിച്ച് നൽകുന്നതിന് പ്രൈവറ്റ് ബസ് ഓണേഴ്സ് അസോസിയേഷന് കത്ത് നൽകാനുള്ള കാരണമെന്ത്, നികുതിയിനത്തിൽ പിരിഞ്ഞുകിട്ടിയ തുക എത്ര മുതലായ വിവരങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. |
| 9 | തദ്ദേശസ്വയംഭരണ വകുപ്പ് | 44 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക, മുൻകൂർ നിക്ഷേപത്തിന്മേലുള്ള പലിശ തുടങ്ങിയവ ലഭിക്കുന്നവരുടെ പട്ടിക സൂക്ഷിക്കാത്തതിനാൽ നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനത്തിന് നികുതി ചുമത്താൻ കഴിഞ്ഞില്ലെന്നും ആയതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് കാര്യക്ഷമമായ നടപടികൾ കൈക്കൊള്ളുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് യഥാസമയം നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നാണ് നൽകിയതെന്നും ആയതിന്റെ പകർപ്പ് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 10 | തദ്ദേശസ്വയംഭരണ വകുപ്പ് | 45 | തൃശ്ശൂർ നഗരസഭയിൽ 2004 മാർച്ച് 31 വരെ 59.98 ലക്ഷം രൂപ തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശികയുണ്ടെന്നും തുടർന്നുള്ള രണ്ട് വർഷങ്ങളിലെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ടി തുക നിയമപ്രകാരം ഇനി പിരിക്കാൻ കഴിയില്ലെന്നും സമിതി വിലയിരുത്തുന്നു. ഇത്തരത്തിൽ ഉണ്ടായ വീഴ്ചയെക്കുറിച്ച് ഗൗരവതരമായി പരിശോധിക്കണമെന്നും ഇനിയും അത്തരം വീഴ്ച ആവർത്തിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 11 | തദ്ദേശസ്വയംഭരണ വകുപ്പ് | 46 | പഞ്ചായത്തിലെയും നഗരപ്രദേശങ്ങളിലെയും കമ്പനികളുടെ/സ്വയംതൊഴിൽ ചെയ്യുന്ന വ്യക്തികളുടെ നികുതി നിർണ്ണയ രീതികൾ സംബന്ധിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളും 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച വേർതിരിവ് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | തദ്ദേശസ്വയംഭരണ വകുപ്പ് | 47 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആന്തരിക നിയന്ത്രണ വ്യവസ്ഥകൾ പാലിക്കുന്നതിനും തൊഴിലുടമകൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ ന്യൂനതയുണ്ടോയെന്ന് പരിശോധിക്കുന്നതിനും നികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കുന്നതിനും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | തദ്ദേശസ്വയംഭരണ വകുപ്പ് | 51 | വയനാട് ജില്ലാ ആശുപത്രിയിലെ കേടായ വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കുന്നതിലും വെള്ളക്കരം യഥാസമയം അടയ്ക്കുന്നതിലും ഉണ്ടായ വീഴ്ചമൂലം 83.78 ലക്ഷം രൂപ പിഴപ്പലിശയും സർചാർജ്ജും ഇനത്തിൽ അടയ്ക്കേണ്ടിവന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. വാട്ടർ അതോറിറ്റിക്കും ആരോഗ്യ വകുപ്പിനും തദ്ദേശസ്വയംഭരണ വകുപ്പിനും ഈ കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയ സമിതി പിഴപ്പലിശയോ സർചാർജ്ജോ ഒഴിവാക്കുന്നതിന് ജില്ലാ പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി യാതൊരു ചർച്ചയും നടത്തിയിട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയായി സമിതി |

| | | | |
|---|---|---|---|
| | | | കണക്കാക്കുന്നു. കേവലം 4,147 രൂപ വിലയുള്ള വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കാത്തതിനാൽ ഭീമമായ തുക പിഴപ്പലിശയും സർചാർജ്ജും ഇനത്തിൽ അടയ്ക്കേണ്ടി വന്നതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 14 | തദ്ദേശസ്വയംഭരണ വകുപ്പ് | 56 | സമിതി ആവശ്യപ്പെട്ട വിശദീകരണം നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഓഡിറ്റ് പരാമർശത്തിന്മേൽ നിരുത്തരവാദപരമായ മറുപടി ലഭ്യമാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും ഒരു മാസത്തിനുള്ളിൽ വിശദീകരണം ലഭ്യമാക്കണമെന്നുള്ള സമിതി നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ടി വിശദീകരണം അടിയന്തരമായി ലഭ്യമാക്കണമെന്ന് വീണ്ടും നിർദ്ദേശിക്കുകയും ചെയ്യുന്നു. |

**2006- മാർച്ച് 31-ന് അവസാനിച്ച വർഷത്തെ (C&AG) ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2,[illegible]-ൻ മേലുള്ള നടപടി വിവരണ പത്രിക**

| ക്രമ നം. | ഖണ്ഡിക നം. | ഓഡിറ്റ് പരാമർശ വിഷയം | പരാമർശത്തിനുള്ള മറുപടി |
|---|---|---|---|
| 1 | 3.2 | **തൃശ്ശൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി നിർണ്ണയവും പിരിവും**<br>**സവിശേഷതകൾ.**<br>തങ്ങളുടെ പ്രദേശത്ത് ബിസിനസ്സ് നടത്തുന്നതോ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നതോ ആയ ഏതൊരു കമ്പനിയിൽ നിന്നും വ്യക്തിയിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമവും കേരള മനിസി പ്പാലിറ്റികളെയും കോർപ്പറേഷനുകളെയും അധികാര പ്പെടുത്തിയിട്ടുണ്ട്. തൊഴിൽ നികുതി ഗ്രാമ പഞ്ചായ ത്തുകളിൽ നികുതി വരുമാനത്തിന്റെ 42.97 ശതമാനവും നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ 23.92 ശതമാനവും ആയിരുന്നു. നികുതി ദായകർക്ക് നോട്ടീസ് നൽകുന്നതിലും അവരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലും വീഴ്ചകളുണ്ടായിരുന്നു. തങ്ങളുടെ ജീവനക്കാരെ നികുതി ചുമത്താതിരുന്നതും അവരിൽ നിന്ന് നികുതി ഈടാക്കാതിരുന്നതുമായ തൊഴിലുടമകൾക്കെതിരെ കൃത്യസമയത്ത് നടപടി എടുക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾ പരാജയ പ്പെട്ടു. നികുതി പിരിച്ചെടുക്കുന്നതിനുള്ള തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനം തൃപ്തികരമായി രുന്നില്ല.<br>➢ തങ്ങളുടെ ജീവനക്കരെ നികുതി ചുമത്താനാ | (പ്രത്യേക പരാമർശമില്ല) |

| | | | |
|---|---|---|---|
| | | വശ്യപ്പെട്ടുകൊണ്ട് തൊഴിലുടമകൾക്ക് നോട്ടീസ് നൽകാത്തതുകാരണം പരിശോധിച്ച നഗര സ്വയം ഭരണ സ്ഥാപനങ്ങളിൽ 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ 26 മുതൽ 43 വരെ സ്ഥാപനങ്ങൾ തങ്ങളുടെ ജീവനക്കാരെ നികുതി ചുമത്തിയില്ല.<br>➢ നോട്ടീസ് നൽകിയതിനുശേഷം തൊഴിലുടമ കൾ അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്ന് തുടർ നിരീക്ഷണം നടത്തുന്നതിൽ ആറ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തിയതിന്റെ ഫലമായി 5 മുതൽ 439 വരെ സ്ഥാപനങ്ങളിലെ ജീവനക്കാരെ 2001-02 മുതൽ 2005-06 വരെ നികുതി ചുമത്തിയില്ല.<br>➢ മുഴുവൻ വ്യാപാരികളെയും നികുതി ചുമത്തുന്നതിന് സഹായകമാവുമായിരുന്ന വ്യാപാരികളുടെ പട്ടിക 19 ഗ്രാമ പഞ്ചായത്തുകളിൽ 15 എണ്ണം സൂക്ഷിച്ചിരുന്നില്ല.<br>➢ ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ മൂന്നു വർഷത്തിനകം നടപടികൾ ആരംഭിക്കാത്തതു കൊണ്ട് 2002-03 വരെ തൃശ്ശൂർ നഗരസഭയിൽ പിരിച്ചെടുക്കാനുണ്ടായിരുന്ന 48.31 ലക്ഷം രൂപയുടെ തൊഴിൽ നികുതി കുടിശ്ശിക കാലഹരണപ്പെടുകയും പിരിച്ചെടുക്കാൻ പറ്റാതാവുകയും ചെയ്തു<br>➢ നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ നികുതി നിരക്കുകൾ പുതുക്കാനുണ്ടായ എട്ട് വർഷത്തെ കാല താമസത്തിന്റെ ഫലമായി നഗരപ്രദേശങ്ങളിൽ നികുതി ചുമത്തിയത് കുറഞ്ഞുപോയ്.<br>➢ നികുതി നിർണ്ണയ രജിസ്റ്ററുകൾ, ഡിമാന്റ് രജിസ്റ്റ കൾ, കുടിശിക ഡിമാന്റ് രരജിസ്റ്ററുകൾ മുതലായ കണക്കുകളെ സംബന്ധിച്ച രേഖകൾ ശരിയാംവണ്ണം | |

| | | | |
|---|---|---|---|
| | | സൂക്ഷിക്കാത്തതിന്റെ ഫലമായി നികുതി കടിശ്ശികയും നികുതിയും കാലഹരണപ്പെടുകയും പിരിച്ചെടുക്കാൻ പറ്റാതാവുകയും ചെയ്യു.<br>➤ നഗര പ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും തൊഴിൽ നികുതി നിർണ്ണയം, ചുമത്തൽ, പിരിവ്, എന്നിവ നടത്തുന്ന രീതി ഒന്നുതന്നെയാണെങ്കിലും 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളും പല സംഗതികളിലും സമാനമല്ലാത്തതിന്റെ ഫലമായി നികുതി വ്യവസ്ഥ വിഭിന്നമായിരുന്നു. | |
| | 3.2.1. | **ആമുഖം**<br>ഗ്രാമ പഞ്ചായത്തുകളിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ഉം 205-ഉം വകുപ്പുകൾ, അവയുടെ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ എന്നിവ പ്രകാരവും നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 245 മുതൽ 259 വരെ വകുപ്പുകൾ, അവയുടെ കീഴിലെ ചട്ടങ്ങൾ എന്നിവ പ്രകാരവുമാണ്. തൊഴിൽ നികുതി നിർണ്ണയവും, ചുമത്തലും, പിരിവും നടത്തുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാനങ്ങളുടെ പ്രദേശത്ത് സാധാരണയായി ആറു മാസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നതോ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരോ, ആയ ഏതൊരു കമ്പനി/വ്യക്തികയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്നതു പോലെ അവരുടെ ആദായം/അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്താവുന്നതാണ്. ശാരീരിക വൈകല്യമുള്ളവർ, കാഴ്ചയില്ലാത്തവർ, ബീഡി തൊഴിലാളികൾ, കശുവണ്ടിത്തൊഴിലാളികൾ, ഓട്, ഇഷ്ടിക, മൺകലം നിർമ്മാണ തൊഴിലാളികൾ വ്യാ[illegible]യും, പ്രത്യേക സാമ്പത്തിക മേഖലയിലെ സ്ഥാപനങ്ങളേയും | (പ്രത്യേക പരാമർശമില്ല) |

| | | | |
|---|---|---|---|
| | | തൊഴിൽ നികുതി നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കണക്കുകൾ സമാഹരിക്കാത്തതുകൊണ്ട് തൊഴിൽ നികുതി ചുമത്തലിന്റെയും പിരിവിന്റെയും സംസ്ഥാനതലചിത്രം ലഭ്യമല്ല. | |
| | 3.2.2. | **സംഘടനാ രൂപം**<br>സംസ്ഥാനത്തെ നഗരസഭകളേയും (5) മുനിസിപ്പാലിറ്റികളേയും (53) ഗ്രാമ പഞ്ചായത്തുകളേയും (999) തങ്ങളുടെ അധികാരതിർത്തിയിലുള്ള പ്രദേശങ്ങളിലെ നികുതിദായകരിൽ നിന്ന് തൊഴിൽ നികുതി ചുമത്തുന്നതിനും പിരിക്കുന്നതിനും അധികാരപ്പെടുത്തിയിരിക്കുന്നു. ജീവനക്കാരുടെ തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനും ചുമത്തുന്നതിനും പിരിക്കുന്നതിനും ഉള്ള ഉത്തരവാദിത്തം തൊഴിലുടമ അല്ലെങ്കിൽ ഓഫീസ് മേധാവിയും, മറ്റുള്ളവരുടേത് ഗ്രാമ പഞ്ചായത്തുകളുടെ സ്റ്റാൻഡിംഗ് കമ്മിറ്റിയും നഗര സ്വയം ഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയും ആണ്. പക്ഷെ പരിശോധിച്ച ഒരു ഗ്രാമ പഞ്ചായത്തിലും സ്റ്റാൻഡിംഗ് കമ്മിറ്റി ഈ അധികാരം വിനിയോഗിച്ചിട്ടില്ല. പകരം സെക്രട്ടറിയാണ് നികുതി നിർണ്ണയിച്ചത്. നികുതി നിർണ്ണയിക്കുന്നതിനുള്ള അധികാരം സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ നിന്ന് സെക്രട്ടറിക്ക് കൈമാറിക്കൊണ്ട് 2006 ഏപ്രിലിൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുകയുണ്ടായി. നികുതി നിർണ്ണയം, പിരിവ് കണക്കിൽ കൊള്ളിക്കുന്നത്, കുടിശിക പിരിവ് എന്നീ വിവിധഘട്ടങ്ങളുടെ ചിത്ര രൂപത്തിലുള്ള ഒരു വിവരണം താഴെ കൊടുക്കുന്നു. (**പട്ടിക - അനുബന്ധം 1**) | (പ്രത്യേക പരാമർശമില്ല) |
| | 3.2.3. | **ഓഡിറ്റ് ലക്ഷ്യങ്ങൾ**<br>ഈ പ്രത്യവലോകനത്തിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവ | (പ്രത്യേക പരാമർശമില്ല) |

| | | | |
|---|---|---|---|
| | | യായിരുന്നു.<br>തൊഴിൽ നികുതി നിർണ്ണയത്തിനും ചുമത്തലിനും. പിരിവിനും അതിന്റെ കണക്ക് സൂക്ഷിക്കുന്നതിനും കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഗ്രാമ പഞ്ചായത്തുകളിലും നിലവിലുള്ള സംവിധാനത്തിന്റെ കാര്യക്ഷമത വിലയിരുത്തുക.<br>നികുതി ചുമത്തലിനും പിരിവിനും വരുമാനത്തിന്റെ കണക്ക സൂക്ഷിക്കുന്നതിനുമുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും, വരുമാന മൊന്നും ഈടാക്കാതെ അവശേഷിച്ചിട്ടില്ല എന്ന ന്യായമായ ഉറപ്പനല്കുന്നുണ്ടോ എന്ന് തിട്ടപ്പെടുത്തുക.<br>ശരിയാംവണ്ണമുള്ള നികുതി നിർണ്ണയത്തിനും പിരിവിനും കണക്കുകൾ സൂക്ഷിക്കുന്നതിനും മനുഷ്യശേഷിയുടെ ആവശ്യകത വിലയിരുത്തുകയും അതനുസരിച്ച് നടപടിയെടുക്കുകയും ചെയ്തിട്ടുണ്ടോയെന്ന് തിട്ടപ്പെടുത്തുക.<br>തൊഴിൽ നികുതി നിർണ്ണയം, ചുമത്തൽ, പിരിവ്, കണക്ക സൂക്ഷിക്കൽ എന്നിവയിലെ നഷ്ട സാദ്ധ്യതകൾ ലഘൂകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ആന്തരിക നിയന്ത്രണ ഇടർ നിരീക്ഷണ സംവിധാനം പര്യാപ്തമായിരുന്നോ എന്നു പരിശോധിക്കുക. | |
| | 3.2.4. | **ഓഡിറ്റ് മാനദണ്ഡങ്ങൾ**<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി നിർണ്ണയവും പിരിവും ഫലപ്രദമായിരുന്നോ എന്ന് വിലയിരുത്താൻ ഉപയോഗിച്ച ഓഡിറ്റ് മാനദണ്ഡങ്ങൾ താഴെ പറയുന്നവയായിരുന്നു.<br>➢ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെയും വ്യവസ്ഥകൾ. | (പ്രത്യേക പരാമർശമില്ല) |

| | | | |
|---|---|---|---|
| | | ➤ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും വസൂലാക്കലും അപ്പീലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ.<br>➤ 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ.<br>➤ 1965 ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ.<br>➤ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും. | |
| | 3.2.5. | **ഓഡിറ്റ് രീതിയും വ്യാപ്തിയും**<br><br>തൃശ്ശൂർ ജില്ലയിലെ ഒരു കോർപ്പറേഷൻ, ഒരു മുനിസിപ്പാലിറ്റി 19 ഗ്രാമ പഞ്ചായത്തുകൾ എന്നിവയിലെ രേഖകളുമായി ബന്ധപ്പെടുത്തി തൊഴിൽ നികുതി നിർണ്ണയവും പിരിവും സംബന്ധിച്ച ഒരു പ്രത്യേവലോകനം 2006, മെയ് മുതൽ ഓഗസ്റ്റ് വരെ നടത്തുകയുണ്ടായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഡിമാന്റ് നോട്ടീസുകൾ, പിരിവു രജിസ്റ്ററുകൾ. രശീതി ബുക്കുകളുടെ കോപ്പികൾ, ഡിസിബി പത്രികകൾ മുതലായ നികുതി നിർണ്ണയ രേഖകളിൽ നിന്നാണ് തെളിവുകൾ ശേഖരിച്ചത്. | (പ്രത്യേക പരാമർശമില്ല) |
| | 3.2.6. | **ഓഡിറ്റ് കണ്ടെത്തലുകൾ**<br>പ്രധാനപ്പെട്ട ഓഡിറ്റ് കണ്ടെത്തലുകൾ ഇനി പറയുന്ന വിഭാഗങ്ങളിലായി പ്രതിപാദിച്ചിരിക്കുന്നു.<br>➤ നികുതി വരുമാനം<br>➤ നികുതി നിർണ്ണയം<br>➤ പിരിവ്<br>➤ കണക്കു സൂക്ഷിക്കൽ | (പ്രത്യേക പരാമർശമില്ല) |

| | | | |
|---|---|---|---|
| | | ➢ നിയമങ്ങളിലെയും ചട്ടങ്ങളിലേയും പഴുതുകൾ<br>➢ ആന്തരിക നിയന്ത്രണവും ഇടർ നിരീക്ഷണവും<br>➢ ഉദ്യോഗസ്ഥരുടെ ആവശ്യകത | |
| | 3.2.7. | **നികുതി വരുമാനം**<br>പരിശോധിച്ച രണ്ട് നഗര സ്വയംഭരണ സ്ഥാപനങ്ങളുടേയും 19 ഗ്രാമ പഞ്ചായത്തുകളുടേയും 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിലെ നികുതി പിരിവിന്റെ പ്രവണത താഴെ പട്ടികയിൽ വിവരിക്കും പ്രകാരമായിരുന്നു.<br>**(പട്ടിക -അനുബന്ധം 2)**<br>2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി പിരിവ് 1.70 കോടി രൂപയിൽ നിന്ന് 2.83 കോടി രൂപയായും ഗ്രാമ പഞ്ചായത്തുകളിൽ 1.18 കോടി രൂപയിൽ നിന്ന് 1.51 കോടി രൂപയായും വർദ്ധിച്ചു. ആകെ നകുതി വരുമാനമായ 60.88 കോടി രൂപയിൽ, തൊഴിൽനികുതിയായി ലഭിച്ചത് 17.60 കോടി രൂപയായിരുന്നു. ഇത് മൊത്തം നികുതി വരുമാനത്തിന്റെ 28.91 ശതമാനമാണ്. ഗ്രാമ പഞ്ചായത്തു കളിലും നഗര സ്വയംഭരണ സ്ഥാപനങ്ങളിലും മൊത്തം നികുതി വരുമാനത്തിന്റെ യഥാക്രമം 42.97-ഉം 23.92-ഉം ശതമാനമായിരുന്നു തൊഴിൽ നികുതി എന്നാൽ ഒരു നഗര സ്വയംഭരണ സ്ഥാപനത്തിന്റെ ഒരു വർഷത്തെ ശരാശരി തൊഴിൽ നികുതി വരുമാനമായ 1.08 കോടി രൂപ ഒരു ഗ്രാമ പഞ്ചായത്തിന്റേതിന്റെ 15 ഇരട്ടിയിൽ അധികം ആയിരുന്നു. | (പ്രത്യേക പരാമർശമില്ല) |
| | 3.2.8. | **നികുതി നിർണ്ണയം**<br>പഞ്ചായത്ത് രാജ് നിയമവും മുനിസിപ്പാലിറ്റി നിയമവുംനികുതി നിർണ്ണയിക്കുന്നതിനു വേണ്ടി നികുതിദായകരെ രണ്ടു വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു.<br>(I) ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വ്യക്തികൾ | (പ്രത്യേക പരാമർശമില്ല) |

| | | | |
|---|---|---|---|
| | | (ii) ജീവനക്കാരില്ലാത്ത വ്യക്തികളും കമ്പനികൾ അല്ലെങ്കിൽ സ്ഥാപനങ്ങളും | |
| | 3.2.9 | **ജീവനക്കാരെ നികുതി ചുമത്തുന്നത്.** | |
| | 3.2.9.1 | **ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങളടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിക്കാത്തത്.**<br><br>പരിശോധിച്ച 21 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആറു ഗ്രാമ പഞ്ചായത്തുകളും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുവാൻബാദ്ധ്യസ്ഥമായ തങ്ങളുടെ അധികാരതിർത്തിക്കകത്തെ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരം അടങ്ങുന്ന രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല. ഈ രജിസ്റ്ററിന്റെ അഭാവത്തിൽ, പ്രസ്തുത ഓഫീസുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയെന്ന് ഉറപ്പാക്കാൻ കഴിഞ്ഞില്ല. | **<u>ഗ്രാമ പഞ്ചായത്തുകൾ</u>**<br>**<u>കൊടകര.</u>**<br>പഞ്ചായത്ത് അതിർത്തിക്കുള്ളിലെ നികുതി ഈടാക്കാവുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കി അതുപ്രകാരം തൊഴിൽ നികുതി ചുമത്തി പിരിച്ചു വരുന്നു.<br>**<u>മാള.</u>**<br>പഞ്ചായത്ത് അതിർത്തിക്കുള്ളിലെ നികുതി ഈടാക്കാവുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കി അതുപ്രകാരം തൊഴിൽ നികുതി ചുമത്തി പിരിച്ചു വരുന്നു.<br>**<u>മതിലകം.</u>**<br>പഞ്ചായത്ത് അതിർത്തിക്കുള്ളിലെ നികുതി ഈടാക്കാവുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കി അതുപ്രകാരം തൊഴിൽ നികുതി ചുമത്തി പിരിച്ചു വരുന്നു.<br>**<u>മേത്തല.</u>**<br>പഞ്ചായത്ത് അതിർത്തിക്കുള്ളിലെ നികുതി ഈടാക്കാവുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കി അതുപ്രകാരം തൊഴിൽ നികുതി ചുമത്തി പിരിച്ചു വരുന്നു.<br>**<u>നെൻമണിക്കര.</u>**<br>പഞ്ചായത്ത് അതിർത്തിക്കുള്ളിലെ നികുതി ഈടാക്കാവുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കി അതുപ്രകാരം തൊഴിൽ നികുതി ചുമത്തി പിരിച്ചു വരുന്നു.<br>**<u>പറപ്പൂക്കര.</u>**<br>പഞ്ചായത്ത് അതിർത്തിക്കുള്ളിലെ നികുതി ഈടാക്കാവുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കി അതുപ്രകാരം തൊഴിൽ നികുതി ചുമത്തി പിരിച്ചു വരുന്നു.<br>**<u>നഗരകാര്യ ഡയറക്ടർ</u>**<br>6/06/2017 തീയതിയിലെ എഫ്.3-13142/2009 നമ്പർ |

| | | | |
|---|---|---|---|
| | | | സർക്കലർ പ്രകാരം എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br><br>**കൊടുങ്ങല്ലൂർ നഗരസഭ:-**<br>തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്. മുൻ കാലങ്ങളിൽ രജിസ്റ്റർ ഇല്ലെങ്കിലും പ്രൊഫഷൻ ടാക്സ് അസസ്സ് ചെയ്ത് പിരിച്ചിരുന്നു. രസീതിന്റെ പകർപ്പ് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.<br>**<u>തൃശ്ശൂർ കോർപ്പറേഷൻ</u>**<br>നിലവിൽ തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ പ്രവർത്തിക്കുന്നതും തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥമായതുമായ മുഴുവൻ സ്ഥാപനങ്ങളുടേയും വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. |
| | 3.2.9.2. | **നഗര സ്വയംഭരണ സ്ഥാപനങ്ങൾ നോട്ടീസ് നൽകാത്തതുകൊണ്ട് സ്ഥാപനങ്ങളിലെ ജീവനക്കാരെ നികുതി ചുമത്താത്തത്.**<br>പരിശോധിച്ച നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ 26 മുതൽ 43 വരെ സ്ഥാപനങ്ങളിലെ തൊഴിലുടമകൾ അല്ലെങ്കിൽ ഓഫീസ് മേധാവികൾ 2001-02 മുതൽ 2005-06 വരെയുള്ള അവരുടെ ജീവനക്കാരെ നികുതി ചുമത്തിയില്ല. വിശദ വിവരങ്ങൾ താഴെ പട്ടികയിൽ **(പട്ടിക -അനുബന്ധം 3)**<br>ശമ്പളം അല്ലെങ്കിൽ വരുമാനത്തിന്റെ വിവരങ്ങളടങ്ങിയ പത്രി സഹിതം ജീവനക്കാരുടെ പേരു വിവരം സമർപ്പിക്കണമെന്നും നികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരെയും നികുതി ചുമത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമകൾക്ക് ഈ നഗര സ്വയംഭരണ സ്ഥാപന ങ്ങൾ നോട്ടീസ് നൽകിയില്ല. തത്ഫലമായി ഈ സ്ഥാപനങ്ങളുടെ മേൽ നികുതി ചുമത്തിയെങ്കിലും അവയിലെ ജീവനക്കാർ നികുതി | **കൊടുങ്ങല്ലൂർ നഗരസഭ:-**<br>കൊടുങ്ങല്ലൂർ നഗരസഭയിൽ 2003-2004, 2004-2005, 2005-2006 വർഷങ്ങളിൽ ചില സ്ഥാപനങ്ങൾ അസ്സസ് ചെയ്യുന്നതിന് വിട്ടുപോയിട്ടുള്ളതാണ്. നഗരസഭാ പരിധിയിൽപ്പെട്ട മുഴുവൻ സ്ഥാപനങ്ങളേയും അവിടുത്തെ ജീവനക്കാരേയും അസസ്സ് ചെയ്ത് തൊഴിൽ നികുതി ഈടാക്കുന്നതിന് പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.<br>**തൃശ്ശൂർ കോർപ്പറേഷൻ:-**<br>തൃശ്ശൂർ കോർപ്പറേഷനിൽ 2001-02 മുതൽ 2005-06 വരെ വർഷങ്ങളിൽ സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ചുമത്തുകയും, എന്നാൽ ജീവനക്കാരെ നികുതി ചുമത്താതെ ഒഴിവായതായ റിപ്പോർട്ടിലെ സ്ഥാപനങ്ങളുടെ എണ്ണം മാത്രമാണ് സൂചിപ്പിച്ചിരുന്നത്. നികുതി ചുമത്തലിൽ നിന്നും രക്ഷപ്പെട്ട സ്ഥാപനങ്ങളുടെ പേരുവിവരം വ്യക്തമാക്കാതിരുന്നാൽ ആയവയുടെ നികുതി ഈടാക്കുന്നതിന് ബുദ്ധിമുട്ടുണ്ടായിരുന്നു.<br><u>തുടർന്നുള്ള</u> വർഷങ്ങളിൽ മുഴുവൻ സ്ഥാപനങ്ങളുടേയും |

| | | | |
|---|---|---|---|
| | | ചുമത്തലിൽ നിന്ന് രക്ഷപ്പെട്ടു. നോട്ടീസ് സമയത്തിന് നൽകുന്നതിലുള്ള വീഴ്ച മൂലം മേൽ നിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരം 2002-03-നു മുമ്പുള്ള തൊഴിൽ നികുതി ചുമത്താതിരിക്കുന്നതിലും, അത് കാലഹരണപ്പെടുന്നതിലും, അതിനാൽ ഈടാക്കാതിരിക്കുന്നതിലും കലാശിച്ചു. | ഉൾപ്പെടുത്തി ജീവനക്കാരുടെ നികുതി ഈടാക്കിയിട്ടുണ്ട്. |
| | 3.2.9.3. | **നോട്ടീസ് നൽകിയിട്ടും ഓഫീസ് മേധാവികൾ/ തൊഴിലുടമകൾ തൊഴിൽ നികുതി ചുമത്താത്തത്**<br>ഏതൊരു ഓഫീസ് മേധാവിയും തൊഴിലുടമയും തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ തന്റെ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരെയും നികുതി ചുമത്തണമെന്നും അവരിൽ നിന്ന് നികുതി ഈടാക്കണമെന്നും അത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കണമെന്നും പഞ്ചായത്ത് രാജ് നിയമവും അതുപോലെ തന്നെ മുനിസിപ്പാലിറ്റി നിയമവും അനുശാസിക്കുന്നു. തങ്ങളുടെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തണമെന്നും അവരിൽ നിന്ന് നികുതി ഈടാക്കണമെന്നും ആവശ്യപ്പെട്ട് ഓഫീസ് മേധാവികൾക്ക്/തൊഴിലുടമകൾക്ക് ആറു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നോട്ടീസുകൾ നൽകിയെങ്കിലും 5 മുതൽ 439 വരെ ഓഫീസ് മേധാവികൾ/തൊഴിലുടമകൾ 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ, താഴെ വിവരിക്കും പ്രകാരം തങ്ങളുടെ ജീവനക്കാരെ നികുതി ചുമത്തുകയോ അവരിൽ നിന്ന് നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. (**പട്ടിക - അനുബന്ധം 4**)<br><br>തങ്ങളുടെ ജീവനക്കാരെ നികുതി ചുമത്താത്തസ്ഥാപനങ്ങളുടെ കൂട്ടത്തിൽ തൃശ്ശൂർ കോർപ്പറേഷനിലെയും കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെയും സർക്കാർ ഓഫീസുകളും ബാങ്കുകളും ഉൾപ്പെട്ടിരുന്നു. നോട്ടീസ് നൽകിയശേഷം അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ തൊഴിലുടമകൾ പാലിക്കുന്നുണ്ടോ എന്ന് ഇടർ | തൃശ്ശൂർ ജില്ലയിലെ നെൻമണിക്കര, പറപ്പൂക്കര, അന്നമനട, ചേർപ്പ് എന്നീ ഗ്രാമ പഞ്ചായത്തുകളാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്. സർക്കാർ ഓഫീസുകൾ, ബാങ്കുകൾ, ഇൻഷ്വറൻസ് കമ്പനികൾ തുടങ്ങിയവയുടെ മേധാവികൾ/തൊഴിൽ ഉടമകൾ നടത്തുന്ന നികുതി ചുമത്തി നിയമാനുസൃതമാണെന്ന് ഉറപ്പ് വരുത്തുന്നതിന് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**<u>നെൻമണിക്കര.</u>**<br>സർക്കാർ ഓഫീസുകൾ, ബാങ്കുകൾ, ഇൻഷ്വറൻസ് കമ്പനികൾ തുടങ്ങിയവയുടെ മേധാവികൾ/തൊഴിൽ ഉടമകൾ നടത്തുന്ന നികുതി ചുമത്തി നിയമാനുസൃതമാണെന്ന് ഉറപ്പ് വരുത്തുന്നു.<br>**<u>അന്നമനട.</u>**<br>സർക്കാർ ഓഫീസുകൾ, ബാങ്കുകൾ, ഇൻഷ്വറൻസ് കമ്പനികൾ തുടങ്ങിയവയുടെ മേധാവികൾ/തൊഴിൽ ഉടമകൾ നടത്തുന്ന നികുതി ചുമത്തി നിയമാനുസൃതമാണെന്ന് ഉറപ്പ് വരുത്തുന്നു.<br>**<u>ചേർപ്പ്.</u>**<br>സർക്കാർ ഓഫീസുകൾ, ബാങ്കുകൾ, ഇൻഷ്വറൻസ് കമ്പനികൾ തുടങ്ങിയവയുടെ മേധാവികൾ/തൊഴിൽ ഉടമകൾ നടത്തുന്ന നികുതി ചുമത്തി നിയമാനുസൃതമാണെന്ന് ഉറപ്പ് വരുത്തുന്നു.<br>**<u>നഗരസഭകൾ</u>**<br><br>**കൊടുങ്ങല്ലൂർ നഗരസഭ:-** |

| | | | |
|---|---|---|---|
| | | നിരീക്ഷണം നടത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്കണ്ടായ വീഴ്ചയുടെ ഫലമായി തൊഴിലുടമകൾ നികുതി ഈടാക്കിയില്ല. ചട്ടങ്ങളിൽ പറയുംപ്രകാരം ബന്ധപ്പെട്ട തൊഴിലുടമകളിൽ നിന്ന് കടിശിക നികുതി ഈടാക്കാനുള്ള ശിക്ഷാ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൈകൊണ്ടില്ല. ഇതിന്റെ ഫലമായി 2002-03-ന് മുമ്പുള്ള കടിശിക കാലഹരണപ്പെടുവാനും ഈടാക്കാൻ സാധിക്കാതിരിക്കുന്നതിനും ഇടയായി. | നഗരസഭാ പരിധിയിൽപ്പെട്ട തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളേയും ജീവനക്കാരേയും, മറ്റു നികുതിദായകരേയും നോട്ടീസ് മുഖേന വിവരം അറിയിക്കുകയും തുടർന്ന് ഓരോ അർദ്ധവർഷങ്ങളും അവസാനിച്ചശേഷം തൊഴിൽ അടയ്ക്കാത്ത നികുതിദായകരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.<br>**തൃശ്ശൂർ കോർപ്പറേഷൻ** :- തൃശ്ശൂർ നഗരസഭയിൽ ഓഫീസ് മേധാവിയും തൊഴിലുടമയും നോട്ടീസ് നൽകിയിട്ടും തൊഴിലുടമകൾ 2001-02 മുതൽ 2005-06 കാലയളവിൽ ജീവനക്കാരുടെ നികുതി ചുമത്താതെയും ഈടാക്കാതെയും വന്നിട്ടുള്ള സ്ഥാപനങ്ങളുടെ പേരു വിവരം സൂചിപ്പിക്കായ്കയാണ് ഈടാക്കുന്നതിന് ബുദ്ധിമുട്ടുണ്ടായിരുന്നു.<br>തുടർന്നുള്ള വർഷങ്ങളിൽ അതാത് വർഷത്തെ നികുതി ഈടാക്കുന്നതിനു മുമ്പായി മുൻ വർഷത്തെ ഡിമാന്റ് പ്രകാരമുള്ള തുക വരവായിട്ടുണ്ടെന്ന് ബോധ്യപ്പെട്ടശേഷം മാത്രം സ്വീകരിച്ചുവരുന്നു. ട്രഷറി ഓഫീസിന് അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. |
| | 3.2.9.4. | **നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ സർക്കാർ ഓഫീസുകളും ബാങ്കുകളും മറ്റു കമ്പനികളും ജീവനക്കാരെ നികുതി ചുമത്താത്**<br>തങ്ങളുടെ ജീവനക്കാരെ നികുതി ചുമത്താത്ത തൃശ്ശൂർ കോർപ്പറേഷനിലെയും കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെയും സ്ഥാപനങ്ങളുടെ വിശദമായ പരിശോധനയിൽ 9 മുതൽ 25 വരെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളും ഓഫീസുകളും 56 മുതൽ 103 വരെ സംസ്ഥാന സർക്കാർ സ്ഥാപനങ്ങളും ഓഫീസുകളും താഴെ വിവരിക്കുംപ്രകാരം തങ്ങളുടെ ജീവനക്കാരെ 2001-2002 മുതൽ 2003-04 വരെയുള്ള കാലയളവിൽ നികുതി ചുമതിതിയില്ലെന്ന് കണ്ടു.(പട്ടിക -അനുബന്ധം 5) | <u>**നഗരസഭകൾ**</u><br>**കൊടുങ്ങല്ലൂർ നഗരസഭ**:-<br>സ്റ്റേറ്റ് ഗവൺമെന്റ് സെൻട്രൽ ഗവൺമെന്റ് സ്ഥാപനങ്ങളുടേയും, സ്ഥാപനങ്ങളിലെ ജീവനക്കാരെയും തൊഴിൽ നികുതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>**തൃശ്ശൂർ കോർപ്പറേഷൻ** :-<br>തൃശ്ശൂർ നഗരസഭാ പരിധിയിലെ സർക്കാർ ഓഫീസുകളുടെ തൊഴിൽ നികുതി ഈടാക്കുന്നതിലേയ്ക്ക് ഓരോ അർദ്ധവർഷവും ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് തൊഴിൽ നികുതി അടച്ചതു സംബന്ധിച്ച സാക്ഷ്യപത്രം സഹിതം ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ശമ്പള ബിൽ പാസ്സാക്കി |

| | | | |
|---|---|---|---|
| | | സർക്കാർ ഓഫീസുകൾ, ബാങ്കുകൾ, ഇൻഷ്വറൻസ് കമ്പനികൾ തുടങ്ങിയ പ്രമുഖ സ്ഥാപന ങ്ങളിലെ ജീവനക്കാർ നികുതി ചുമത്തലിൽ നിന്ന് രക്ഷപ്പെട്ടത് ഓഫീസ് മേധാവികൾ/ തൊഴിലുടമകൾ നടത്തുന്ന നികുതി ചുമത്തൽ തുടർനിരീക്ഷണം നടത്തുന്നതിൽ നഗര സ്വയംഭരണ സ്ഥാപനങ്ങൾ കാണിച്ച അലംഭാവം എത്രത്തോളമായിരുന്നുവെന്ന് സൂചിപ്പിക്കുന്നു. നിയമങ്ങളും ചട്ടങ്ങളും ലംഘിച്ചതിന് ഓഫീസ് മേധാവികൾക്കും തൊഴിലുടമകൾക്കും എതിരെ നടപടികളൊന്നും കൈകൊണ്ടില്ല. | നൽകാവൂവെന്ന് നിഷ്കർഷിച്ചുകൊണ്ട് അറിയിപ്പ് നൽകിയിട്ടുണ്ട്. ഓഡിറ്റ് തടസ്സം ഉന്നയിച്ചിട്ടുള്ളതിൽ ആകെ സ്ഥാപനങ്ങളുടെ എണ്ണം മാത്രം സൂചിപ്പിച്ചിരിക്കുന്നത്. നിലവിൽ എല്ലാ സ്ഥാപനത്തിനും നോട്ടീസ് നൽകി സമയബന്ധിതമായി നികുതി പിരിക്കുന്നുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ ഓഫീസുകളുടേയും ബാങ്കുകളുടേയും മറ്റ് കമ്പനികളുടേയും മുഴുവൻ ജീവനക്കാരുടേയും നികുതി ഈടാക്കുന്നുണ്ട്. |
| | 3.2.10 | **കമ്പനികളെയും ഉദ്യോഗസ്ഥരല്ലാത്ത വ്യക്തികളെയും നികുതി ചുമത്താത്തത്** | പ്രത്യേക പരാമർശമില്ല |
| ✓ | 3.2.10.1 | **നികുതി ചുമത്തപ്പെടേണ്ട വ്യക്തികളുടെയും കമ്പനികളുടെയും വിവരങ്ങൾ സൂക്ഷിക്കാ ത്തത്.**<br><br>തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം കാണിക്കുന്ന റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫാറം 4 ൽ കമ്പനിക്ക് അല്ലെങ്കിൽ വ്യക്തികൾക്ക് ഗ്രാമ പഞ്ചായത്തുകൾ നോട്ടീസ് നൽകണമെന്ന് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 എ അനുശാസിക്കുന്നു. നോട്ടീസ് നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകളുടെ കൈവശം അങ്ങനെയുള്ള കമ്പനികളുടെ/വ്യക്തികളുടെ വിവരങ്ങൾ ഉണ്ടായിരിക്കേണ്ടത്. പരിശോധിച്ച ഗ്രാമ പഞ്ചായത്തുകളൊന്നും തന്നെ തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥമായ കമ്പനികളുടെ/ വ്യക്തികളുടെ പട്ടിക സൂക്ഷിച്ചിരുന്നില്ല. തൊഴിൽ നികുതി കൊടുക്കുവാൻ ബാദ്ധ്യസ്ഥരായ കമ്പനികളെപ്പറ്റിയുള്ള വിവരങ്ങളുടെ അഭാവത്തിൽ അവയ്ക്ക് നോട്ടീസ് നൽകുവാൻ ഗ്രാമ പഞ്ചായത്തുകൾക്ക് സാധിച്ചില്ല. | തൊഴിൽ നികുതി ഈടാക്കുന്ന വരുമാനം കാണിക്കുന്ന റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ട കൊണ്ട് ഫാറം 4 കമ്പനിക്ക് അല്ലെങ്കിൽ വ്യക്തിക്ക് ഗ്രാമ പഞ്ചായത്തുകൾ നോട്ടീസ് നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകളുടെ കൈവശം അങ്ങനെയുള്ള കമ്പനികളുടെ/ വ്യക്തികളുടെ വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കുന്നതിനും ആയത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | 3.2.10.2. | **കമ്പനികളെയും വ്യാപാരികളെയും നികുതി ചുമത്താത്തത്**<br>തങ്ങളുടെ ജീവനക്കാരെ നികുതി ചുമത്തിയവരോ അല്ലെങ്കിൽ നഗര സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് കൈവശമുള്ളവരോ ആയ കമ്പനികളെ/ വ്യാപാരികളെ/വ്യക്തികളെ 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ പരിശോധിക്കപ്പെട്ട രണ്ടു നഗര സ്വയംഭരണ സ്ഥാപനങ്ങൾ താഴെ വിവരിക്കും പ്രകാരം നികുതി ചുമത്തിയില്ല.<br>പരിശോധിക്കപ്പെട്ട് രണ്ടു നഗര സ്വയംഭരണ സ്ഥാപനങ്ങൾ താഴെ വിവരിക്കും പ്രകാരം നികുതി ചുമത്തിയില്ല.(**പട്ടിക -അനുബന്ധം 6)**<br>നഗര സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിച്ചിരുന്ന നികുതി ചുമത്തപ്പെടാൻ ബാദ്ധ്യസ്ഥമായ കമ്പനികളുടെ/വ്യാപാരികളുടെ/വ്യക്തികളുടെ പട്ടിക അപൂർണ്ണമായിരുന്നുവെന്നും തത്ഫലമായി അവർക്ക് നോട്ടീസ് നൽകാൻ കഴിയാതെ വന്നുവെന്നും ഇത് സൂചിപ്പിക്കുന്നു. തന്മൂലം അവർക്കെതിരെ ഡിമാന്റ് ഉന്നയിക്കുവാൻ കഴിയാതെ വരികയും 2002-03-നു മുൻപ് പിരിച്ചെടുക്കാനുള്ള നികുതികൾ കാലഹരണപ്പെടുകയും ഈടാക്കുവാൻ പറ്റാതെ വരികയും ചെയ്തു. | **<u>നഗരസഭകൾ</u>**<br>**കൊടുങ്ങല്ലൂർ നഗരസഭ:-**<br>നഗരസഭാ പരിധിയിലുള്ള തൊഴിൽ നികുതി ചുമത്താവുന്ന മുഴുവൻ സ്ഥാപനങ്ങൾ, വ്യാപാരികൾ എന്നിവരെ തൊഴിൽ നികുതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>**തൃശ്ശൂർ കോർപ്പറേഷൻ :-**<br>തൃശ്ശൂർ നഗരസഭയിൽ 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ നികുതി ചുമത്തലിൽ നിന്ന് രക്ഷപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം സൂചിപ്പിച്ച പ്രകാരമുള്ളവ ഏതൊക്കെയെന്ന് പരിശോധിക്കുവാൻ ബുദ്ധിമുട്ടുണ്ടായിരുന്നു.<br>തുടർന്നുള്ള വർഷങ്ങളിൽ സമഗ്രമായ പരിശോധന നടത്തി യാതൊരു സ്ഥാപനവും ഒഴിവായിട്ടില്ലെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| | 3.2.10.3 | **പഞ്ചായത്തുകളിലെ വ്യാപാരികളെ നികുതി ചുമത്തിയില്ല**<br>പരിശോധിച്ച 19 ഗ്രാമ പഞ്ചായത്തുകളിൽ നാലെണ്ണം മാത്രമേ വ്യാപാരികളുടെയും സ്ഥാപന ങ്ങളുടെയും പട്ടിക സൂക്ഷിച്ചിരുന്നുള്ളു. ശേഷിക്കുന്ന ഗ്രാമ പഞ്ചായത്തുകളിൽ ലൈസൻസുകൾ നേടാനോ പുതുക്കാനോ തങ്ങളെ സമീപിച്ചവരെ മാത്രമേ നികുതി ചുമത്തുകയും ഈടാക്കുകയും ചെയ്യുള്ളു. വ്യാപാരികളുടെ പട്ടിക ലഭ്യമല്ലാത്തതുകൊണ്ട് നികുതി ചുമത്തപ്പെടാതെ രക്ഷപ്പെട്ട | ഗ്രാമപഞ്ചായത്തിലെ വ്യാപാരികളുടേയും, സ്ഥാപനങ്ങളുടേയും പട്ടിക സൂക്ഷിക്കണമെന്ന നിർദ്ദേശം പാലിക്കുന്നതിനും, ആയത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനും എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് |

| | | | |
|---|---|---|---|
| | | വ്യാപാരികളുടെ/സ്ഥാപനങ്ങളുടെ എണ്ണം ഓഡിറ്റിൽ തിട്ടപ്പെടുത്തുവാൻ ആയില്ല. | |
| | 3.2.10.4. | **അപകടകരവും അസഹ്യവുമായ വ്യാപാരം (ഡി&ഒ) നടത്തുന്ന ലൈസൻസുടമ കളുടെ വിവരങ്ങൾ ലഭ്യമായിട്ടും നികുതി ചുമത്തലിൽ നിന്ന് അവർ രക്ഷപ്പെട്ടു.**<br>രണ്ട് ഗ്രാമ പഞ്ചായത്തുകളിലെ 126 ഡി&ഒ ലൈസൻസുകടമകളെ തൊഴിൽ നികുതി ചുമത്തുകയുണ്ടായില്ല. നികുതി ചുമത്തുന്നതിൽ ഗ്രാമ പഞ്ചായത്തുകൾക്കുണ്ടായ വീഴ്ച 0.65 ലക്ഷം രൂപയുടെ വരുമാന നഷ്ടത്തിനിടയാക്കി. പ്രസ്തുത നികുതിദായകരെ സംബന്ധിച്ച വിവരങ്ങളും അവരുടെ വരുമാനവും ഗ്രാമ പഞ്ചായത്തുകളിൽ ലഭ്യമായിരുന്നിട്ടും അവരെ നികുതി ചുമത്താത്തതിന് നീകരണമില്ല. അതിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് തീരുമാനിക്കുന്നതിന് ഇതിനെക്കുറിച്ച് അന്വേഷിക്കേണ്ടതുണ്ട്. | തൃശ്ശൂർ ജില്ലയിലെ മേത്തല, കൊടകര, എന്നീ ഗ്രാമ പഞ്ചായത്തുകളാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്. തെറ്റ് ആവർത്തിക്കാതിരിക്കുന്നതിന് സെക്രട്ടറി മേൽനോട്ട ഉദ്യോഗസ്ഥൻ, ബന്ധപ്പെട്ട സെക്ഷൻ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**മേത്തല.**<br>ഡി & ഒ പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുള്ള മുഴുവൻ ആളുകളുടെയും രജിസ്റ്റർ തയ്യാറാക്കി നികുതി ഈടാക്കി വരുന്നുണ്ട്.<br>**കൊടകര.**<br>ഡി & ഒ പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുള്ള മുഴുവൻ ആളുകളുടെയും രജിസ്റ്റർ തയ്യാറാക്കി നികുതി ഈടാക്കി വരുന്നുണ്ട്. |
| | 3.2.10.5. | **കമ്പനികളെയും സ്ഥാപനങ്ങളെയും നികുതി ചുമത്താത്തത്**<br>പഞ്ചായത്തു പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തിയ കമ്പനികളെല്ലാം തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥമാണ്. പരിശോധിച്ച 19 ഗ്രാമ പഞ്ചായത്തുകളിൽ നാലെണ്ണം 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ കമ്പനികളുടെമേൽ തൊഴിൽ നികുതി ചുമത്തുന്നതിൽ താഴെ കാണിക്കും പ്രകാരം വീഴ്ച വരുത്തി.(**പട്ടിക -അനുബന്ധം 7)**<br><br>കമ്പനികളുടെ മേൽ നികുതി ചുമത്താത്തതുമൂലമുണ്ടായ വരുമാനം നഷ്ടം ഒരു അർദ്ധവർഷത്തെ ശരാശരി നികുതി 685 രൂപ എന്ന നിരക്കിൽ 1.86 . ലക്ഷം രൂപയാണെന്ന് | **കൊടകര ഗ്രാമ പഞ്ചായത്ത്.**<br>പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ബിസിനസ്സ് നടത്തിയ കമ്പനികളുടെ രജിസ്റ്റർ തയ്യാറാക്കി നികുതി ഈടാക്കി വരുന്നുണ്ട്.<br>**മാള.**<br>പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ബിസിനസ്സ് നടത്തിയ കമ്പനികളുടെ രജിസ്റ്റർ തയ്യാറാക്കി നികുതി ഈടാക്കി വരുന്നുണ്ട്.<br>**മതിലകം.**<br>പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ബിസിനസ്സ് നടത്തിയ കമ്പനികളുടെ രജിസ്റ്റർ തയ്യാറാക്കി നികുതി ഈടാക്കി |

| | | | |
|---|---|---|---|
| | | കണക്കാക്കുന്നു. | വരുന്നുണ്ട്.<br>**മേത്തല.**<br>പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ബിസിനസ്സ് നടത്തിയ കമ്പനികളുടെ രജിസ്റ്റർ തയ്യാറാക്കി നികുതി ഈടാക്കി വരുന്നുണ്ട്. |
| | 3.2.10.6. | **കൃഷിക്കാരെ നികുതി ചുമത്താത്തത്**<br>കൃഷിയിൽ നിന്നും ആദായം ലഭിക്കുന്നവരും തൊഴിൽ നികുതി ചുമത്തപ്പെടാൻ ബാദ്ധ്യത പ്പെട്ടവുമായ വ്യക്തികളുടെ പട്ടിക ഗ്രാമ പഞ്ചായത്തുകൾ സൂക്ഷിക്കേണ്ടതുണ്ടായിരുന്നെങ്കിലും പരിശോധിച്ച ഒരു ഗ്രാമ പഞ്ചായത്തും അത് സൂക്ഷിച്ചിട്ടില്ല. ഈ പട്ടികയുടെ അഭാവത്തിൽ നികുതി ചുമത്തപ്പെടാതെ രക്ഷപ്പെട്ടവരുടെ എണ്ണവും തത്ഫലമായുണ്ടായ നികുതി പിരിവിലെ കുറവും ഓഡിറ്റിൽ തിട്ടപ്പെടുത്താനായില്ല. | കൃഷിയിൽ നിന്നും ആദായം ലഭിക്കുന്നവരും തൊഴിൽ നികുതി ചുമത്തപ്പെടാൻ ബാദ്ധ്യത പ്പെട്ടവരുമായ വ്യക്തികളുടെ പട്ടിക ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കണമെന്ന നിർദ്ദേശം പാലിക്കുന്നതിനും ആയത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനും എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ വൻകിട തോട്ടമുടമകളിൽ നിന്നും എസ്റ്റേറ്റുകളിൽ നിന്നും നിയമാനുസൃതമായ നികുതി പിരിച്ചു വരുന്നുണ്ട്. (ഏലക്കാട്ടുകൾ, തേയിലത്തോട്ടങ്ങൾ, റബ്ബർ എസ്റ്റേറ്റുകൾ). എന്നാൽ 90% -ലധികം വരുന്ന ഗ്രാമ പഞ്ചായത്തുകളിലും ചെറുകിട നാമമാത്ര കർഷകരാണ് നിലവിലുള്ളത്. ഈ മേഖലയിൽ നിലവിൽ കൃഷി ആദായകരമല്ലാത്ത ഒരു സാഹചര്യം വരികയും ബഹുഭൂരിപക്ഷവും കാർഷികമേഖലയിൽ നിന്നും പിൻവാങ്ങുന്നതായും കണ്ടുവരുന്നു. കൂടാതെ കാർഷിക ഭൂമി മറ്റാവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്ന പ്രവണതയുമുണ്ട്. ഈ സാഹചര്യത്തിൽ കൃഷി നിലനിർത്തുന്നതിനും ആ മേഖലയിൽ പണിയെടുക്കുന്നവരെ പ്രോത്സാഹിപ്പി ക്കുന്നതിനുമാണ് പഞ്ചായത്തുകൾ ശ്രമിച്ച് വരുന്നത്. |
| | 3.2.10.7. | **കരാറുകാരെ നികുതി ചുമത്താത്തത്**<br>ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്ത് പ്രവൃത്തി നടത്തുന്നതോ അല്ലെങ്കിൽ ആ പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ | **പഞ്ചായത്ത് ഡയറക്ടർ**<br>ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ തസ്ഥഭവ സ്ഥാപന പ്രദേശത്ത് പ്രവൃത്തി നടത്തുന്നതോ അല്ലെങ്കിൽ ആ പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ |

| | | | |
|---|---|---|---|
| | | താമസിക്കുകയും അതേസമയം പ്രദേശത്തിനുവെളിയിൽ പ്രവൃത്തി നടത്തുകയും ചെയ്യുന്നതോ ആയ കരാറുകാർ നികുതി ചുമത്തപ്പെടാൻ ബാദ്ധ്യസ്ഥരാണ്. പരിശോധിച്ച ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനവും തങ്ങൾക്കുവേണ്ടി പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരെപോലും നികുതി ചുമത്തിയില്ല. പ്രത്യവലോകനം നടത്തിയ കാലയളവിൽ നികുതി ചുമത്തലിൽ നിന്ന് രക്ഷപ്പെട്ട കരാറുകാരുടെ എണ്ണം താഴെ വിവരിച്ചിരിക്കുന്നതുപോലെ 60 മുതൽ 192 വരെയായിരുന്നു.(**പട്ടിക -അനുബന്ധം 8)**<br><br>ഒരു അർദ്ധവർഷത്തിൽ 685 രൂപ എന്ന നിരക്കിൽ കണക്കാക്കിയാൽ ഈ കരാറുകാരിൽ നിന്നും ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി 8.40 ലക്ഷം രൂപയായിരുന്നു. | താമസിക്കുകയും അതേ സമയം പ്രദേശത്തിന് വെളിയിൽ പ്രവൃത്തി നടത്തുകയും ചെയ്യുന്നതോ ആയ കരാറുകാർ നികുതി ചുമത്തപ്പെടുത്താൻ ബാദ്ധ്യസ്ഥരാണെന്ന നിർദ്ദേശം പാലിക്കുന്നതിനും ആയത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്ക വാൻ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**<u>നഗരകാര്യ ഡയറക്ടർ</u>**<br>ഇത്തരത്തിൽ കരാറുകാർക്ക് നികുതി ചുമത്തുവാനായി 16/06/2017 തീയതിയില എഫ്3-13142/2009 നമ്പർ സർക്കുലർ പ്രകാരം എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br>**കൊടുങ്ങല്ലൂർ നഗരസഭ:-**<br>കോൺട്രാക്ടർമാർ ലൈസൻസികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വരുന്നുണ്ട്.<br>**<u>തൃശ്ശൂർ നഗരസഭ</u>:-**<br>നഗരസഭയിൽ ജോലി ചെയ്യുന്ന കരാറുകാരുടെ ബിൽ തുകയിൽ നിന്നും നേരിട്ട് തൊഴിൽ നികുതി പിരിക്കുന്നുണ്ട്. |
| | 3.2.10.8. | ***വാഹന ഉടമകളെ നികുതി ചുമത്താത്തത്***<br>വാടക വാഹനങ്ങൾ/സ്റ്റേജ് കാരിയറുകൾ/ ചരക്കുവണ്ടികൾ ഓടിക്കുന്നതിനുള്ള അനുമതി കൈവശമുള്ളവർ തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥരാണ്. ഇത്തരത്തിലുള്ള വളരെ കുറച്ച് കമ്പനികളുടെമേൽ നികുതി ചുമത്തിയ തൃശ്ശൂർ കോർപ്പറേഷനൊഴിച്ചുള്ള പരിശോധിച്ച ഒരൊറ്റ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഈ വിഭാഗത്തിൽപ്പെട്ട വ്യക്തികളേയും കമ്പനികളേയും നികുതി ചുമത്തിയില്ല. ഇത്തരത്തിലുള്ള നികുതിദായകരുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പക്കൽ ലഭ്യമല്ലാതിരുന്നതുകൊണ്ട് നികുതി ചുമത്തലിൽ നിന്ന് രക്ഷപ്പെട്ടവരുടെ എണ്ണവും ഈടാക്കാതെപോയ നികുതിയും | **<u>ഗ്രാമ പഞ്ചായത്തുകൾ</u>** വാടക വാഹനങ്ങൾ/സ്റ്റേജ് കാരിയറുകൾ/ചരക്ക് വണ്ടികൾ ഓടിക്കുന്നതിനും അനുമതി കൈവശമുള്ളവർ തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരാണെന്ന നിർദ്ദേശം പാലിക്കുന്നതിനും ആയത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനാ വശ്യമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**<u>നഗരസഭകൾ</u>**<br>**കൊടുങ്ങല്ലൂർ നഗരസഭ:-**<br>ഇപ്പോൾ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>**<u>തൃശ്ശൂർ നഗരസഭ</u>:-** |

| | | | |
|---|---|---|---|
| | | ഓഡിറ്റിൽ തിട്ടപ്പെടുത്താനായില്ല. | വാഹന ഉടമകളിൽ നിന്ന് തൊഴിൽ നികുതി പിരിച്ചെടുത്ത് നഗരസഭയെ ഏൽപ്പിക്കുന്നതിനായി പ്രൈവറ്റ് ബസ് ഓണേഴ്സ് അസോസിയേഷന് കത്ത് നൽകിയിട്ടുണ്ട്. |
| | 3.2.10.9. | ***നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനത്തിന് നികുതി ചുമത്താത്തത്*** <br>കെട്ടിടങ്ങളിൽ നിന്നുള്ള വാടക, നിക്ഷേപത്തിൻമേലുള്ള പലിശ തുടങ്ങിയവ ലഭിക്കുന്നവരുടെ പട്ടിക ഒരു ഗ്രാമ പഞ്ചായത്തും സൂക്ഷിച്ചിട്ടില്ല. തത്ഫലമായി അങ്ങനെയുള്ളവരെ തൊഴിൽ നികുതി ചുമത്തിയില്ല. നിക്ഷേപത്തിൽ നിന്ന് വരുമാനം നേടുന്നവരുടെ സമ്പൂർണ്ണമായ പട്ടിക സൂക്ഷിക്കാത്തത് നികുതി ചുമത്താത്തതിലും പിരിക്കാത്തതിലും കലാശിച്ചു. അങ്ങിനെയുള്ളവരുടെ വിവരങ്ങൾ ലഭ്യമല്ലാതിരുന്നതുകൊണ്ട് നികുതി ചുമത്തപ്പെടാതെ രക്ഷപ്പെട്ടവരുടെ എണ്ണം ഓഡിറ്റിൽ തിട്ടപ്പെടുത്തുവാൻ കഴിഞ്ഞില്ല. | <u>**ഗ്രാമ പഞ്ചായത്തുകൾ**</u> കെട്ടിടങ്ങളിൽ നിന്നുള്ള വാടക, നിക്ഷേപ ത്തിന്മേലുള്ള പലിശ തുടങ്ങിയവ ലഭിക്കുന്നവരുടെ പട്ടിക എല്ലാ ഗ്രാമ പഞ്ചായത്തിലും ഉണ്ടായിരിക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കുന്നതിനും ആയത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | 3.2.11 | **നികുതി പിരിവ്** | (പ്രത്യേക പരാമർശമില്ല) |
| | 3.2.11.1. | **നികുതി പിരിക്കുന്ന രീതി** <br><br>ജീവനക്കാരിൽ നിന്ന് തങ്ങളുടെ ശമ്പളത്തിൽ നിന്നോ വേതനത്തിൽ നിന്നോ കുറവ് ചെയ്തുകൊണ്ട് അവരുടെ തൊഴിലുടമകളാണ് തൊഴിൽ നികുതി പിരിക്കുന്നത്. എന്നാൽ സ്വയം ശമ്പളം വാങ്ങുന്നവരും സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളും കമ്പനികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നേരിട്ട് നികുതി അടയ്ക്കുന്നു. നികുതി ലഭിക്കുന്നമുറയ്ക്ക് തൊഴിലുടമ അല്ലെങ്കിൽ നികുതി ദായകന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രശീതികൾ നൽകുകയും നിർദ്ദേശിക്കപ്പെട്ട കണക്ക പുസ്തകങ്ങളിൽ നികുതി വരവു വയ്ക്കുകയും ചെയ്യുന്നു. പ്രത്യവലോകന കാലയളവിൽ | ((പ്രത്യേക പരാമർശമില്ല) |

| | | | |
|---|---|---|---|
| | | തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുത്ത തൊഴിൽ നികതി 17.60 കോടി രൂപയായിരുന്നു.(ഖണ്ഡിക 3.2.7 ന കീഴിലെ പട്ടിക കാണുക) | |
| | 3.2.11.2. | **പിരിച്ചെടുക്കാനുള്ള കടിശിക**<br>2004-05-ലേയും 2005-06-ലേയും കടിശിക ഡിമാന്റ് രജിസ്റ്റർ തൃശ്ശൂർ കോർപ്പറേഷൻ സൂക്ഷിക്കാത്തതുകൊണ്ട് താഴെ കാണിച്ചിരിക്കുന്നതുപോലെ 2004 മാർച്ച് 31 വരെ പിരിഞ്ഞുകിട്ടാനുള്ള കടിശികയുടെ വിവരങ്ങൾ മാത്രമേ ലഭ്യമായിരുന്നുള്ളു.(**പട്ടിക -അനുബന്ധം 9**)<br><br>2004 മാർച്ച്31 ന് 13,631 നികതി ദായകരിൽ നിന്ന് 59.98 ലക്ഷം രൂപയുടെ തൊഴിൽ നികതി പിരിച്ചെടുക്കാതെ ബാക്കി നില്പണ്ടായിരുന്നു. ഇതിഷ 2002-03 വരെയുള്ള 48.31 ലക്ഷം രൂപയുടെ കടിശിക എന്ന് കിട്ടാനുള്ളതായി തീർന്നോ അന്നുമുതൽ മൂന്നുവർഷത്തിനകം യാതൊരു നടിപടിയും കൈകൊള്ളാത്തതുകൊണ്ട് കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 539-ാം വകുപ്പുപ്രകാരം ഈടാക്കാൻ കഴിയാതെപോയി. കടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാതിരുന്നതു കാരണം 2004-05-ലേയും 2005-06-ലേയും കടിശിക തുകയും അതിൽ നിന്ന് ഈടാക്കിയ തുകയും ഓഡിറ്റിൽ തിട്ടപ്പെടുത്താനായില്ല. | <u>**നഗരസഭകൾ**</u><br>**കൊടുങ്ങല്ലൂർ നഗരസഭ:-**<br>2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികതി) ചട്ടങ്ങൾ അനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><u>**തൃശ്ശൂർ നഗരസഭ:-**</u><br>തൃശ്ശൂർ നഗരസഭ പരിധിയിലുള്ള ബാങ്ക്, ജൂവല്ലറി, ഗവൺമെന്റ് സ്ഥാപനങ്ങൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങൾക്കും യഥാസമയം നോട്ടീസ് നൽകി തൊഴിൽ നികതി പിരിച്ചു വരുന്നുണ്ട്. വിട്ടു പോയ സ്ഥാപനങ്ങൾ കണ്ടെത്തി തൊഴിൽ നികതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| | 3.2.11.3. | **നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികതി**<br>**നിരക്കുകൾ പുതുക്കുന്നതിലുണ്ടായ കാലതാമസം**<br><br>1996 -ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികതി) ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം ഈടാക്കാവുന്ന തൊഴിൽ നികതിയുടെ അർദ്ധവാർഷിക നിരക്ക് 2401 രൂപയ്ക്ക് മുകളിലുള്ള അർദ്ധവാർഷിക വരുമാനത്തിന് 10 രൂപ മുതൽ 1250 രൂപവരെയായിരുന്നു. ഈ നിരക്കുകൾ സർക്കാർ 1997 | തൊഴിൽ നികതി നിരക്കുകൾ പുതുക്കുന്നതിൽ കാലതാമസം ഉണ്ടായി എന്ന ഓഡിറ്റ് നിരീക്ഷണം അംഗീകരിക്കുന്നു.നഗര, പഞ്ചായത്ത് പ്രദേശങ്ങളിലെ തൊഴിൽ നികതി പുതുക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | ഏപ്രിൽ ഒന്നുമുതൽ പരിഷ്കരിക്കുകയുണ്ടായി. 12,000/-രൂപയും അതിന് മുകളിലുള്ള അർദ്ധ വാർഷിക വരുമാനത്തിനും പരിഷ്കരിച്ച നിരക്ക് 120 മുതൽ 1,250/-രൂപവരെയായിരുന്നു. ഈ നിരക്കുകൾ നഗര സ്വയംഭരണസ്ഥാപനങ്ങളിൽ നടപ്പിൽ വരുത്തിയത് 2005 മേയ് 25 മുതൽ മാത്രമായിരുന്നു. നഗര സ്വയംഭരണ സ്ഥാപനങ്ങൾ അതുവരെ ഈടാക്കി വന്നിരുന്ന നികുതിയുടെ നിരക്ക് 3,600/- രൂപയിൽ കവിഞ്ഞ വരുമാനത്തിന് 9 രൂപ മുതൽ 1,250/-രൂപ വരെയായിരുന്നു. കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ഉണ്ടാക്കുന്നതിൽ സംഭവിച്ച നീതീകരിക്കാനാവാത്ത കാലതാമസത്തിന്റെ ഫലമായി നഗരപ്രദേശങ്ങളിൽ തൊഴിൽ നികുതി ചുമത്തിയത് കുറഞ്ഞുപോയി. | |
| | 3.2.12. | **കണക്ക സൂക്ഷിക്കൽ** | (പ്രത്യേക പരാമർശമില്ല) |
| | 3.2.12.1. | **കണക്ക പുസ്തകങ്ങൾ**<br>തൊഴിൽ നികുതി ചുമത്തൽ, ഡിമാൻറ്, പിരിവ് എന്നിവ കണക്കിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി താഴെപറയുന്ന കണക്ക പുസ്തകങ്ങൾ ഓരോ ഗ്രാമ പഞ്ചായത്തിന്റേയും സെക്രട്ടറി സൂക്ഷിക്കേണ്ട താണ് (**പട്ടിക - അനുബന്ധം 10**) അസസ്സ്മെൻറ് ബുക്ക്, ഡിമാന്റ് രജിസ്റ്റർ, കുടിശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ഗ്രാമ പഞ്ചായത്തുകൾ സൂക്ഷിച്ചത് താഴെ വിവരിക്കും പ്രകാരം തൃപ്തികരമല്ലായിരുന്നു. | (പ്രത്യേക പരാമർശമില്ല) |
| | 3.2.12.2. | **അസസ്സ്മെൻറ് ബുക്കുകൾ സൂക്ഷിക്കാത്തത്**<br>1996 -ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലെ 5-ാം ചട്ടപ്രകാരം പ്രത്യേകം നിർദ്ദേശിക്കപ്പെട്ട മാതൃകയിൽ നികുതി ചുമത്താവുന്ന വ്യക്തികളുടെയും വസ്തു ക്കളുടെയും പേരുകളും വിവരങ്ങളും അടങ്ങിയ അസസ്സ്മെന്റ് ബുക്കുകൾ സെക്രട്ടറി സൂക്ഷിക്കേണ്ട താണ്. 19 ഗ്രാമ പഞ്ചായത്തുകൾ | **<u>പഞ്ചായത്ത് ഡയറക്ടർ</u>**<br>1996-ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലെ 5-ാം ചട്ട പ്രകാരം പ്രത്യേകം നിർദ്ദേശിക്കപ്പെട്ട മാതൃകയിൽ നികുതി ചുമത്താവുന്ന വ്യക്തികളുടെയും വസ്തുക്കളുടെയും പേരുകളും വിവരങ്ങളും അടങ്ങിയ അസസ്മെന്റ് ബുക്കുകൾ സെക്രട്ടറി സൂക്ഷിക്കേണ്ട താണെന്ന നിർദ്ദേശം പാലിക്കുന്നതിനും ആയത് പരിശോധിച്ച് |

| | | | |
|---|---|---|---|
| | | പരിശോധിച്ചതിൽ ഒരെണ്ണം മാത്രമേ 2001-02 മുതൽ 2005-06 വരെയുള്ള നികുതി ചുമത്തലുകളുടെ വിവരങ്ങൾ സൂചിപ്പിക്കുന്ന അസസ്മെന്റ് ബുക്കുകൾ സൂക്ഷിച്ചിരുന്നുള്ളൂ. | ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നികുതി ചുമത്തലും ഈടാക്കലും ഏകീകരിക്കുകയും ആയത് നിശ്ചിത പ്രൊഫോർമയിൽ കമ്പ്യൂട്ടർവത്കരിച്ച് സൂക്ഷിച്ചു വരുകയും ചെയ്യുന്നുവെന്നുള്ള വിവരം സമർപ്പിക്കുന്നു. |
| | 3.2.12.3. | **നിർദ്ദേശിച്ച മാതൃകയിൽ ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കാത്തത്**<br>1965 ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന ഫാറം VIII-ൽ നികുതിദായകരുടെ പേരുകൾ, അർദ്ധവാർഷിക് വരുമാനം, ഈടാക്കേണ്ട നികുതി, ഈടാക്കിയ നികുതി, തിരിച്ചുകൊടുത്തതും എഴുതിതള്ളിയതും ബാക്കി വന്നതുമായ നികുതി എന്നിവ സൂചിപ്പിക്കുന്ന ഡിമാന്റ് രജിസ്റ്റർ ഗ്രാമ പഞ്ചായത്തുകൾ സൂക്ഷിക്കണമായിരുന്ന ഫോറം VIII-ൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിനു പകരം 16 ഗ്രാമ പഞ്ചായത്തുകൾ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 18-ൽ നിർദ്ദേശിച്ചിരിക്കുന്ന ഫോറം V-ലുള്ള ഒരു രജിസ്റ്റർ മാത്രമാണ് 2001-02 മുതൽ 2005-06 സൂക്ഷിച്ചിരുന്നത്. ജീവനക്കാരിൽ നിന്ന് നികുതി ആവശ്യപ്പെടുന്നതിന്റേയും ഈടാക്കുന്നതിന്റേയും പുരോഗതി നിരീക്ഷിക്കുന്നതിനു മാത്രമുള്ള ഒരു രജിസ്റ്ററായതു കൊണ്ട് ഇതി ഡിമാന്റ് രജിസ്റ്ററിന്റെ ഉദ്ദേശം നിറവേറ്റിയില്ല. | **<u>പഞ്ചായത്ത് ഡയറക്ടർ</u>**<br>1965-ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന ഫാറം VIII-ൽ നികുതിദായകരുടെ പേരുകൾ അർദ്ധവാർഷിക വരുമാനം ഈടാക്കേണ്ട നികുതി ഈടാക്കിയ നികുതി തിരിച്ചു കൊടുത്തതും എഴുതിതള്ളിയതും ബാക്കി വന്നതുമായ നികുതി എന്നിവ സൂചിപ്പിക്കുന്ന ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കണമെന്ന നിർദ്ദേശം പാലിക്കുന്നതിനും ആയത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനും എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നികുതി ചുമത്തലും ഈടാക്കലും ഏകീകരിക്കുകയും ഡിമാന്റ് രജിസ്റ്ററുകളുൾപ്പെടെ നിശ്ചിത പ്രൊഫോർമയിൽ കമ്പ്യൂട്ടർവത്കരിച്ച് സൂക്ഷിച്ചു വരികയും ചെയ്യുന്നു. ഏതൊരു വ്യക്തിക്കും ആയത് ഓൺലൈനിലൂടെ പരിശോധിക്കുവാനും നികുതി ഒടുക്കുവാനുള്ള സൗകര്യങ്ങളും ഒരുക്കി യിട്ടുണ്ട്. |
| | 3.2.12.4. | **പിരിച്ച തുകകൾ ഡിമാന്റ് ആയി രേഖപ്പെടുത്തുന്നത്**<br>ഖണ്ഡിക 3.2.12.3-ൽ പരാമർശിച്ചിരിക്കുന്നതുപോലെ നികുതി ചുമത്തലിനെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അസസ്മെന്റ് ബുക്ക് സൂക്ഷിക്കാത്തതിന്റെ ഫലമായി 19-ൽ 10 ഗ്രാമ പഞ്ചായ ത്തുകളും | തൃശ്ശൂർ ജില്ലയിലെ അന്നമനട, ചേർപ്പ്, ചൂണ്ടൽ, കാട്ടകറ്റി, കൈപ്പറമ്പ്, കോലഴി, കൊരട്ടി, മുളങ്കുന്നത്ത്കാവ്, നെന്മണിക്കര, പുതുക്കാട് എന്നീ ഗ്രാമ പഞ്ചായത്തുകളാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്. നികുതി ചുമത്താവുന്ന വ്യക്തികളുടേയും ഇത്തരം വസ്തുക്കളുടേയും പേരുകളും |

| | | | |
|---|---|---|---|
| | | ചുമത്തിയ നികുതി തുക ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. അതിനു പകരമായി, യഥാർത്ഥത്തിൽ പിരിച്ചെടുത്ത നികുതി തുക ഫോറം 5-ൽ ഉള്ള രജിസ്റ്ററിൽ പിരിവായി രേഖപ്പെടു ത്തിയപ്പോൾ ആ തുക തന്നെ ഡിമാന്റായും കാണിച്ചു. ഡിമാന്റും പിരിവും തുകകൾ ഒന്നായതു കൊണ്ട് വർഷാവസാനം ഈ രജിസ്റ്റർ പ്രകാരം ഒരു കുടിശികയും ഇല്ലായിരുന്നു. ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിന്റെ ഉദ്ദേശം ഇതു പരാജയപ്പെടുത്തി. | വിവരങ്ങളും അടങ്ങിയ അസസ്സ്മെന്റ് ബുക്കുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിന് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**അന്നമനട.**<br>നികുതി ചുമത്താവുന്ന വ്യക്തികളുടേയും ഇത്തരം വസ്തുക്കളുടേയും പേരുകളും, വിവരങ്ങളും അടങ്ങിയ അസസ്സ്മെന്റ് ബുക്കുകൾ തയ്യാറാക്കി സൂക്ഷിച്ച് അതുപ്രകാരം നികുതി ഡിമാന്റ് ആക്കി പിരിച്ച് വരുന്നു.<br>**ചേർപ്പ്.**<br>നികുതി ചുമത്താവുന്ന വ്യക്തികളുടേയും ഇത്തരം വസ്തുക്കളുടേയും പേരുകളും, വിവരങ്ങളും അടങ്ങിയ അസസ്സ്മെന്റ് ബുക്കുകൾ തയ്യാറാക്കി സൂക്ഷിച്ച് അതുപ്രകാരം നികുതി ഡിമാന്റ് ആക്കി പിരിച്ച് വരുന്നു.<br>**ചുണ്ടൽ.**<br>നികുതി ചുമത്താവുന്ന വ്യക്തികളുടേയും ഇത്തരം വസ്തുക്കളുടേയും പേരുകളും, വിവരങ്ങളും അടങ്ങിയ അസസ്സ്മെന്റ് ബുക്കുകൾ തയ്യാറാക്കി സൂക്ഷിച്ച് അതുപ്രകാരം നികുതി ഡിമാന്റ് ആക്കി പിരിച്ച് വരുന്നു.<br>**കാട്ടകുറി.**<br>നികുതി ചുമത്താവുന്ന വ്യക്തികളുടേയും ഇത്തരം വസ്തുക്കളുടേയും പേരുകളും, വിവരങ്ങളും അടങ്ങിയ അസസ്സ്മെന്റ് ബുക്കുകൾ തയ്യാറാക്കി സൂക്ഷിച്ച് അതുപ്രകാരം നികുതി ഡിമാന്റ് ആക്കി പിരിച്ച് വരുന്നു.<br>**കൈപ്പറമ്പ്.**<br>നികുതി ചുമത്താവുന്ന വ്യക്തികളുടേയും ഇത്തരം വസ്തുക്കളുടേയും പേരുകളും, വിവരങ്ങളും അടങ്ങിയ അസസ്സ്മെന്റ് ബുക്കുകൾ തയ്യാറാക്കി സൂക്ഷിച്ച് അതുപ്രകാരം നികുതി ഡിമാന്റ് ആക്കി പിരിച്ച് വരുന്നു.<br>**കോലഴി.**<br>നികുതി ചുമത്താവുന്ന വ്യക്തികളുടേയും ഇത്തരം വസ്തുക്കളുടേയും പേരുകളും, വിവരങ്ങളും അടങ്ങിയ അസസ്സ്മെന്റ് ബുക്കുകൾ തയ്യാറാക്കി സൂക്ഷിച്ച് അതുപ്രകാരം |

| | | | |
|---|---|---|---|
| | | | നികുതി ഡിമാന്റ് ആക്കി പിരിച്ച് വരുന്നു.<br>**കൊരട്ടി.**<br>നികുതി ചുമത്താവുന്ന ബാക്കി നിൽക്കുന്ന തുക ഫോറം XII-ലുള്ള ബന്ധപ്പെട്ട കടിശ്ശിക ഡിമാന്റ് രജിസ്റ്ററിലേയ്ക്ക് മാറ്റി ടി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കണമെന്ന നിർദ്ദേശം പാലിക്കുന്നതിനും ആയത് പരിശോധിച്ച് ഉറപ്പു വരുത്തുന്നതിനാ വശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകി യിട്ടുണ്ട്. കൂടാതെ പ്രതിമാസ പെർഫോമൻസ് ആഡിറ്റ് പരിശോധന വേളയിൽ ആയത് പരിശോധന വിധേയമാക്കുന്നുമുണ്ട്. വ്യക്തികളുടെയും ഇത്തരം വസ്തുക്കളുടെയും പേരുകളും, വിവരങ്ങളും അടങ്ങിയ അസസ്സ്മെന്റ് ബുക്കുകൾ തയ്യാറാക്കി സൂക്ഷിച്ച് അതുപ്രകാരം നികുതി ഡിമാന്റ് ആക്കി പിരിച്ച് വരുന്നു.<br>**മുളകുന്നത്ത്കാവ്.**<br>നികുതി ചുമത്താവുന്ന വ്യക്തികളുടേയും ഇത്തരം വസ്തുക്കളുടെയും പേരുകളും, വിവരങ്ങളും അടങ്ങിയ അസസ്സ്മെന്റ് ബുക്കുകൾ തയ്യാറാക്കി സൂക്ഷിച്ച് അതുപ്രകാരം നികുതി ഡിമാന്റ് ആക്കി പിരിച്ച വരുന്നു.<br>**നെൻമണിക്കര.**<br>നികുതി ചുമത്താവുന്ന വ്യക്തികളുടേയും ഇത്തരം വസ്തുക്കളുടെയും പേരുകളും. വിവരങ്ങളും അടങ്ങിയ അസസ്സ്മെന്റ് ബുക്കുകൾ തയ്യാറാക്കി സൂക്ഷിച്ച് അതുപ്രകാരം നികുതി ഡിമാന്റ് ആക്കി പിരിച്ച വരുന്നു.<br>**പുഴക്കാട്.**<br>നികുതി ചുമത്താവുന്ന വ്യക്തികളുടേയും ഇത്തരം വസ്തുക്കളുടെയും പേരുകളും, വിവരങ്ങളും അടങ്ങിയ അസസ്സ്മെന്റ് ബുക്കുകൾ തയ്യാറാക്കി സൂക്ഷിച്ച് അതുപ്രകാരം നികുതി ഡിമാന്റ് ആക്കി പിരിച്ച വരുന്നു. |

| | | | |
|---|---|---|---|
| | 3.2.12.5. | **ഡിസിബി പത്രിക സമയത്തിന് തയ്യാറാക്കാത്തത്**<br>എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഡിസിബി പത്രിക സഹിതം വാർഷിക ധനകാര്യ പത്രിക അടുത്ത വർഷം ജൂലൈ 31-നകം തയ്യാറാക്കി സമർപ്പിക്കണമെന്നുണ്ടെങ്കിലും 2007 ജനവരി വരെ 1223-ൽ 81 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാത്രമേ 2005-06-ലെ വാർഷിക ധനകാര്യ പത്രികയും ഡിസിബി പത്രികയും ജനുവരി 2007 വരെ സമർപ്പിച്ചിട്ടുള്ളൂ. പരിശോധിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളൊന്നും തന്നെ ഡിസിബി പത്രികകൾ തയ്യാറാക്കാത്തതു കാരണം ഓരോ വർഷത്തെയും നികുതി കുടിശിക തിട്ടപ്പെടുത്താവുന്നതല്ല. മുൻ ഖണ്ഡികയിൽ പരാമർശിച്ചതുപോലെ പിരിച്ചെടുത്ത നികുതി തുക തന്നെ ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റായി കാണിച്ചുകൊണ്ട് ഡിസിബി പത്രിക തയ്യാറാക്കിയിരുന്നെങ്കിൽ പോലും കുടിശികയെ സംബന്ധിച്ച കൃത്യമായ വിവരം അത് നൽകുമായിരുന്നില്ല. | **<u>പഞ്ചായത്ത് ഡയറക്ടർ</u>**<br>എല്ലാ ഗ്രാമ പഞ്ചായത്തുകളും ഡിസിബി പത്രിക സഹിതം വാർഷിക ധനകാര്യ പത്രിക അടുത്ത വർഷം ജൂലൈ 31-നകം തയ്യാറാക്കി സമർപ്പിക്കണമെന്നുള്ള നിർദ്ദേശം പാലിക്കുന്നതിനും ആയത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ അക്കൗണ്ടന്റ് തസ്തിക ഉള്ളതിനാലും സാംഖ്യ സംവിധാനത്തിലൂടെയും വിവിധ സോഫ്റ്റ് വെയർ സംവിധാനത്തിന്റെ സഹായത്തോടെയും എ എഫ് എസ് സമയബന്ധിതമായി സമർപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾ ശ്രദ്ധിക്കുന്നുണ്ട്.<br>**<u>നഗരകാര്യ ഡയറക്ടർ</u>**<br>6/06/2017 തീയതിയിലെ എഫ്3-13142/2009 നമ്പർ സർക്കുലർ പ്രകാരം എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| | 3.2.12.6. | **കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തത്**<br>1995 ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 12(1) പ്രകാരം എല്ലാ ഡിമാന്റ് രജിസ്റ്ററുകളിലും കൂടി വർഷാവസാനം ബാക്കിനില്പുള്ള തുക ഫോറം XII ലുള്ള ബന്ധപ്പെട്ട കുടിശിക ഡിമാന്റ് രജിസ്റ്ററിലേയ്ക്ക് മാറ്റേണ്ടതാണ്. ഖണ്ഡിക 3.2.12.3-ൽ പരാമർശിച്ചിരിക്കുന്നതു പോലെ ഫോറം VIII-ൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തത് കാരണം ഓരോ വർഷവസാനവും ഉള്ള നികുതി കുടിശിക എത്രയാണെന്നറിയില്ലായിരുന്നു. കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതു മൂലം പത്തു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കുടിശിക പിരിവ് നിരീക്ഷിക്കുവാൻ കഴിഞ്ഞില്ല. അതിനുപരിയായി, ഗ്രാമ പഞ്ചായത്തുകൾ കുടിസിക നികുതി പിരിഞ്ഞു കിട്ടിയപ്പോൾ ആ തുക നടപ്പു ഡിമാന്റ് രജിസ്റ്ററിൽ സപ്ളിമെന്ററി ഡിമാന്റായി | എല്ലാ ഡിമാന്റ് രജിസ്റ്ററുകളിലും കൂടി വർഷാവസാനം ബാക്കി നിൽക്കുന്ന തുക ഫാറം XII ലുള്ള ബന്ധപ്പെട്ട കുടിശ്ശിക ഡിമാന്റ് ജരിസ്റ്ററിലേക്ക് മാറ്റി ടി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാമെന്ന നിർദ്ദേശം പാലിക്കുന്നതിനും. ആയത് പരിശോധിച്ച് ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രതിമാസ പെർഫോമൻസ് ആഡിറ്റ് പരിശോധനാ വേളയിൽ ആയത് പരിശോധനാ വിധേയമാക്കുന്നുമുണ്ട്.<br>**<u>നഗരസഭകൾ</u>**<br>**തൃശ്ശൂർ നഗരസഭ:-**<br>തൃശ്ശൂർ നഗരസഭയിൽ എ.ഡി.ആർ. 2009-10 വരെ എഴുതി സൂക്ഷിച്ചിട്ടുണ്ട്. ബാക്കിയുള്ള വർഷങ്ങളുടെ എ.ഡി.ആർ. തയ്യാറാക്കുന്നത് അവസാന ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | കാണിക്കേണ്ടിവന്നു. ഇത് ആന്തരിക നിയന്ത്രണ വ്യവസ്ഥയെതന്നെ തകിടം മറിച്ചു. കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതുമൂലം കുടിശ്ശിക പിരിച്ചെടുക്കുന്നതിനു ഒരു നടപടിയും കൈക്കൊള്ളുവാൻ ഗ്രാമ പഞ്ചായത്തുകൾക്ക് സാധിച്ചില്ല. ഇത് കുടിശിക നികുതി കാലഹരണപ്പെടുന്നതിലും പിരിച്ചെടുക്കാതിരുന്നതിലും കലാശിച്ചു | |
| | 3.2.13. | **നിയമങ്ങളിലെയും ചട്ടങ്ങളിലേയും പഴുതുകൾ** | (പ്രത്യേക പരാമർശമില്ല) |
| | 3.2.13.1. | **പഞ്ചായത്തിലേയും നഗരപ്രദേശങ്ങളിലേയും കമ്പനികളുടെ/സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെ നികുതി നിർണ്ണയ രീതികളിലെ അസമാനതകൾ**<br>ഗ്രാമ പ്രദേശങ്ങളിൽ ബിസിനസ്സ് നടത്തുന്ന കമ്പനികളുടെയോ സ്വയം തൊഴിലെടുക്കുന്ന വ്യക്തികളുടെയോ തൊഴിൽ നികുതി നിർണ്ണയിക്കുന്നത് 1996 കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ അനുസരിച്ചാണ്. എന്നാൽ 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം 11 വിഭാഗം കമ്പനികളെ/സ്വയം തൊഴിലെടുക്കുന്നവരെ മാത്രമേ നഗരപ്രദേശങ്ങളിൽ നികുതി ചുമത്തുന്നുള്ളു. ഈ വിഭാഗങ്ങളിൽ പെടാത്ത ആശുപത്രികൾ, ട്യൂട്ടോറിയൽ കോളേജുകൾ, ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്നതിലും കുറഞ്ഞ എണ്ണം വാഹന ങ്ങൾ ഉള്ള വാഹന ഉടമകൾ മുതലായ നികുതിദായകർ തങ്ങളുടെ വരുമാനം നികുതി വിധേയമായ പരിധിക്കുള്ളിലാണെങ്കിൽ കൂടി നഗര പ്രദേശങ്ങളിൽ നികുതി ചുമത്തപ്പെടാൻ ബാദ്ധ്യസ്ഥരല്ല. | പഞ്ചായത്തിലേയും നഗര പ്രദേശങ്ങളിലേയും തൊഴിൽ നികുതി ഈടാക്കുന്ന നടപടിയിൽ കാലോചിത മാറ്റങ്ങൾ വരുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ് |
| | 3.2.13.2. | **ഗ്രാമ പ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും നികുതി നിർണ്ണയത്തിനുള്ള ചട്ടങ്ങളിലെ വിഭിന്നമായ വ്യവസ്ഥകൾ**<br>ഗ്രാമ പ്രദേശങ്ങളിലേയും നഗര പ്രദേശങ്ങളിലേയും തൊഴിൽ | പഞ്ചായത്തിലേയും നഗര പ്രദേശങ്ങളിലേയും തൊഴിൽ നികുതി ഈടാക്കുന്നതിന് ഇരു വിഭാഗങ്ങളിലേയും ചട്ടങ്ങളിലെ വിഭിന്നതകൾ പരിഹരിച്ച് സമാനമായ കാലോചിത മാറ്റങ്ങൾ വരുത്തേണ്ടതാവശ്യമാണ് തൊഴിൽ |

| | | | |
|---|---|---|---|
| | | നികുതി നിർണ്ണയത്തിനും ചുമത്തലിനും പിരിവിനും കേരള പഞ്ചായത്തു നിയമത്തിലും കേരള, മുനിസിപ്പാലിറ്റി നിയമത്തിലും നിർദ്ദേശിക്കപ്പെട്ടുള്ള രീതികൾ ഒന്നു തന്നെയാണ്. പക്ഷേ നഗര പ്രദേശങ്ങളിൽ തൊഴിൽ നികുതി ചുമത്തുന്നതു സംബന്ധിച്ച 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ നിരവധി വ്യവസ്ഥകൾ 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ വ്യവസ്ഥകളിൽ നിന്നും വ്യത്യസ്തമാണ്. ഈ രണ്ടു വിഭാഗം ചട്ടങ്ങളിലുള്ള പ്രധാനപ്പെട്ട വിഭിന്ന വ്യവസ്ഥകൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു. **(പട്ടിക - അനുബന്ധം 11)**<br>**മേൽ** ചട്ടങ്ങൾക്ക് രൂപം കൊടുത്തപ്പോൾ ഐകരൂപ്യം പാലിക്കാതിരുന്നത് ഗ്രാമപ്രദേശങ്ങ ളിലേയും നഗരപ്രദേശങ്ങളിലേയും നികുതി നിർണ്ണയത്തിൽ അസമാനതകൾ സൃഷ്ടിക്കുന്നതിനിടയാക്കി. | നികുതി പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത പരിഷ്കരണത്തോടൊപ്പം തൊഴിൽ നികുതിയിലെ നിലവിലെ വിഭിന്നതകൾ പരിഹരിക്കുന്നതാണ്. |
| | 3.2.13.3. | **തൊഴിൽ നികുതി നിരക്കുകൾ നിശ്ചയിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്കും നഗര സ്വയംഭരണ സ്ഥാപനങ്ങൾക്കും അധികാരങ്ങളിൽ അസമാനത**<br>പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ 3-ാം ചട്ടം അതിൽ പറഞ്ഞിരിക്കുന്ന ഏറ്റവും കൂടിയ നിരക്കുകൾക്ക് വിധേയമായി നികുതി നിരക്ക് നിശ്ചയിക്കുവാൻ ഗ്രാമ പഞ്ചായത്തുകളെ അധികാര പ്പെടുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിനുവേണ്ടി നികുതിദായകരെ അവരുടെ അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ എട്ടു വിഭാഗ ങ്ങളായി തരം തിരിച്ചിരിക്കുന്നു. പക്ഷേ നഗര സ്വയംഭരണ സ്ഥാപനങ്ങൾക്ക് നികുതി നിരക്കുകൾ നിശ്ചയിക്കാനുള്ള **അധികാരം കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ നൽകിയിട്ടില്ല. പകരം, നികുതി നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നു. ഗ്രാമ പഞ്ചായത്തുകൾക്ക് നികുതി** നിരക്കുകൾ നിശ്ചയിക്കുവാനുള്ള അധികാര മുണ്ടെങ്കിലും അവ | പഞ്ചായത്തിലേയും നഗര പ്രദേശങ്ങളിലേയും തൊഴിൽ നികുതി ഈടാക്കുന്നതിന് സമാനമായ കാലോചിത മാറ്റങ്ങൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടേയും, നഗരസഭകളുടേയും തൊഴിൽകരം പരിഷ്കരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തൊഴിൽകരം പുതുക്കുന്ന അവസരത്തിൽ ഈ വിഷയത്തിൽ നഗരസഭകൾക്കും, ഗ്രാമ പഞ്ചായത്തുകൾക്കും തമ്മിലുള്ള അസമാനതകൾ പരിഹരിക്കുന്ന കാര്യ കൂടി പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | ഈ അധികാരം വിനിയോഗിക്കാതെ ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന കൂടിയ നിരക്കുകളിൽ നികുതി ഈടാക്കുകയാണ് ചെയ്യുന്നത്. ഗ്രാമ പഞ്ചായത്തുകൾ അവയ്ക്ക് നൽകിയിട്ടുള്ള അധികാരം വിനിയോഗി ക്കാത്തതും നികുതി നിരക്കുകൾ നിശ്ചയിക്കാനുള്ള അധികാരം നഗര സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാത്തതും അധികാര വികേന്ദ്രീകരണ തത്വങ്ങൾക്ക് എതിരാണ്. | |
| | 3.2.14. | **ബന്ധപ്പെട്ട മറ്റു സംഗതികൾ**<br>കൊച്ചിയിലെ ഇൻഫോപാർക്കിലും പ്രത്യേക സാമ്പത്തിക മേഖലയിലും പ്രവർത്തിക്കുന്ന കമ്പനികളെ തൊഴിൽ നികുതി നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഇങ്ങനെയുള്ള കമ്പനികൾ തങ്ങളുടെ ജീവനക്കാരുടെമേൽ തൊഴിൽ നികുതി ചുമത്തിയില്ല എന്ന് ശ്രദ്ധയിൽ പെട്ടു. അതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. | (പ്രത്യേക പരാമർശമില്ല) |
| | 3.2.14.1. | **ഇൻഫോപാർക്കിലെ വിവരസാങ്കേതിക സ്ഥാപനങ്ങൾ ജീവനക്കാരെ നികുതി ചുമത്താത്തത്**<br>വിവരസാങ്കേതിക സ്ഥാപനങ്ങൾക്കും, വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായ സേവനം നൽകുന്ന കമ്പനികൾക്കും അടിസ്ഥാന സൗകര്യങ്ങൾ നൽകുന്ന തിരുവേണ്ടി തൃക്കാക്കര ഗ്രാമ പഞ്ചായത്തിൽ സംസ്ഥാന സർക്കാർ സ്ഥാപിച്ച (2004 ഒക്ടോബർ) ഒരു സോഫ്റ്റ് വെയർ ടെക്നോളജി പാർക്കാണ് കൊച്ചിയിലെ ഇൻഫോപാർക്ക്. 3039 സോഫ്റ്റ് വെയർ എൻജിനിയർമാരും മറ്റ് ഉദ്യോഗസ്ഥരും ജോലിനോക്കുന്ന ടാറ്റാ കൺസൾട്ടൻസി സർവീസസ്, വിപ്രോ ടെക്നോളജീസ്, ഐ.ബി.എസ് സോഫ്റ്റ് വെയർ സർവീസസ് മുതലായ 29 വിവര സാങ്കേതിക സ്ഥാപനങ്ങളുടെ യൂണിറ്റുകൾ 2004-05-ലും 2005-06-ലും ഇൻഫോപാർക്കിൽ തുറന്നു. ഇൻഫോപാർക്ക് അധികാരികളിൽ നിന്ന് അവിടെ പ്രവർത്തിക്കുന്ന കമ്പനികളുടെ വിവരം ഗ്രാമ പഞ്ചായത്ത് ശേഖരിക്കാത്തതു | തൃക്കാക്കര ഗ്രാമ പഞ്ചായത്ത് മുനിസിപ്പാലിറ്റിയായി ഉയർത്തിയിട്ടുണ്ട്.<br><br>**തൃക്കാക്കര നഗരസഭ:-**<br>തൃക്കാക്കര പഞ്ചായത്ത് 01.11.2010-ലാണ് മുനിസിപ്പാലിറ്റിയായി ഉയർത്തപ്പെട്ടത്. തൃക്കാക്കര ഗ്രാമ പഞ്ചായത്ത് ആയിരുന്ന കാലം മുതൽക്കുള്ള എല്ലാ രജിസ്റ്ററുകളും ഫയലുകളും ബന്ധപ്പെട്ട അധികാരികളിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട് ലഭിച്ചിട്ടില്ലാത്തതാണ്. ഈ വിവരം യഥാസമയം അധികാരികളെ അറിയിച്ചിട്ടുള്ളതാണ്. 2005-06 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും സ്ഥാപന മേധാവികൾ സമർപ്പിച്ചിട്ടുള്ള ജീവനക്കാരുടെ വരുമാന പദ്ധതികളും നഗരസഭയിൽ ലഭ്യമല്ലാത്തതാണ്. ആയതിനാൽ റിപ്പോർട്ടിൽ സൂക്ഷിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് വ്യക്തതയില്ലാത്തതാണ്. എന്നാൽ |

| | | | |
|---|---|---|---|
| | | കൊണ്ടും അവിടുത്തെ ജീവനക്കാരെ നികുതി ചുമത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകാത്തതുകൊണ്ടും ചില വിവര സാങ്കേതിക സ്ഥാപനങ്ങൾ അവരുടെ ജീവനക്കാരുടെ പക്കൽ നിന്ന് തൊഴിൽ നികുതി ചുമത്തുന്നതിനും പിരിക്കുന്നതിനും താഴെ വിവരിക്കും പ്രകാരം വീഴ്ചവരുത്തി.**(പട്ടിക - അനുബന്ധം 12)**<br><br>വീഴ്ച വരുത്തിയവരുടെ മേൽ പഞ്ചായത്ത് രാജ് നിയമമനുസരിച്ച് നടപടികൾ കൈകൊള്ളാ ത്തതിന് ഒരു നീതീകരണവുമില്ല. ഒരു ജീവനക്കാരന് ഒരു അർദ്ധവാർഷത്തിൽ ശരാശരി 685 രൂപ ക്രമത്തിൽ കണക്കാക്കിയാൽ ഇത് 27.63 ലക്ഷം രൂപയുടെ വരുമാന നഷ്ടത്തിന് ഇടയാക്കി. | തൃക്കാക്കര പഞ്ചായത്ത് മുനിസിപ്പാലിറ്റി ആയതിനു ശേഷം ഓരോ അർദ്ധ വർഷവും ടേഡ്സ്/ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റ് ഉണ്ടാക്കുകയും, ഡിമാന്റ് രജിസ്റ്റർ, കടിശിക രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ തൊഴിൽ നികുതി കടിശിക വരുത്തുന്ന സ്ഥാപനങ്ങളിൽ നിന്ന് നികുതി തുക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്.<br>നഗരസഭ ആയതിനു ശേഷം നഗരസഭയിൽ നിയമിതനായ റവന്യൂ ഇൻസ്പെക്ടറെ ഉപയോഗിച്ച് ഇൻഫോ പാർക്കിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിരുന്നു. കൂടാതെ ഇൻഫോ പാർക്കിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് നൽകുന്നതിന് ഇൻഫോ പാർക്ക് സി.ഇ.ഒ. യ്ക്ക് നഗരസഭ കത്ത് നൽകിയിരുന്നു. അപ്രകാരം ലഭിച്ചതും റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ട് പ്രകാരവും 2012-13 രണ്ടാം അർദ്ധ വർഷത്തിൽ 73 സ്ഥാപനങ്ങളുടെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നതിന് ഡിമാന്റ് ചെയ്യുകയും തുക പൂർണ്ണമായി പിരിക്കുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞിട്ടുള്ളതുമാണ്.<br>ഇൻഫോ പാർക്കിലെ ഒരു സ്ഥാപനം ജീവനക്കാരുടെ അപര്യാപ്തത മൂലമാണ് കൃത്യസമയത്ത് പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നത്. നിലവിൽ കൃത്യമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പിരിച്ചെടുക്കാത്ത കുടിശിക ടി ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കി നോട്ടീസ് നൽകുന്നതാണ്. |
| | 3.2.14.2. | **കൊച്ചിയിലെ പ്രത്യേക സാമ്പത്തിക മേഖലയിലുള്ള കമ്പനികളിലെ ജീവനക്കാരെ നികുതി ചുമത്താത്തത്**<br>യന്ത്രസാമഗ്രികളും അസംസ്കൃത വസ്തുക്കളും ഇറക്കുമതി ചെയ്ത് കയറ്റുമതിക്കുവേണ്ടി മാത്രമായി ഉല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ 1986-ൽ തൃക്കാക്കര ഗ്രാമ പഞ്ചായത്തിൽ | കൊച്ചിയിലെ പ്രത്യേക സാമ്പത്തിക മേഖലയിലുള്ള കമ്പനികളിലെ ജീവനക്കാർക്കും, സ്ഥാപനങ്ങൾക്കും തൊഴിൽ നികുതി ചുമത്തിക്കൊണ്ടിരിക്കുകയായിരുന്നു.2003-04 സാമ്പത്തിക വർഷം സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | സ്ഥാപിച്ച ഒരു വ്യവസായ പാർക്ക് ആണ് കൊച്ചിയിലെ പ്രത്യേക സാമ്പത്തിക മേഖല. 2001-02-ൽ 45 യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നത് 2005-06-ൽ 85 വരെയായി ഉയർന്നു. 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ അമ്പതു ശതമാനത്തിലധികം യൂണിറ്റുകൾ താഴെ വിവരിക്കും പ്രകാരം തങ്ങളുടെ ജീവനക്കാരെ നികുതി ചുമത്തിയില്ല.(**പട്ടിക -അനുബന്ധം 13**)<br>ഈ യൂണിറ്റുകളിൽ ജോലി ചെയ്യുന്ന വ്യക്തികളുടെ എണ്ണത്തെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ലാതിരുന്നതുകൊണ്ട്, ജീവനക്കാരെ തൊഴിലുടമകൾ നികുതി ചുമത്താത്തതു മൂലമുള്ള കൃത്യമായ വരുമാന നഷ്ടം ഓഡിറ്റിൽ തിട്ടപ്പെടുത്താനായില്ല. കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം നടപടി കൈക്കൊള്ളുവാൻ പഞ്ചായത്ത് വരുത്തിയ വീഴ്ച നികുതി ചുമത്താത്തതിൽ കലാശിച്ചു. | ജീവനക്കാരുടെ തൊഴിൽ നികുതിക്കുള്ള ലിസ്റ്റ് സ്ഥാപനങ്ങളിൽ നിന്നും തരാതെ വന്നു. എന്നാൽ നിരന്തരം നോട്ടീസ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് തരുമായിരുന്നവെങ്കിലും, തൊഴിൽ നികുതി ചുമത്തുവാനുള്ള വരുമാന പരിധിക്ക് 2000/-രൂപയിൽ താഴെ ശമ്പളമുള്ള ജീവനക്കാരാണ് സ്ഥാപനങ്ങളിൽ ജോലി നോക്കിയിരുന്നത്. പ്രസ്തുത സ്ഥാപനങ്ങൾ തുടങ്ങിയ കാലയളവിൽ താൽക്കാലികക്കാരായിട്ടാണ് ജീവനക്കാരെ നിയമിച്ചിരുന്നത്. ശമ്പളക്കുറവായിരുന്നതിനാൽ ജീവനക്കാർ സ്വയം പിരിഞ്ഞുപോകുന്ന പ്രവണതയും ഉണ്ടായിരുന്നു. ഇപ്പോൾ തൊഴിൽ നികുതി ചുമത്തപ്പെടുവാൻ അർഹതയുള്ള മുഴുവൻ ജീവനക്കാരുടേയും ലിസ്റ്റ് വാങ്ങി തൊഴിൽ നികുതി ഈടാക്കുന്നുണ്ട്. |
| | 3.2.15. | **ആന്തരിക നിയന്ത്രണവും ഇടർ നിരീക്ഷണവും** | (പ്രത്യേക പരമർശമില്ല) |
| | 3.2.15.1. | **ആന്തരിക നിയന്ത്രണം നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ പാലിക്കാത്തത്.**<br>നികുതി ചുമത്തപ്പെടാൻ സാദ്ധ്യതയുള്ളവരിൽ നിന്ന് ശരിയാവണ്ണം കൃത്യസമയത്ത് തൊഴിൽനികുതി നിർണ്ണയം, ചുമത്തൽ, പിരിവ് എന്നിവ നടത്തുന്ന തിനുള്ള ആന്തരിക നിയന്ത്രണത്തിനും ഇടർ നിരീക്ഷ ണത്തിനും ഉള്ള വ്യവസ്ഥകൾ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലും കേരള മുനിസി പ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലും അടങ്ങി യിരിക്കുന്നു. എല്ലാ നികുതിദായകരുടെയും അർദ്ധ വാർഷിക വരുമാനം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനു നോട്ടീസ് നൽകൽ, ഡിമാന്റ് നോട്ടീസുകൾ അയയ്ക്കൽ, ഡിമാന്റ് രജിസ്റ്ററും കുടിശിക ഡിമാന്റ് രജിസ്റ്ററും കുടിശിക ഡിമാന്റ് രജിസ്റ്ററും സൂക്ഷിക്കൽ മുതലായവയാണ് നികുതി ദായകർ നികുതി ചുമത്തുന്നതിൽ നിന്ന് രക്ഷ പ്പെടുന്നതിനും കുടിശിക | (പ്രത്യേക പരമർശമില്ല) |

| | | | |
|---|---|---|---|
| | | നികുതി കാലഹരണ പ്പെടുന്നതിനുമുള്ള ആപത് സാദ്ധ്യത കറയ്ക്കുന്ന തിനുള്ള ആന്തരിക നിയന്ത്രണ ഉപാധികൾ, മുൻ ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ, ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന ആന്തരിക നിയന്ത്രണ വ്യവസ്ഥകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശരിയായി പാലിച്ചില്ല. തത്ഫലമായി നികുതി ചുമത്താൻ സാദ്ധ്യമായ എല്ലാവരെയും നികുതി ചുമത്താതിരിക്കുന്നതിനും നികുതി ചുമത്തുന്നത് കറയുന്നതിനും കടിശിക നികുതി കാലഹരണപ്പെടുന്നതിനും ഇടയാക്കി. | |
| | 3.2.15.2. | **തെറ്റായ റിട്ടേണുകൾ**<br>കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 എഫ് (2) വകുപ്പുപ്രകാരം ഓരോ ഓഫീസ് മേധാവിയും / തൊഴിലുടമയും തന്റെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ചുമത്തി പിരിച്ചെടുക്കേണ്ടതു ആ തുക പേര്,തസ്തിക, അർദ്ധവാർഷിക വരുമാനം, പിരിച്ചെടുത്ത നികുതി എന്നിവയടങ്ങുന്ന ജീവനക്കാരുടെ ഒരു പട്ടിക സഹിതം ഗ്രാമ പഞ്ചായത്തിൽ അടയ്ക്കേണ്ടതും ആണ്. നികുതി പിരിച്ചത് ശരിയാണോ അല്ലയോ എന്ന് നിരീക്ഷിക്കുന്നതിന് ഗ്രാമ പഞ്ചായത്തിനെ പ്രാപ്തമാക്കുന്നതിനു വേണ്ടിയാണ് ഈ വിവരങ്ങൾ നൽകണമെന്ന് നിഷ്കർഷിച്ചിരിക്കുന്നത്. 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ മൂന്ന് ഗ്രാമ പഞ്ചായത്തുകളിലെ 60 ഓഫീസ് മേധാവികൾ/ തൊഴിലുടമകൾ സമർപ്പിച്ച സ്റ്റേറ്റ്മെന്റുകൾ താഴെ വിവരിക്കുന്നതുപ്രകാരം ന്യൂനതകളുള്ളതായിരുന്നു.<br>I) നികുതി നിർണ്ണയത്തിന് ബോണസും ഉത്സവബത്തയും കണക്കിലെടുത്തില്ല.<br>ii) ഓരോ ജീവനക്കാരനും ലഭിച്ച ഓരോ വിഭാഗത്തിലുമുള്ള ശമ്പളവും അലവൻസുകളും എത്രയാണെന്ന് കൊടുത്തിട്ടില്ല.<br>i) ഓരോ ജീവനക്കാരനും വരുമാനം രേഖപ്പെടുത്തിയിട്ടില്ല.<br>റിട്ടേണുകളിൽ ന്യൂനതയുണ്ടായിരുന്നതിനാൽ | തൊഴിലുടമകൾ സമർപ്പിച്ച റിട്ടേണുകളിൽ ന്യൂനതകൾ ഉള്ളവയാണെങ്കിൽ പുതുക്കിയ റിട്ടേണുകൾ ആവശ്യപ്പെടാറുണ്ട്. റിട്ടേണുകൾ സമർപ്പിക്കുന്നതിനുള്ള ഏകീകൃത ഫാറം തയ്യാറാക്കി നടപ്പിൽ വരുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | തൊഴിലുടമകൾ നടത്തിയ നികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കുവാൻ ഗ്രാമ പഞ്ചായത്തുകൾക്ക് കഴിഞ്ഞില്ല. | |
| | 3.2.15.3. | **നികുതി പിരിക്കുന്നതിനുള്ള ഉദ്യോഗസ്ഥരുടെ അപര്യാപ്തത**<br>ചുമതലകൾ കൈമാറ്റം ചെയ്യപ്പെട്ടതിനെതുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ജോലിഭാരം പലമടങ്ങ് വർദ്ധിച്ചു. അധികാര കൈമാറ്റത്തിനുമുമ്പുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ സേവനം കൈമാറിയ ചുമതലകൾ നിർവ്വഹിക്കുന്നതിനു കൂടി വിനിയോഗിക്കേണ്ടിയിരുന്നതുകൊണ്ട് പരമ്പരാഗതമായ ചുമതലകളും നികുതി പിരിവും നിർവ്വഹിക്കുന്നതിന് നിലവിലുള്ള ജീവനക്കാരുടെ എണ്ണം തികയാതെ വന്നു. നികുതിദായകരുടെയും കുടിശികകളുൾപ്പെടെയുള്ള നികുതി പിരിവിന്റേയും ജീവൽപ്രധാനമായ വിവരങ്ങൾ സൂക്ഷിക്കാതിരുന്നതിനുള്ള കാരണവും മറ്റൊന്നല്ല. | 2005-ലെ തൊഴിൽ നികുതി ചട്ടങ്ങൾ അനുശാസിക്കും പ്രകാരം തൊഴിൽ നികുതി ഈടാക്കുന്നതിനായി സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. |
| | 3.2.16. | **നിഗമനം**<br>➢ നികുതി ചുമത്തുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുണ്ടായ വീഴ്ചകൾ വരുമാന നഷ്ടത്തിനിടയാക്കി<br>➢ തൊഴിൽനികുതിയുടെ ഡിമാന്റ്, പിരിവ്, കുടിശിക എന്നിവ സംബന്ധിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കു സൂക്ഷിപ്പ് തൃപ്തികരമായിരുന്നില്ല.<br>➢ കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിരിക്കുന്നതിനു വിരുദ്ധമായി ജീവനക്കാരിൽ നിന്നും ഈടാക്കാനുള്ള നികുതി കുടിശിക തൊഴിലുടമയിൽ നിന്നും ഈടാക്കേണ്ട കുടിശികയായി കണക്കാക്കുമെന്ന വ്യവസ്ഥ കേരള മുനിസിപ്പാലിറ്റി നിയമത്തിലും ചട്ടങ്ങളിലും | (പ്രത്യേക പരാമർശമില്ല) |

| | | | |
|---|---|---|---|
| | | ഉൾപ്പെടുത്താത്തത് നികുതി ഈടാക്കാത്തതിൽ കലാശിച്ചു.<br>➢ നികുതി കുടിശിക കൃത്യസമയത്ത് പിരിച്ചെടുക്കുന്നതിനും അത് കാലഹരണപ്പെടാതിരിക്കുന്നതിനും ഫലപ്രദമായ സംവിധാനം ഉണ്ടായിരുന്നില്ല. | |
| | 3.2.17 | **ശുപാർശകൾ**<br>➢ എല്ലാ നികുതിദായകരേയും തൊഴിൽ നികുതി ശൃംഖലയ്ക്കകത്ത് കൊണ്ടുവരുന്നതിനു വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇന്നേ തീയതിവരെയുള്ള ഒരു ഡാറ്റാ ബേസ് സൂക്ഷിക്കണമെന്ന് സർക്കാർ ഉറപ്പുവരുത്തണം.<br>➢ ഓരോ അർദ്ധവർഷവും നികുതി അടയ്ക്കേണ്ട തീയതികൾ അറിയിച്ചുകൊണ്ട് സർക്കാർ വേണ്ടത്ര പ്രചരണം നൽകണം.<br>➢ തൊഴിൽ നികുതിയെ സംബന്ധിച്ച കണക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. | (പ്രത്യേക പരാമർശമില്ല) |
| | 3.2.18. | **സർക്കാരിന്റെ പ്രതികരണം**<br>തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി 2007 മാർച്ച് 13 ന് നടത്തിയ ചർച്ചയിൽ നിഗമനങ്ങളിലും ശുപാർശകളിലും പൊതുവെ അദ്ദേഹം യോജിപ്പ് പ്രകടിപ്പിച്ചു. | |

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2006 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക 4.6, 4.10 പരാമർശങ്ങളിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദീകരണ പത്രിക

| ക്രമ. നമ്പർ | ഖണ്ഡിക | പരാമർശ ഖണ്ഡിക | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 4.6 | വെള്ളക്കരത്തിൻമേൽ ഒഴിവാക്കാമായിരുന്ന സർചാർജ്ജും പിഴപ്പലിശയും<br><br>നിശ്ചിത സമയത്ത് വെള്ളക്കരം അടയ്ക്കുന്നതിലും കേടായ വാട്ടർ മീറ്റർ മാറ്റിവയ്ക്കുന്നതിലും വയനാട് ജില്ലാ പഞ്ചായത്ത് വരുത്തിയ വീഴ്ച 83.78 ലക്ഷം രൂപയുടെ ഒഴിവാക്കാമായിരുന്ന സർചാർജ്ജും പിഴപ്പലിശയും ഒടുക്കുന്നതിനിടയാക്കി.<br><br>1994 ലെ പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് 1995 ഒക്ടോബർ ഒന്നുമുതൽ പ്രാബല്യത്തോടെ മാനന്തവാടിയിലുള്ള ജില്ലാ ആശുപത്രി വയനാട് ജില്ലാ പഞ്ചായത്തിന് സംസ്ഥാന ആരോഗ്യ വകുപ്പ് കൈമാറി. വെള്ളക്കരവും വൈദ്യുതി ചാർജ്ജും അടയ്ക്കുന്നതുൾപ്പെടെ ആശുപത്രിയുടെ സംരക്ഷണവും പരിപാലനവും അങ്ങനെ 1995 ഒക്ടോബർ മുതൽ ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലായി. വെള്ളക്കരം കുടിശ്ശിക വരുത്തിയതിനും കേടായ വാട്ടർമീറ്റർ മാറ്റി സ്ഥാപിക്കാത്തതിനും അനുബന്ധം X-ൽ വിശദമാക്കിയിരിക്കുന്നതുപോലെ കേരള ജല അതോറിറ്റി 83.78 ലക്ഷം രൂപ പിഴ ചുമത്തി. ജില്ലാ പഞ്ചായത്ത് അടയ്ക്കേണ്ട വെള്ളക്കരത്തിൽ 4.01 ലക്ഷം രൂപ ആശുപത്രി ജില്ലാ പഞ്ചായത്തിനു കൈമാറുന്നതിനു മുമ്പുള്ള കാലയളവിലേതായിരുന്നു.<br><br>വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കാത്തതിന് 1998 ഡിസംബറിലെയും 1999 ജനുവരിയിലെയും വെള്ളക്കരത്തിന്റെ 50% നിരക്കിലും അതിനുശേഷം 100% നിരക്കിലും കണക്കാക്കിയ സർചാർജ്ജ് 28.18 ലക്ഷം രൂപയായിരുന്നു. സർചാർജ്ജ് അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയതിന് 2% നിരക്കിൽ 29.13 ലക്ഷം രൂപ പിഴയും ഈടാക്കി. അങ്ങിനെ 4147 രൂപ വിലയുള്ള വാട്ടർമീറ്റർ മാറ്റി സ്ഥാപിക്കാത്തത് 57.31 ലക്ഷം രൂപയുടെ ഒഴിവാക്കാമായിരുന്ന സർചാർജ്ജും അതിൻമേലുള്ള പിഴയും (28.18 ലക്ഷം രൂപ+29.13 ലക്ഷം രൂപ) ഒടുക്കുന്നതിൽ കലാശിച്ചു.<br><br>1993 ഒക്ടോബർ മുതൽ 2005 മെയ് വരെയുള്ള കാലയളവിൽ ഡിമാന്റ് ചെയ്ത 1.24 കോടി രൂപയിൽ 4.46 ലക്ഷം രൂപ ബാക്കി നിർത്തികൊണ്ട് 1.19 കോടി രൂപ 2006 മെയ് മാസം വരെ ജില്ലാ പഞ്ചായത്ത് അടച്ചിട്ടുണ്ട്. വാട്ടർമീറ്റർ സമയത്തിന് മാറ്റി സ്ഥാപിച്ചിരുന്നെങ്കിൽ സർചാർജ്ജും അതിന്മേലുള്ള പിഴയും ഒഴിവാക്കാമായിരുന്നു. 2006 മെയ് മാസത്തിൽ വാട്ടർമീറ്റർ മാറ്റി | ജില്ലാ ആശുപത്രി ജില്ലാ പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനമാണെങ്കിലും ആശുപത്രിയുടെ ദൈനംദിന നിർവ്വഹണം നടത്തുന്നത് ജില്ലാ ആശുപത്രി സൂപ്രണ്ടും ജില്ലാ മെഡിക്കൽ ഓഫീസറുമാണ്. സമയാ സമയത്ത് അടക്കേണ്ട വെള്ളക്കരം അടക്കുകയും അത് സംബന്ധിച്ച പ്രശ്നങ്ങൾ ജില്ലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യേണ്ടത് ജില്ലാ ആശുപത്രി അധികാരികളാണ്. മാനന്തവാടി ജില്ലാ ആശുപത്രിയിൽ 1993 ഒക്ടോബർ 10 മുതൽ ആശുപത്രിയിലെ വാട്ടർ മീറ്റർ (കൺസ്യൂമർ നമ്പർ 184 എം) റീഡിംഗ് എടുത്തിട്ടില്ലെന്ന് കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ജില്ലാ ആശുപത്രി സൂപ്രണ്ടിന് ഇത് സംബന്ധിച്ച് നൽകിയ കത്തിൽ തന്നെ സമ്മതിച്ചിട്ടുണ്ട്. ഇങ്ങനെ മീറ്റർ റീഡിംഗ് എടുക്കാതെയാണ് ആശുപത്രിയിൽ ഉപയോഗിച്ച വെള്ളത്തിന്റെ കണക്ക് തിട്ടപ്പെടുത്തി ചാർജ്ജ് ഈടാക്കി യിട്ടുള്ളതെന്ന് ആശുപത്രി സൂപ്രണ്ട് എഴുതി അറിയിച്ചിട്ടുണ്ട്. ഈ ഇനത്തിൽ മുൻപ് അടച്ച വെള്ളക്കരം പലതും പിഴ പലിശ ഇനത്തിലാണ് വാട്ടർ അതോറിറ്റി അധികാരികൾ വരവ് വെച്ചിട്ടുള്ളതെന്നും മനസിലായതായി ആശുപത്രി സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>വാട്ടർ അതോറിറ്റിയുടെ നോട്ടീസ് പ്രകാരമുള്ള പിഴ പലിശ ഉൾപ്പെടെയുള്ള കുടിശ്ശിക തീർക്കാതിരുന്നാൽ പിന്നോക്ക ജില്ലയായ വയനാട് ജില്ലയിലെ ആദിവാസികളും പാവപ്പെട്ടവരുമായി നിരവധി രോഗികൾ നിത്യേന ആശ്രയിച്ചു പോരുന്ന ഈ ജില്ലാ ആശുപത്രിയിലേക്കുള്ള വാട്ടർ കണക്ഷൻ വിഛേദിക്കപ്പെട്ടാൽ ഉണ്ടാകാവുന്ന ഗുരുതരമായ വിപത്തുകൾ കണക്കിലെടുത്താണ് ഫണ്ട് ലഭ്യമായ മുറക്ക് തന്നെ വെള്ളക്കരം അടവ് വരുത്തിയതെന്നും ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. കെ.എച്ച്.ആർ.ഡബ്ല്യു.എസ് പേവാർഡ്, ആർ.എം.ഒ ക്വാർട്ടേഴ്സ്, നേഴ്സിംഗ് ക്വാർട്ടേഴ്സ് ആശുപത്രി കാന്റീൻ എന്നിവയ്ക്കെല്ലാം വേറെ വേറെ വാട്ടർ കണക്ഷനുകളാക്കാൻ നടപടികൾ എടുത്തിട്ടുണ്ടെന്നും സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. വെള്ളക്കരം പിഴപലിശ ഇനത്തിൽ അടവാക്കിയ തുക |

| | | | |
|---|---|---|---|
| | | സ്ഥാപിച്ചെങ്കിലും ജല അതോറിറ്റി സർചാർജ്ജ് ചുമത്തുന്നത് തുടർന്നുകൊണ്ടിരുന്നു. 2006 ഓഗസ്റ്റിൽ ഇക്കാര്യം ജല അതോറിറ്റിയുടെ ശ്രദ്ധയിൽ (2006 ഓഗസ്റ്റ്)പെടുത്തിയെങ്കിലും 2006 സെപ്റ്റംബർ വരെ അവർ നടപടിയൊന്നും എടുത്തില്ല.<br><br>വെള്ളക്കരം സമയത്തിനു നൽകുന്നതിലും കേടായ വാട്ടർമീറ്റർ മാറ്റി സ്ഥാപിക്കുന്നതിലുമുള്ള വീഴ്ച 93.78 ലക്ഷം രൂപയുടെ ഒഴിവാക്കാമായിരുന്ന പിഴപ്പലിശയും സർചാർജ്ജും ഒടുക്കുന്നതിലേയ്ക്ക് നയിച്ചു.<br><br>ഇക്കാര്യം 2006 ഓഗസ്റ്റിൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തു. മറുപടി ലഭിച്ചിട്ടില്ല(2007 മാർച്ച്) | തിരിച്ചു കിട്ടുന്നതിനുവേണ്ട നടപടിക്രമത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണെന്നും ജില്ലാ ആശുപത്രി സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുൻവർഷങ്ങളിൽ സർക്കാരിൽ നിന്നും വേണ്ടത്ര ഫണ്ട് ലഭിക്കാതിരുന്നതുകൊണ്ട് വെള്ളക്കരം കുടിശ്ശികയാകാൻ കാരണമായിട്ടുണ്ടെന്നും ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | 4.9 | **സ്വകാര്യ വാട്ടർ കണക്ഷൻ നൽകിയതിലുള്ള ഒഴിവാക്കാമായിരുന്ന ചെലവ്.**<br>സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് സ്വജൽധാര പദ്ധതിയിൽ 35453 ഗുണഭോക്താക്കൾക്ക് സ്വകാര്യ വാട്ടർ കണക്ഷനുകൾ നൽകുന്നതിനുവേണ്ടി രണ്ടു ജില്ലാ പഞ്ചായത്തുകൾ 1.62 കോടി രൂപ ചെലവഴിച്ചു.<br>ജലവിതരണ ശുചീകരണ മേഖലകളിൽ പരിഷ്കരണങ്ങൾ ലക്ഷ്യമിട്ട് ഭാരത സർക്കാരിന്റെ ധനസഹായത്തോടെ 2000 ഡിസംബറിലും 2001 ജനുവരിയിലും യഥാക്രമം കാസർകോഡ്, കൊല്ലം ജില്ലകളിൽ മേഖലാപരിഷ്കരണ പൈലറ്റ് പദ്ധതിക്ക് തുടക്കം കുറിച്ചു. സുസ്ഥിര സംവിധാനങ്ങളും ഉറവിടങ്ങളും വികസിപ്പിക്കുകയും ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിലെ ജലഗുണ നിലവാരത്തിന്റെ തുടർനിരീക്ഷണം, മേൽനോട്ടം, സമൂഹ പങ്കാളിത്തം എന്നിവ സ്ഥാപനവത്ക്കരിക്കുകയും വഴി ഗ്രാമീണ ജനസമൂഹത്തിന് ജലവിതരണ ശുചീകരണ പ്രക്രിയകളിൽ സുസ്ഥിരമായ ബന്ധം ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2004 ഏപ്രിൽ ഒന്നുമുതൽ സ്വജൽധാര 2 എന്ന് പുനർനാമകരണം ചെയ്യപ്പെട്ട ഈ പദ്ധതി 2006 മാർച്ച് 31 ന് അവസാനിച്ചു. രണ്ടു ജില്ലകളിൽ 771 ശുദ്ധജല വിതരണ പദ്ധതികൾ ഏറ്റെടുത്ത സ്ഥാനത്ത് 35453 വീടുകളുടെയും 111 വിദ്യാലയങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ട് 749 എണ്ണം പൂർത്തീകരിക്കുകയുണ്ടായി. ഇതിനുവേണ്ടി ചെലവഴിച്ച തുക 54.79 കോടി രൂപയും അതിൽ 49.87 കോടി രൂപ കേന്ദ്രസർക്കാർ വിഹിതം ബാക്കി ഗുണഭോക്തൃ വിഹിതം,ജില്ലാ പഞ്ചായത്തു വിഹിതം, ബാങ്ക് അക്കൗണ്ടിൽ നിന്നും ലഭിച്ച പലിശ എന്നിവയും ആയിരുന്നു.<br>ജില്ലാ പഞ്ചായത്തുകളാണ് ഈ പദ്ധതിയുടെ നിർവ്വഹണം ഏകോപിപ്പിച്ചത്. പദ്ധതി നടത്തിപ്പിന്റെ മൊത്തത്തിലുള്ള മേൽ നോട്ടത്തിന് വേണ്ടിയും ഇതുമായി ബന്ധപ്പെട്ട വിവിധ സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നതിനും ഓരോ ജില്ലയിലും | **<u>കൊല്ലം ജില്ലാ പഞ്ചായത്ത്</u>**<br>കൊല്ലം ജില്ലാ പഞ്ചായത്തിന് സ്വജൽധാര പദ്ധതിയുമായി നേരിട്ട് ബന്ധമില്ല. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ പി.എസ്.യു.വാണ് പദ്ധതി നടപ്പിലാക്കുന്നതെങ്കിലും നിർദ്ദേശങ്ങൾ പ്രകാരം പി.എസ്.യു. പദ്ധതി ഏറ്റെടുത്ത് ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുകയും പദ്ധതി പൂർത്തിയാക്കുന്ന ഘട്ടത്തിൽ ഗുണഭോക്തൃസമിതിക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ നേതൃത്വത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിനാൽ പ്രൈവറ്റ് കണക്ഷൻ അനുവദിച്ചതായി കാണുന്നില്ല. ഗൈഡ് ലൈൻ പ്രകാരം പദ്ധതിചെലവിനുള്ള തുക ബെനഫിഷ്യറി കമ്മിറ്റി അംഗങ്ങളിൽ നിന്നും ഈടാക്കും. പദ്ധതിയുടെ തുടർപ്രവർത്തനം, കറന്റ് ചാർജ്ജിനുള്ള തുക എന്നിവ ബെനഫിഷ്യറീസിൽ നിന്നും ലഭിക്കുന്ന സഹായത്തിന്റെ അടിസ്ഥാനത്തിലാണ് നടക്കുന്നത്. അതിനാൽ സ്വകാര്യ വ്യക്തികൾക്ക് കണക്ഷൻ നൽകി എന്ന പരാമർശം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.<br>**<u>കാസർഗോഡ് ജില്ലാ പഞ്ചായത്ത്</u>**<br>പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ അവരുടെ വിഹിതമായി മൊത്തം ചെലവിന്റെ 10 ശതമാനം തുക നൽകിയാണ് പദ്ധതി പൂർത്തീകരിച്ചത്. മറ്റ് പദ്ധതികളിൽ നിന്നും വ്യത്യസ്ഥമായി ആവശ്യാധിഷ്ഠിത സമീപനം (Demand Responsive Approach) അനുവർത്തിച്ച ഈ പദ്ധതിയുടെ നിർമ്മാണം ഏറെ സുതാര്യവും ചെലവ് വളരെ കുറവുമായിരുന്നു. ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം തന്നെ ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുക. (improving access to safe drinking water) എന്നതായിരുന്നു. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്ഥമായ ആവാസ വ്യവസ്ഥയാണ് (habitation) |

| | | | |
|---|---|---|---|
| | | ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഒരു പ്രോജക്ട് സപ്പോർട്ട് യൂണിറ്റ് രൂപീകരിച്ചിരുന്നു.<br>സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച (2000 ഡിസംബറിലും, 2001 ജനുവരിയിലും) മാർഗ്ഗ നിർദ്ദേശങ്ങളുടെ അനുബന്ധം 1-ലെ ബി1 വകുപ്പ് പ്രകാരം 70 ശതമാനം വീടുകളും പദ്ധതിയിൽ നിന്നുള്ള ധനസഹായം ഇല്ലാതെ തന്നെ സ്വകാര്യ വാട്ടർ കണക്ഷൻ തെരഞ്ഞെടുക്കുമെന്ന് പ്രതീക്ഷിക്കുന്നതായും ബാക്കി വീടുകൾക്ക് പൊതു ടാപ്പുകളുടെ സേവനം പ്രയോജനപ്പെടുത്താമെന്നും വിവക്ഷിച്ചിരുന്നു. ഇതിന് വിരുദ്ധമായി കൊല്ലവും, കാസർഗോഡും ജില്ലകളിൽ യഥാക്രമം 15161-ഉം, 20292-ഉം ഗുണഭോക്താക്കൾക്ക് സൗജന്യമായി സ്വകാര്യ കണക്ഷൻ നൽകിയെന്ന് മാത്രമല്ല പൊതു ടാപ്പുകളൊന്നും തന്നെ സ്ഥാപിച്ചുമില്ല. ഇത് മൂലം ഉണ്ടായ ഒഴിവാക്കാമായിരുന്ന ചെലവ് 1.62 കോടി രൂപയാണ് (അനുബന്ധം XI).<br>ഇക്കാര്യം ആഡിറ്റ് ചൂണ്ടിക്കാണിച്ചപ്പോൾ കൊല്ലം കാസർഗോഡ് ജില്ലാ പഞ്ചായത്തുകൾ എല്ലാ ഗുണഭോക്തൃ ഭവനങ്ങൾക്കും സ്വകാര്യ കണക്ഷൻ നൽകിയതായി സമ്മതിച്ചു (2006 ജൂൺ). പൊതു ടോപ്പുകൾ സ്ഥാപിച്ചാൽ ഗുണഭോക്താക്കളല്ലാത്തവർ പദ്ധതിയിൻ കീഴിലുള്ള സൗകര്യങ്ങൾ ഉപയോഗിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്താൻ സാദ്ധ്യമല്ലാത്തത് കൊണ്ടാണ് ഇങ്ങനെ ചെയ്തത് എന്നാണ് മറുപടി. പ്രോജക്ട് തുക ഉപയോഗിച്ച് സ്വകാര്യ വാട്ടർ കണക്ഷൻ നൽകുന്നത് അനധികൃതമായത് കൊണ്ട് ഈ മറുപടി നിലനിൽക്കത്തക്കതല്ല.<br>ഇക്കാര്യം സർക്കാരിലേക്ക് 2007 ജനുവരിയിൽ റിപ്പോർട്ട് ചെയ്തു അതിനുള്ള മറുപടി ലഭിച്ചിട്ടില്ല (2007 മാർച്ച്). | കേരളത്തിലുള്ളത്. മറ്റ സംസ്ഥാനങ്ങളിൽ ഗ്രാമീണ മേഖലയിലെ ജനങ്ങൾ ഒരു പ്രത്യേക സ്ഥലത്ത് അടുത്തടുത്ത വീടുകളിൽ തിങ്ങിപ്പാർത്ത് താമസിക്കുന്ന (township) അവസ്ഥയുള്ളപ്പോൾ കേരളത്തിൽ ജനങ്ങൾ ഗ്രാമ, നഗര വ്യത്യാസമില്ലാതെ സ്വന്തം പുരയിടങ്ങളിൽ വീട് വച്ച് താമസിക്കുന്ന സാമൂഹ്യ സാഹചര്യമാണ് ഉള്ളത്. കുടിവെള്ളത്തിനായുള്ള സാഹചര്യം മെച്ചപ്പെടുത്തുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പരമാവധി 200 മുതൽ 250 മീറ്റർ വരെ ദൂരത്തിനുള്ളിൽ നിന്നും വെള്ളം ലഭ്യമാക്കുകയെന്നതാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ തിങ്ങിപ്പാർക്കുന്ന ആവാസ വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ ഗുണഭോക്താക്കൾക്കായി പൊതു ടാപ്പുകൾ സ്ഥാപിക്കുന്നത് പ്രായോഗികമാണ്. എന്നാൽ സ്വന്തം പുരയിടങ്ങളിൽ താമസിക്കുന്ന സാമൂഹിക സാഹചര്യം നിലനിൽക്കുന്ന കേരളത്തിൽ ഇപ്രകാരം പൊതു ടാപ്പുകൾ സ്ഥാപിക്കുക എന്നത് പ്രയോജനകരമാവില്ല. ഇങ്ങനെ പൊതു ടാപ്പുകൾ സ്ഥാപിക്കുന്ന പക്ഷം ജനങ്ങൾക്ക് മേൽപ്പറഞ്ഞ ദൂരപരിധിയിൽ നിന്നും കുടിവെള്ളം ലഭിക്കാതെയും വരും. അല്ലാത്തപക്ഷം പൊതുടാപ്പുകളുടെ എണ്ണത്തിൽ വൻവർദ്ധന ആവശ്യമായി വരും. ഇത് വ്യാപകമായ രീതിയിൽ ഗുണഭോക്താക്കളല്ലാത്തവരുടെ ഭാഗത്ത് നിന്നുള്ള ദുരുപയോഗത്തിനും തദ്വാരാ പദ്ധതിയുടെ ഗുണഭോക്താക്കൾക്കിടയിലുള്ള ഉടമസ്ഥതാ മനോഭാവം (Sense of ownership) ഇല്ലാതാവുകയും ചെയ്യും. ഇതിനുപുറമേ കുടിവെള്ള പദ്ധതികളുടെ കാര്യക്ഷമമായ തുടർ നടത്തിപ്പ്, പരിപാലനം എന്നിവ ഈ സാഹചര്യത്തിൽ ഉറപ്പ് വരുത്താനുമാവില്ല. മേൽപ്പറഞ്ഞ സാമൂഹ്യസാഹചര്യം കണക്കിലെടുത്ത് സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ പ്രോജക്ട് നിർവ്വഹണത്തിനായി രൂപീകരിച്ച അപ്പക്സ് കമ്മിറ്റി, ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റിയറിംഗ് കമ്മിറ്റി എന്നിവയുടെ |

| | | | |
|---|---|---|---|
| | | | അറിവോടെയാണ് കേരളത്തിൽ സെക്ടർ റിഫോംസ്, സ്വജൽ ധാര പദ്ധതി നിർവ്വഹണം നടത്തിയത്. പദ്ധതിയിലുൾപ്പെട്ടവർ ഗുണഭോക്തൃ വിഹിതം നൽകുന്ന സാഹചര്യത്തിൽ പൊതു ടാപ്പുകൾ എന്നത് യാതൊരു കാരണവശാലും സ്വീകരിക്കപ്പെട്ടില്ല. ഈ പദ്ധതിയുടെ ഭാഗമായി നൽകിയിട്ടുള്ള ടാപ്പുകൾ ഗുണഭോക്താക്കളുടെ വീട്ടിനുള്ളിൽ നൽകിയിട്ടില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പകരം ഗുണഭോക്താവിന്റെ വീട്ട് മുറ്റത്താണ് ടാപ്പ് സ്ഥാപിച്ചിട്ടുള്ളത്. സ്വകാര്യ കണക്ഷൻ എന്ന പരിഗണന ഇതിന് നൽകാമെങ്കിൽ വീട്ടിനുള്ളിൽ ടാപ്പ് സ്ഥാപിക്കാൻ ഗുണഭോക്താക്കൾ താൽപര്യം പ്രകടിപ്പിക്കുമായിരുന്നു. കേരളത്തിലെ സാമൂഹ്യ സാഹചര്യം കണക്കിലെടുത്താൽ ഭൂരിഭാഗം ഗുണഭോക്താക്കളും താമസിക്കുന്നത് ഏതെങ്കിലും ഒരു പൊതു റോഡിന്റെ സമീപത്തല്ല മറിച്ച് കുന്നിൻ ചരിവിലും താഴ്വരകളിലുമാണ്. ഇക്കാരണത്താൽ തന്നെ ഇവർക്ക് ഏറെ ദൂരം സ്വകാര്യ ഭൂമിയിൽക്കൂടിയോ മറ്റോ സഞ്ചരിച്ച് മാത്രമേ പൊതു റോഡിൽ എത്താനാവൂ. ഈ സാഹചര്യത്തിൽ പൊതു റോഡിൽ സ്ഥാപിക്കുന്ന പൊതു ടാപ്പുകൾ എന്ന ആശയം യാതൊരു കാരണവശാലും പ്രായോഗികമാകുന്നില്ല. ചുരുക്കത്തിൽ പ്രോജക്ട് വിഭാവനം ചെയ്യുന്ന സുരക്ഷിതമായ കുടിവെള്ളം ലഭ്യമാകുന്നതിനുള്ള സൗകര്യം വർദ്ധിപ്പിക്കുക (improve access to safe drinking water) എന്നത് സ്വന്തം ഭൂമിയിൽ കണക്ഷൻ എത്തുന്നതിലൂടെ മാത്രമേ സാദ്ധ്യമാവൂ. സെക്ടർ റിഫോം, സ്വജൽ ധാര പദ്ധതികളുടെ പ്രത്യേക പദ്ധതി നിർവ്വഹണം സംബന്ധിച്ച എല്ലാ കാര്യങ്ങളിലും ഗുണഭോക്താക്കൾക്ക് വിവേചനാധികാരവും സ്വാതന്ത്ര്യവും നൽകി എന്നതാണ്. ഇക്കാര്യത്തിൽ ഗുണഭോക്താക്കളുടെ താൽപര്യം സംരക്ഷിച്ചുകൊണ്ടുള്ള നടപടിയാണ് നിർവ്വഹണ ഏജൻസിയായ ജില്ലാ പഞ്ചായത്ത് എടുത്തിട്ടുള്ളത്. പദ്ധതി നിർവ്വഹണ കാലയളവിൽ അവലോകനത്തിനായി എത്തിയ |

| | | | |
|---|---|---|---|
| | | | കേന്ദ്ര - സംസ്ഥാന ഗവൺമെന്റുദ്യോഗസ്ഥർ ഈ വക കാര്യങ്ങളിലെ ജില്ലാ പഞ്ചായത്തിന്റെ മാതൃക എടുത്ത് പറഞ്ഞിട്ടുള്ളതും ശ്രദ്ധേയമാണ്. കാസറഗോഡ് ജില്ലയിൽ പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളുടെ ശരാശരി ചെലവ് അടങ്കൽ തുകയും 85 ശതമാനത്തിനുള്ളിലായിരുന്നതിനാൽ ഈ ഇനത്തിൽ 6 കോടി രൂപയിൽപരം ലാഭിക്കാൻ കഴിഞ്ഞിരുന്നു. ഈ തുക ഉപയോഗിച്ച് കൂടുതലായി 50-ൽ പരം പുതിയ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാനായി എന്നതും എടുത്ത് പറയത്തക്ക നേട്ടമാണ്. 73-ാം ഭരണഘടന ഭേദഗതിയിലൂടെ കുടിവെള്ളം പഞ്ചായത്തുകളുടെ വിഷയമാണ്. ഈ സാഹചര്യത്തിൽ ജനങ്ങളുടെ ഉത്തമ താൽപര്യവും കുടിവെള്ള വിതരണ സംവിധാനത്തിന്റെ സുസ്ഥിരതയും സംരക്ഷണവും മുൻനിർത്തി പഞ്ചായത്തിരാജ് ആക്ടിലെ സെക്ഷൻ 250 പ്രകാരം കാസർഗോഡ് ജില്ലാ പഞ്ചായത്ത് അനുവർത്തിച്ച പ്രോജക്ട് നിർവ്വഹണ രീതി അംഗീകരിച്ച് സ്വകാര്യ വാട്ടർ കണക്ഷനുകൾ നൽകിയെന്ന പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |

MINIMOL
Additional Secretary to Govt.
Local Self Government Dept
Govt. Secretariat, Tvpm

| ക്രമ. നമ്പർ | ഖണ്ഡിക | പരാമർശ ഖണ്ഡിക | സ്വീകരിച്ച നടപടി |
|---|---|---|---|
| 2 | 4.10 | തടയണ നിർമ്മിച്ചതിലുള്ള നിഷ്ഫലമായ ചെലവ്<br><br>ലിഫ്റ്റ് ഇറിഗേഷനുള്ള സൗകര്യം ഉൾപ്പെടുത്താതെ നാടുകാണിപ്പുഴയുടെ കുറുകെ തടയണ നിർമ്മിക്കാനുള്ള ഒരു പദ്ധതിയുടെ വികലമായ രൂപീകരണം വയനാട് ജില്ലാ പഞ്ചായത്തിന് 39.13 ലക്ഷം രൂപയുടെ നിഷ്ഫലമായ ചെലവിലേയ്ക്ക് നയിച്ചു.<br><br>പുഴയോരത്തുള്ള 187 ഹെക്ടർ കൃഷിഭൂമിയുടെ ജലസേചനത്തിനു വേണ്ടി 42.50 ലക്ഷം രൂപ മതിപ്പു ചെലവിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ ചീക്കല്ലൂരിൽ നാടുകാണിപ്പുഴയുടെ കുറുകെ തടയണ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി 2001–02 ൽ വയനാട് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുകയുണ്ടായി. 39.13 ലക്ഷം രൂപ ചെലവിൽ ഗുണഭോക്തൃസമിതി തടയണയുടെ നിർമ്മാണം 2003 ആഗസ്റ്റിൽ പൂർത്തിയാക്കി. ജലസേചനം നടത്തേണ്ട ഭൂമി ഉയർന്ന തട്ടിലായിരുന്നതു കൊണ്ട് മോട്ടോറും പമ്പുസെറ്റും ഉപയോഗിച്ച് ജലം മുകൾത്തട്ടിലെ ഭൂമിയിലെത്തിക്കേണ്ടത് ഈ പദ്ധതിയുടെ ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമായിരുന്നു. പമ്പുസെറ്റ് സ്ഥാപിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റിൽ വകയിരുത്താതിരുന്നത് കാരണം നിർമ്മാണം പൂർത്തിയായി മൂന്നു വർഷം കഴിഞ്ഞിട്ടും ജലസേചനത്തിനു വേണ്ടി ഈ തടയണ ഉപയോഗപ്പെടുത്തുവാൻ ജില്ലാ പഞ്ചായത്തിന് കഴിഞ്ഞില്ല. പദ്ധതി കൊണ്ടുദ്ദേശിച്ച ഗുണഫലങ്ങൾ ലഭിക്കാത്തതുകൊണ്ട് 39.13 ലക്ഷം രൂപയുടെ ചെലവ് വ്യർത്ഥമായി. ലിഫ്റ്റ് ഇറിഗേഷനുള്ള സൗകര്യം ഉൾപ്പെടുത്താതെയുള്ള തടയണ നിർമ്മാണം സൂചിപ്പിക്കുന്നത് ആസൂത്രണത്തിലുള്ള പിഴവാണ്. ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം നിർമ്മിച്ചിട്ടില്ലെന്ന് (2006 ഒക്ടോബർ) ജില്ലാ പഞ്ചായത്ത് അറിയിച്ചു.<br>ഇക്കാര്യം 2006 ഓഗസ്റ്റിൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ട് മറുപടി ലഭിച്ചിട്ടില്ല. | പാഴ്ചെലവ്–നിഷ്ഫലമായ ചെലവ്<br>ചീക്കല്ലൂർ പുഴയിൽ ചെക്ക് ഡാം<br><br>വേനൽ കാലത്തും വറ്റാത്ത വരദൂർ പുഴയിലെ ചീക്കല്ലൂർ എന്ന സ്ഥലത്ത് 22 മീറ്റർ വീതിയും അഞ്ച് മീറ്ററോളം ആഴവുമുള്ള ഭാഗത്താണ് 3.50 മീറ്റർ ഉയരത്തിൽ ചെക്ക് ഡാം പണിതിരിക്കുന്നത്. ചെക്ക് ഡാമിൽ വെള്ളം സംഭരിക്കുന്നതോടെ പുഴയിൽ ഒരു കിലോ മീറ്റർ ദൂരം വരെ ജല നിരപ്പ് ഉയരുന്നതാണ്. ഫണ്ടിന്റെ അപര്യാപ്തതമൂലം ചെക്ക്ഡാമിന് അനുബന്ധമായി ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം ഏർപ്പെടുത്താൻ ജില്ലാ പഞ്ചായത്തിന് തനത് വർഷം സാധ്യമായിരുന്നില്ല. ചെക്ക് ഡാം നിർമ്മിക്കുന്നതിനു മുൻപ് പ്രദേശവാസികൾക്ക് വെള്ളം കൃഷിക്കുപയോഗിക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ ജല സമൃദ്ധിമൂലം പ്രദേശവാസികൾ സ്വന്തമായി പമ്പിംഗ് സംവിധാനം ഏർപ്പെടുത്തി കൃഷിക്കുപയോഗിക്കുന്നതിനാൽ ചുറ്റുപാടുമുള്ള അധികമായി കിടക്കുന്ന ഭൂമി കാർഷിക വിളകളാൽ സമൃദ്ധമായിട്ടുണ്ട്. അതുകൊണ്ടു തന്നെ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് ബോധ്യപ്പെടുന്നു.<br><br>കാലാവസ്ഥ വ്യതിയാനം ഉൽപാദന ചെലവ്, നാണ്യ വിളകളുടെ വിലയിടിവ് തൊഴിലാളി ക്ഷാമം എന്നിവ മൂലം ജില്ലയിലെ കർഷകരിൽ ഭൂരിഭാഗവും നെൽകൃഷിയിൽ നിന്ന് പിന്നോട്ട് പോവുകയും നെൽകൃഷി ചെയ്തിരുന്ന ഭൂരിഭാഗം വയലുകളും തെങ്ങ്, കവുങ്ങ്, വാഴ, ഇഞ്ചി മുതലായ മറ്റ് വിളകളിലേയ്ക്ക് മാറുകയും ചെയ്തതിനാൽ ഇനി ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം നടപ്പാക്കുന്നത് ഉചിതമായിരിക്കില്ല എന്ന് കണ്ടതിനാൽ ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം ഇതുവരെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ പ്രദേശവാസികൾ സ്വന്തം നിലക്ക് ചെക്ക് ഡാമിൽ നിന്നും വെള്ളം പമ്പ് ചെയ്ത് കൃഷിക്ക് ഉപയോഗിക്കുന്നുണ്ടെന്നും, അതി രൂക്ഷ മായ വരൾച്ച നേരിടുന്ന സമയത്തും ചെക്ക് ഡാമിന് സമീപത്തുള്ള ജല സ്രോതസ്സുകൾ ജലത്താൽ സമൃദ്ധമായിരിക്കുന്നു എന്നും ബോധിപ്പിക്കുന്നു. വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ ബന്ധപ്പെട്ടവർ എടുക്കുന്നത് അപ്പപ്പോൾ |

| | | | |
|---|---|---|---|
| | | | നിലവിലുള്ള സ്ഥിതിഗതികൾ പരിഗണിച്ചും സർക്കാരിന്റെ ഭാവി പരിപാടികളും നയവും കണക്കിലെടുത്തും; ഭാവിയിലുണ്ടാകാൻ സാദ്ധ്യതയുള്ള ആവശ്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ടുമാണ്. പലതരത്തിലുള്ള അപ്രതീക്ഷിത ഘടകങ്ങൾ കാരണം ഈ കണക്കുകൂട്ടലുകൾ തെറ്റാം, പദ്ധതി പരാജയപ്പെടാം. അങ്ങിനെ വരുമ്പോൾ പദ്ധതിക്കായി ചിലവഴിച്ച പണം പാഴ്ചെലവായി എന്ന് കണക്കാക്കൽ യുക്തിസഹമല്ല. അറിഞ്ഞുകൊണ്ടും, ദുരുദ്ദേശത്തോടെയും തെറ്റായ തീരുമാനങ്ങൾ കൈകൊണ്ട് പദ്ധതി പണം ചെലവഴിച്ച് സർക്കാരിന് നഷ്ടം വരുത്തിവയ്ക്കുന്ന സന്ദർഭങ്ങളിൽ പാഴ് ചെലവായി കണക്കാക്കുന്നതിൽ തെറ്റില്ല. എന്നാൽ ഇവിടെ ചെക്ക് ഡാം നിർമ്മാണത്തിൽ കാര്യമാത്രമായ ക്രമക്കേടുകൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. ഇങ്ങനെ വരുമ്പോൾ പദ്ധതിക്കു വേണ്ടി ചെലവഴിച്ച തുക പാഴ് ചെലവാണെന്ന ഓഡിറ്റ് നിരീക്ഷണം യുക്തിസഹമല്ല.<br>മേൽ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കി തരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. |

KRUPANANDAN K.R.
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat
Thiruvananthapuram